# സാന്ത്വനപ്രകാശം

പാലാ രൂപത ബുള്ളറ്റിൻ



ഒക്ടോബർ 16
വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാൾ

Vol. LXXI October 2021 No.5



എട്ടുനോമ്പ് തിരുനാളിനോടനുബന്ധിച്ച് കുറവിലങ്ങാട് മർത്ത്മറിയം
മേജർ ആർക്കിഎപ്പിസ്കോപ്പൽ ആർച്ചുഡീക്കൻ തീർത്ഥാടന ദൈവാലയത്തിൽ
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്
വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകുന്നു.



അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ 'യൂദകഥാമഞ്ജരി',
അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ 'കാലവും സനാതനസത്യങ്ങളും'
എന്നീ പുസ്തകങ്ങളുടെ പ്രകാശനകർമ്മം പാലാ ബിഷപ്സ് ഹൗസിൽവച്ച് നടന്നപ്പോൾ.

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14 – 16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപത ബുള്ളറ്റിൻ

**OCTOBER 2021**
**Vol. LXXI No. 5**

# CONTENTS


സർക്കുലർ .......................................................................... 603

കച്ചേരിക്കാര്യം .......................................................................... 606

അറിയിപ്പ് .......................................................................... 607

ലേഖനങ്ങൾ .......................................................................... 610

വാർത്തകൾ .......................................................................... 631

ആദരാഞ്ജലികൾ .......................................................................... 671

വാർത്തകൾ .......................................................................... 674

സർക്കുലർ – 289

# വൈദികരുടെ വാർഷികധ്യാനം

ഈശോയിൽ ഏറ്റവും പ്രിയപ്പെട്ട ബഹു. അച്ചന്മാരേ,

അജപാലകർ എന്ന നിലയിൽ നമ്മുടെ ജീവിതത്തിലെ ഏറ്റവും വിശുദ്ധ ദിനങ്ങളാണല്ലോ വാർഷികധ്യാനദിവസങ്ങൾ. ധ്യാനപ്രസംഗങ്ങളിലൂടെ ഈശോ നമ്മോട് നേരിട്ടു സംസാരിക്കുന്നത് നമുക്കു കേൾക്കാം. സഭയുടെ ജീവനും ജീവിതവും ഈശോയിലുള്ള ഈടുറ്റ വിശ്വാസത്തിലും തികഞ്ഞ പ്രത്യാശയിലുമാണ്. സഭ അജയ്യമാകുന്നത് നമ്മുടെ ശുശ്രൂഷയും സമർപ്പണവും ഈശോ കേന്ദ്രിതമാകുമ്പോൾ മാത്രമാണ്. വാർഷികധ്യാനത്തിലൂടെ നമുക്ക് ദൈവവചന – ആരാധനാ ജീവിതത്തിനും അജപാലനശുശ്രൂഷയ്ക്കും അവശ്യമായ ഊർജം സ്വീകരിക്കുകയും വിശ്വാസത്തിലും സ്നേഹത്തിലും ജ്വലിച്ചു നിൽക്കുവാനുള്ള പുതുചൈതന്യം നേടുകയും ചെയ്യാം. വളരെ പ്രതിസന്ധികളും പ്രയാസങ്ങളും നിറഞ്ഞ ഈ കാലഘട്ടത്തിലും നിങ്ങൾ ആത്മാർത്ഥതയോടും സന്തോഷത്തോടുംകൂടി ചെയ്തുകൊണ്ടിരിക്കുന്ന എല്ലാവിധ അജപാലന ശുശ്രൂഷകളെയും പരിശ്രമങ്ങളെയും ദൈവസന്നിധിയിൽ സമർപ്പിക്കുന്നു.

ഈ വർഷം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഒന്നിച്ചുകൂടി വാർഷികധ്യാനം നടത്താൻ നാം ശ്രമിച്ചിരുന്നു. എന്നാൽ, അതിനു സാധിക്കാത്ത ഒരു സാഹചര്യമാണ് ഇപ്പോഴും നമുക്കുള്ളതെന്ന് അറിയാമല്ലോ. ആയതിനാൽ, കഴിഞ്ഞ വർഷം നടത്തിയതുപോലെ ഈ വർഷവും Zoom Application - ലൂടെ നമ്മുടെ വാർഷികധ്യാനം നടത്താൻ വേണ്ട ക്രമീകരണമാണു ചെയ്തിരിക്കുന്നത്.

വിൻസെൻഷ്യൻ സഭയുടെ സെന്റ് ജോസഫ്സ് പ്രോവിൻസിന്റെ പ്രൊവിൻഷ്യാൾ പെരിയ ബഹു. മാത്യു കക്കാട്ടുപിള്ളി അച്ചനായിരിക്കും വാർഷികധ്യാനം നയിക്കു

ന്നത്. 2021 ഒക്ടോബർ മാസം 04 മുതൽ 07 വരെയുള്ള തീയതികളിലാണ് (തിങ്കൾ, ചൊവ്വാ, ബുധൻ, വ്യാഴം) ധ്യാനം ക്രമീകരിച്ചിരിക്കുന്നത് എന്നുള്ളത് അറിയാമല്ലോ. ഓരോ ദിവസവും ഇന്ത്യൻ സമയം വൈകുന്നേരം 5 മണി മുതൽ രാത്രി 8.30 വരെയുള്ള സമയത്താണ് ധ്യാനപ്രസംഗങ്ങൾ നല്കുന്നത്. നിശ്ചിതസമയത്താണ് ധ്യാനപ്രസംഗങ്ങളെങ്കിലും ആ നാലു ദിനങ്ങൾ പൂർണമായും പ്രാർത്ഥനയ്ക്കും വചനപഠനത്തിനുമായി നമുക്ക് നീക്കിവയ്ക്കാം.

കുമ്പസാരത്തിനുള്ള അവസരം അതതു ഫൊറോനായിൽ 06-ാം തീയതി ബുധനാഴ്ച ഉച്ചകഴിഞ്ഞ് മൂന്നു മണി മുതൽ (കോവിഡ്19 ന്റെ പശ്ചാത്തലത്തിൽ നിലവിലുള്ള നിയന്ത്രണങ്ങൾ പാലിച്ച്) ക്രമീകരിക്കുകയും അന്നേ ദിവസത്തെ ധ്യാനം അവിടെവച്ച് കൂടുന്നതിനും അത്താഴം ഒരുമിച്ച് കഴിക്കുന്നതിനും വേണ്ട ക്രമീകരണവും പെരിയ ബഹു. ഫൊറോനാ വികാരിയച്ചന്മാർ ചെയ്യുമല്ലോ.

കഴിഞ്ഞ വാർഷികധ്യാനത്തിനുശേഷം നിര്യാതരായ -Rev Frs. Joseph Kochayyamkanal, Joseph Kizhakkekara, Vincent Kalariparampil, Sebastian Thegumpally, Thomas Kalathipullattu, Augustine Kolath, Mathew Illimoottil, Sebastian Cherukarakunnel, Joseph Kavumpuram and John Kariapuram, James Vennaippillil എന്നീ പത്ത് അച്ചന്മാരെ അനുസ്മരിച്ച് 06-ാം തീയതി ബുധനാഴ്ച രാവിലെ രൂപതാകേന്ദ്രത്തിൽ വി. കുർബാന അർപ്പിക്കുന്നതാണ്.

Zoom Application ലൂടെ ധ്യാനത്തിൽ പങ്കെടുക്കുവാൻ സാങ്കേതികമായ അസൗകര്യമോ മറ്റെന്തെങ്കിലും ബുദ്ധിമുട്ടോ ഉള്ളവർക്ക് ഫൊറോനാകേന്ദ്രത്തിൽ അതിനുള്ള സൗകര്യം ഉണ്ടായിരിക്കും (അത്തരം സാഹചര്യമുള്ളവർ മുൻകൂട്ടി ഫൊറോനാകേന്ദ്രത്തിൽ അറിയിക്കണം). Zoom Application നുമായി ബന്ധപ്പെട്ട മറ്റുവിവരങ്ങൾ (ID & Password ഉൾപ്പെടെ) രൂപതാകേന്ദ്രത്തിൽനിന്നു തുടർന്നും നിങ്ങളുടെ

E-mail, നമ്മുടെ രൂപതാവൈദികരുടെ WhatsApp Group (Eparchy of Palai) എന്നിവവഴി നല്കുന്നതാണ്.

ബഹു. അച്ചന്മാർ എല്ലാവരും (രൂപതയ്ക്കുള്ളിലും രൂപതയ്ക്കുപുറത്തും വിദേശത്തുമുള്ളവർ ഉൾപ്പെടെ) ഒരേ സമയം ഒറ്റബാച്ചായിട്ടാണല്ലോ Online വഴിയുള്ള ഈ വാർഷികധ്യാനത്തിലേക്കു പ്രവേശിക്കുന്നത്. ദൈവജനത്തോടുള്ള നമ്മുടെ ഉത്തരവാദിത്വം വിശുദ്ധിയോടും കരുതലോടും ആനന്ദത്തോടുംകൂടി നിർവ്വഹിക്കുവാൻ വിശുദ്ധ ജോൺ മരിയ വിയാനിയുടെയും വിശുദ്ധ അൽഫോൻസാമ്മയുടെയും വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെയും മാധ്യസ്ഥ്യം നിരന്തരം തേടണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 28-09-2021

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

---

1. വാർഷിക ധ്യാനത്തെ സംബന്ധിച്ച് ബഹു. വികാരിയച്ചന്മാർ ഇടവകസമൂഹത്തെ അറിയിക്കുകയും ബഹു. വൈദികർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ അഭ്യർത്ഥിക്കുകയും ചെയ്യുമല്ലോ.

2. നമ്മുടെ വാർഷികധ്യാനത്തെ സംബന്ധിച്ച് ഫൊറോനാ കേന്ദ്രത്തിലെ ക്രമീകരണങ്ങൾ പെരി. ബഹു. ഫൊറോനാ വികാരിയച്ചന്മാർ ഫൊറോനായുടെ പരിധിയിൽ വരുന്ന ബഹു. വൈദികരെ ഓർമ്മപ്പെടുത്തുമല്ലോ.

3. വാർഷികധ്യാനം സംബന്ധിച്ചുള്ള ആവശ്യമായ മറ്റ് അറിയിപ്പുകളും നിർദ്ദേശങ്ങളും യഥാസമയം നൽകുന്നതാണ്.

# കച്ചേരിക്കാര്യം

## Transfer & Appointments (August & September 2021)

| No. | Rev. Fr. | Office | With effect from |
|---|---|---|---|
| 1. | Kuzhinjalil Joseph | New Residence at Domus Josaphat, Mar Sleeva Medicity Pala, Cherpunkal | 05.08.2021 |
| 2. | Inchakuzhiyil Augustine | Licentiate Studies in Theology Santa Croce University, Rome | 02.09.2021 |
| 3. | Maniangattu Joseph | Licentiate Studies in Theology Gregorian University, Rome | 17.09.2021 |
| 4. | Moolakarayil Joseph ISCH | Relieved from Asst. Vicar, Muttuchira | 23.09.2021 |
| 5. | Edettu John | Study, German Language Course and Residence at Bishop's House Palai | 25.09.2021 |
| 6. | Vattamukalel Kuriakose | Secretary to H.E. Mar Joseph Kallarangatt, Bishop of Palai | 25.09.2021 |
| 7. | Manarkattu Joseph | Asst. Vicar, Muttuchira | 25.09.2021 |
| 8. | Vadayattukuzhy George | Asst. Vicar, Palai Cathedral | 25.09.2021 |
| 9. | Kadhaliyil Joseph | Licentiate Studies in Theology at Santa Croce University, Rome | 01.10.2021 |
| 10. | Vadakkethakidiyel Kuriakose | Relieved from Vicar, Kavaly to continue Ph.D Course at Annamalai University, Tamilnadu | 02.10.2021 |
| 11. | Koonanickal Joseph | Vicar, Kavaly | 02.10.2021 |
| 12. | Kattackal Jacob | Residence at Mar Aprem Priest Home, Pala | |

# പാലാ ഹോം പ്രോജക്ട്

**സെപ്റ്റംബർ**

| | സാമ്പത്തികസഹായം ലഭിച്ചവർ | Amount From Centre | Amount From Parish |
|---|---|---|---|
| 1 | തങ്കച്ചൻ ചേർപ്പുങ്കൽ | | 620000 |
| 2 | ഷാജി കുറവിലങ്ങാട് | 5000 | |
| 3 | ജൂബിൻ ജോസ് കുളമാവ് | 50000 | |
| 4 | എം.ജെ. ജോസഫ് ഇടമറ്റം | 30000 | |
| 5 | ജോർജ്<br>വിൻസെന്റ് ഡീ പോൾ & ചർച്ച് രാമപുരം | | 275000 |
| 6 | മനു<br>വിൻസെന്റ് ഡീ പോൾ & ചർച്ച് രാമപുരം | | 89000 |
| 7 | അന്നക്കുട്ടി<br>വിൻസെന്റ് ഡീ പോൾ & ചർച്ച് രാമപുരം | | 750000 |
| 8 | സോഫിയ<br>മാർ ആഗസ്തീനോസ് കോളജ് & ചർച്ച്, രാമപുരം | | 740770 |
| 9 | സുരേഷ്<br>മാർ ആഗസ്തീനോസ് കോളജ് & ചർച്ച്, രാമപുരം | | 603200 |
| 10 | ജോയി<br>മാർ ആഗസ്തീനോസ് കോളജ് & ചർച്ച്, രാമപുരം | | 123300 |
| 11 | സെന്റ് മേരീസ് ചർച്ച് ലാളം ഓൾഡ് | 200000 | |
| 12 | എം.ജെ. മാത്യു മണങ്ങാട്ടുതടത്തിൽ, വലവൂർ | | 905000 |
| 13 | റോബി റ്റി.സി. തുമ്പനാൽ ഓരത്ത്, മണ്ണാറപ്പാറ | 336200 | |

**ഫാ. കുര്യാക്കോസ് വെള്ളച്ചാലിൽ**
എക്സിക്യൂട്ടീവ് ഡയറക്ടർ

**മോൺ. ജോസഫ് മലേപറമ്പിൽ**
കോർഡിനേറ്റർ

# മാർ സ്ലീവാ മെഡിസിറ്റി പാലാ

**മാർ സ്ലീവാ മെഡിസിറ്റി പാലാ മൂന്നാം വർഷത്തിലേക്ക്**

പ്രവർത്തനനിരതമായ രണ്ടു വർഷം പൂർത്തിയാക്കി കേരളത്തിന്റെ ആരോഗ്യരംഗത്ത് അഭിമാനമായി മാർസ്ലീവാ മെഡിസിറ്റി പാലാ. രണ്ടാം വാർഷികത്തോടനുബന്ധിച്ച് ആശുപത്രിയുടെ സേവനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി രണ്ടാം ടവറിന്റെ ആശീർവാദകർമ്മം ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. സർവ്വസജ്ജമായ 150 മുറികൾ, പൊള്ളൽചികിത്സ ഐസിയു, അവയവ മാറ്റിവയ്ക്കൽ ഐസിയു, ഐസൊലേഷൻ ഐസിയു, മെഡിക്കൽ ഐസിയു, അന്തർദേശീയനിലവാരമുള്ള 18 സ്യൂട്ട് റൂമുകൾ എന്നിവ രണ്ടാം ടവറിൽ ഒരുക്കിയിട്ടുണ്ട്.

**മാർ സ്ലീവാ മെഡിസിറ്റി പാലായുടെ സൗജന്യ ചികിത്സാ പദ്ധതി - പുനർജനി**

പാലായിലും പരിസരപ്രദേശങ്ങളിലുമുള്ള നിരവധി അനാഥ - കാരുണ്യകേന്ദ്രത്തിൽ കഴിയുന്ന നാനാജാതിമതസ്ഥരായ പാവങ്ങൾക്ക് വിദഗ്ധ ഡോക്ടർമാർ അവിടെ നേരിട്ടെത്തി സൗജന്യ ചികിത്സയും മരുന്നും നൽകുന്ന പദ്ധതിയായ പുനർജനി ആരംഭിച്ചു. മാസത്തിലെ നിശ്ചിത ഇടവേളകളിൽ വിദഗ്ധ ഡോക്ടർമാരും സംഘവും ഈ അനാഥകേന്ദ്രങ്ങളെല്ലാം സന്ദർശിക്കും.

**മാർ സ്ലീവാ മെഡിസിറ്റി പാലായിൽ കോവിഡ് ഫൈറ്റേഴ്സ് വീണ്ടും ആരംഭിക്കുന്നു.**

ഏറെ ജനപ്രീതി നേടിയ കാരുണ്യപദ്ധതിയായ കോവിഡ് ഫൈറ്റേഴ്സിന്റെ (വീടുകളിൽ ചെന്ന് സൗജന്യമായി ചികിത്സിക്കുന്ന പദ്ധതി) പ്രവർത്തനം മാർ സ്ലീവാ മെഡിസിറ്റി വീണ്ടും ആരംഭിക്കുന്നു. ഇതിനായി കൂടുതൽ സൗകര്യങ്ങളോടുകൂടിയ ടീമിനെ സജ്ജമാക്കികഴിഞ്ഞു. പാവപ്പെട്ട മുഴുവൻ പേർക്കും തികച്ചും സൗജന്യമായി കോവിഡ് വാക്സിനേഷൻ നൽകുന്ന 'ഞങ്ങളുണ്ട് കൂടെ' മെഗാവാക്സിനേഷൻ ക്യാമ്പും നടത്തും.

**രണ്ടാം വാർഷികാഘോഷത്തിന്റെ ഭാഗമായി ജീവനക്കാർക്ക് ഇൻഷുറൻസ് പരിരക്ഷയൊരുക്കി മാർസ്ലീവാ മെഡിസിറ്റി, പാലാ**

എല്ലാ സ്റ്റാഫ് അംഗങ്ങൾക്കും ആക്സിഡന്റ് & ട്രീറ്റ്മെന്റ് ഇൻഷുറൻസ് പരിരക്ഷയൊരുക്കി മാർ സ്ലീവാ മെഡിസിറ്റി പാലാ.

പോളിസി രേഖകൾ ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട് ആശുപത്രിയിലെ ചീഫ് ഹ്യൂമൻ റിസോഴ്സ് ഓഫീസർ ശ്രീ ടോണി മാനുവലിനു നൽകി വിതരണോദ്ഘാടനം നിർവഹിച്ചു. ജീവനക്കാർക്കായി കഴിഞ്ഞ വർഷം ഏർപ്പെടുത്തിയ 'കോവിഡ് കവച്' ഇൻഷുറൻസ് പരിരക്ഷ കോവിഡിന്റെ പശ്ചാത്തലത്തിൽ വളരെയേറെ സഹായകരമായിരുന്നു.

**New Doctors list (September)**

ഡോ. അനു മേരി ബോസ്
- കൺസൽട്ടന്റ് - മൈക്രോബയോളജി

ഡോ. സോൻസ് പോൾ
- അസ്സോസിയേറ്റ് കൺസൽട്ടന്റ് - ഓങ്കോളജി

ഡോ. ശുഭലക്ഷ്മി എം എസ്
- സീനിയർ രജിസ്ട്രാർ - ഗൈനക്കോളജി

ഡോ. ആര്യ ബാബു
- രജിസ്ട്രാർ - ജനറൽ & ലാപ്റോസ്കോപിക് സർജറി

**മോൺ. ഏബ്രഹാം കൊല്ലിത്താനത്തുമലയിൽ**
മാനേജിങ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി പാലാ

ലേഖനം

# കട്ടക്കയത്തിൽ വലിയ ചാണ്ടിയച്ചൻ പാലായിലെ സിംഹനാദവും മാന്നാനത്തെ മഹർഷിശബ്ദവും

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**

സുറിയാനിപൈതൃകത്തിന്റെ ഉർവരമായ മീനച്ചിൽ താലൂക്കിലെ കട്ടക്കയം തറവാട്ടിലെ അസ്തമിക്കാത്ത സൂര്യനാണ് ഭാഗ്യസ്മരണാർഹനായ വലിയ ചാണ്ടിയച്ചൻ (1828 – 1909). അതിസമർത്ഥരായ കത്തനാർമാരുടെ പിതൃഗൃഹമാണ് കട്ടക്കയം. പ്രതിഭകളുടെ സംഗമവേദിയാണത്. ആഴത്തിൽ വേരുകളുള്ള വൃക്ഷങ്ങളേ ഉയരത്തിൽ വളർന്നു ശാഖകൾ വിടർത്തി പന്തലിക്കുകയുള്ളൂ. കട്ടക്കയം കത്തനാർമാരുടെ ഔന്നിത്യം എളുപ്പത്തിൽ അളക്കാനുള്ള വാരക്കോൽ നമ്മുടെ പക്കൽ കാണില്ല. വലിയ ചാണ്ടിയച്ചൻ കേവലം ഒരു വ്യക്തിയല്ല, ഒരു 'ദിശാബോധ'മാണ്. വണ്ണംകൊണ്ടും പൊക്കംകൊണ്ടും ബുദ്ധികൊണ്ടും വലിയ ആൾ തന്നെയായിരുന്നു. ഗാംഭീര്യവും ലാവണ്യവും തിളങ്ങുന്ന മുഖഭാവം അദ്ദേഹം നയിച്ച മൂല്യാധിഷ്ഠിത ജീവിതത്തിന്റെ മികവാണു വ്യക്തമാക്കുന്നത്.

ഭക്തരായ മാതാപിതാക്കളും ശക്തരായ കത്തനാർമാരും ചാണ്ടിക്കുഞ്ഞിനു വളരാനുള്ള വളക്കൂറുള്ള മണ്ണായിരുന്നു. തമിഴ്ഭാഷയിൽ അസാധാരണപാണ്ഡിത്യം നേടിയ മാത്തുക്കത്തനാരുടെ പക്കൽനിന്നു തമിഴും, സുറിയാനിഭാഷയുടെ മറുകര കണ്ട ഇട്ടിമാത്തൻ കത്തനാരിൽനിന്നു സുറിയാനിയും കരസ്ഥമാക്കി. ഈ ഭാഷകളിൽ വ്യുത്പത്തി നേടിയപ്പോൾത്തന്നെ ചാണ്ടിക്കുഞ്ഞ് എല്ലാവരുടെയും ശ്രദ്ധാവിഷയമായി. പാലാ, മാന്നാനം സെമിനാരികളിൽ വൈദികപരിശീലനം നേടിയ ചാണ്ടിശ്ശെമ്മാശ്ശൻ 1845 ൽ ലുദ്‌വിക്കോസ് മെത്രാനിൽനിന്ന് ആസ്ഥപ്പാടുപട്ടവും 1851 ൽ അഞ്ചാംപട്ടവും 1853 ൽ കശീശാപ്പട്ടവും സ്വീകരിച്ചു. 1853 മാർച്ച് 17–ാം തീയതി പാലാപ്പള്ളിയിൽ പുത്തൻ കുർബാന അർപ്പിച്ചു.

**മാന്നാനം കൊവേന്തയിൽ**

പഠിപ്പിച്ചവരോ കുടുംബാംഗങ്ങളോ ആരും ചിന്തിക്കാത്ത ഒരു വഴിയിലേക്ക് കൊച്ചച്ചൻ മാറി മാന്നാനം ആശ്രമത്തിൽ ചേർന്നു. മാന്നാനം കൊവേന്തയിൽ ആദ്യം പറഞ്ഞൊപ്പു നടത്തിയ പതിനൊന്നുപേരിൽ ഒരാളായിരുന്നു ചാണ്ടിയച്ചൻ. അമ്മാവന്മാരായ മാത്തുക്കത്തനാരും ഇട്ടിമാത്തൻ കത്തനാരും അദ്ഭുതപ്പെട്ടു. ഈ മാറ്റത്തിലൂടെ സംഭവബഹുലമായ ഒരു ജീവിതത്തിലേക്ക് അദ്ദേഹം മാറുകയായിരുന്നു.

ചാണ്ടിയച്ചന്റെ കഴിവുകൾ മനസ്സിലാക്കിയ വരാപ്പുഴയിലെ ബർണർദീനോസ് മെത്രാൻ വൈദികവിദ്യാർത്ഥികളുടെ ആത്മീയോപദേഷ്ടാവായും മെത്രാസനപ്പള്ളിയിലെ പ്രസംഗകനായും നിയമിച്ചു. മാന്നാനത്തിനുവേണ്ടിയുള്ള നിയമാവലിയും പിതാവ് അച്ചനെ ഏല്പിച്ചു. 1855 ൽ മാന്നാനത്തിനു തിരികെ വന്ന് ധ്യാന (ജ്ഞാന) പ്രസംഗടീമിന്റെ നേതാവായി.

ചാണ്ടിയച്ചൻ 1865 ൽ കൂനമ്മാവിലേക്കു പോയി. അവിടെയാണ് കുര്യാക്കോസ് ചാവറയച്ചനും ലയോപോൾഡച്ചനും താമസിച്ചിരുന്നത്. ഈ സഹവാസം ചാണ്ടിയച്ചന്റെ ജീവിതത്തെ കൂടുതൽ ധന്യമാക്കി. കൂനമ്മാവ്, മുത്തോലി ആശ്രമങ്ങളുടെ നിർമാണപ്രവർത്തനങ്ങൾക്കായി സർവവിധേനയും ചാണ്ടിയച്ചൻ സഹായിച്ചു. നിർമാണപ്രവർത്തനങ്ങളിൽ പ്രാഗല്ഭ്യം തെളിയിച്ചു.

**ഏലിയാസ് മേലൂസ് മെത്രാൻ കേരളത്തിൽ**

1874 ഒക്ടോബർ രണ്ടിന് മാർ ഏലിയാസ് മേലൂസ് കേരളത്തിലെത്തി. ഇത് പരിശുദ്ധ സിംഹാസനത്തിന്റെ അറിവോടെയായിരുന്നില്ല. തൃശൂരുകാർ മേലൂസിന് ആവേശപൂർവമായ സ്വീകരണം നൽകി. ഇതിനുമുമ്പ് 1861 മെയ് ഒമ്പതിന് കേരളത്തിലെത്തിയ കൽദായ കത്തോലിക്ക മെത്രാനായിരുന്നു മാർ റോക്കോസ് (മാർ തോമ്മ). തദവസരത്തിൽ ചാവറയച്ചൻ വരാപ്പുഴ വികാരി ജനറാൾ ആയിരുന്നു. അനധികൃതമായിട്ടായിരുന്നു റോക്കോസ് എത്തിയതെന്ന് റോമിൽനിന്ന് അറിയിപ്പു കിട്ടി. 1861 സെപ്റ്റംബർ ഏഴിന് പാത്രിയാർക്കീസ്, റോക്കോസിനെ തിരികെ വിളിച്ചു. തനതായ മെത്രാനെ കിട്ടാനുള്ള ആഗ്രഹം റോക്കോസ് നസ്രാണികളുടെ ഇടയിൽ വളർത്തി.

മാർ റോക്കോസിനെ എതിർത്തതുപോലെ മേലൂസിനെതിരായും പ്രസംഗിക്കാൻ ചാണ്ടിയച്ചൻ ഏൽത്തുരുത്തിലേക്കുപോയി. മാർ റോക്കോസിനെ തിരിച്ചയയ്ക്കാൻ പ്രയത്നിച്ചവരിൽ മുഖ്യനായിരുന്നു ചാണ്ടിയച്ചൻ. 1886 ൽ ലെയോ മോയ്റിൻ മെത്രാൻ എഴുതി: "മാന്നാനത്തുനിന്ന് അയച്ച വിശദാംശങ്ങളോടുകൂടിയ കത്തു കിട്ടിയെന്നും ഇന്നലെ വിശ്വാസതിരുസംഘത്തിന്റെ തലവനായ കർദിനാൾ സിമയോണിക്ക് അത് അയച്ചുവെന്നും ബഹുമാനപ്പെട്ട ചാണ്ടിയച്ചനോടു പറയുക. നിങ്ങളുടെ സഭ ഒരു പ്രത്യേക രൂപതയാകും." രണ്ടു വികാരിയാത്തുകൾ സ്ഥാപിക്കപ്പെടുന്നതിന് എട്ടു മാസം മുമ്പുള്ള കത്താണിത്.

1861 ൽ ഏൽത്തുരുത്തിൽ റോക്കോസ് ശീശ്മയ്ക്കെതിരേ പ്രസംഗിച്ചു പോരാടാൻ ചാണ്ടിയച്ചൻ അയയ്ക്കപ്പെട്ടു. ശക്തമായ എതിർപ്പുകൾ ഉണ്ടായെങ്കിലും വിജയിച്ചു. 1865 ൽ കൂനമ്മാവിലെത്തി കേരളത്തിലെ ആദ്യത്തെ കന്യാമഠം ആരംഭിച്ചു. തുടർന്ന് അമ്പഴക്കാട്, മുത്തോലി, കൊഴുവനാൽ എന്നിവിടങ്ങളിലും മഠങ്ങൾ സ്ഥാപിച്ചു. പിന്നീട് മേലൂസ് മെത്രാൻ വന്നപ്പോഴും ചാണ്ടിയച്ചനെ നിയോഗിച്ചു. തൃശൂർ മേലൂസ് കീഴ്പ്പെടുത്തിയപ്പോൾ കത്തോലിക്കർക്കായി ചാണ്ടിയച്ചൻ സ്ഥാപിച്ച പള്ളിയാണ് റൊട്ടിപ്പള്ളി എന്നറിയപ്പെടുന്നത്. 1876 ൽ മാന്നാനം പള്ളി വികാരിയായി ചുമതലയേറ്റു. മൊയ്റിൻ മെത്രാനെ മാന്നാനത്തു സ്വീകരിച്ചു യോഗം ഗംഭീരമാക്കി.

മുത്തോലി കർമലീത്താമഠം ആരംഭിക്കുന്നത് അദ്ദേഹം മാന്നാനത്തു വികാരിയായിരിക്കുമ്പോഴാണ്. മാന്നാനം ഹൈസ്കൂൾ, ദീപിക പത്രം തുടങ്ങിയവയൊക്കെ ഈ കാലഘട്ടത്തിന്റെ സംഭാവനകളാണ്. 1885 ൽ മാന്നാനത്ത് പ്രിയോരായി. മോൺ. ലവീഞ്ഞ് മെത്രാന്റെ ആലോചനക്കാരിൽ ഒരാളായിരുന്നു ചാണ്ടിയച്ചൻ. സുറിയാനിക്കാർക്ക് വികാരിയാത്തുകൾ സ്ഥാപിച്ചപ്പോൾ അവയിലേക്കു വികാരി അപ്പസ്തോലിക്കാമാരായി കർമലീത്താക്കാരെ നിയോഗിക്കണമെന്ന അഭിപ്രായത്തോട് ചാണ്ടിയച്ചൻ വിയോജിച്ചു. സഭയുടെ നിയമാവലി പരിഷ്കരണക്കമ്മറ്റിയിൽ അംഗമായി. 1902 ൽ കർമലീത്താസഭയ്ക്ക് സ്വയംഭരണം ലഭിക്കുകയും തുടർന്ന് പ്രിയോർ ജനറലായി ചാണ്ടിയച്ചനെ തിരഞ്ഞെടുക്കുകയും ചെയ്തു. 1905 ൽ രണ്ടാം തവണയും പ്രിയോർ ജനറലായി തിരഞ്ഞെടുക്കപ്പെട്ടു.

**വചനപ്രഘോഷകൻ**

ചാണ്ടിയച്ചൻ നസ്രാണികളുടെ ഇടയിൽ മാത്രമല്ല, മറ്റു മതധാര കളുമായും നല്ല ബന്ധം പുലർത്തി. കേരളം കണ്ട ഏറ്റവും നല്ല വചനപ്രഘോഷകരിൽ ഒരാളായിരുന്നു വലിയ ചാണ്ടിയച്ചൻ. ചാവറയച്ചനും പോരൂക്കരയച്ചനും ചാണ്ടിയച്ചനും ഒറ്റ ടീമായി പ്രവർത്തിച്ചു. കാടിളക്കി ചാണ്ടിയച്ചൻ പ്രസംഗിച്ചു. അദ്ദേഹം പ്രസം ഗിക്കാത്ത പള്ളികൾതന്നെ ചുരുക്കമായിരിക്കും. ഇടിമു ഴക്കംപോലുള്ള ശബ്ദം. സിംഹഗർജനമായിരുന്നെങ്കിലും മാധുര്യ മുള്ള സ്വരമായിരുന്നു. ചാണ്ടിയച്ചനെ കേൾക്കാൻ എല്ലാവരും കൊതിച്ചു. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ കേട്ട് വിശ്വാസികൾ വാവിട്ടു കരഞ്ഞിരുന്നു. യോഹന്നാൻ മാംദാനയുടെ ശൈലിയി ലാണു സംസാരിച്ചിരുന്നത്. വചനപ്രഘോഷണത്തിലൂടെ സഭാനവീ കരണവും കുടുംബസന്ദർശനങ്ങളിലൂടെ കുടുംബങ്ങൾ തമ്മിലുള്ള ഐക്യവും ഉറപ്പിച്ചു. താപസാഭിമുഖ്യമുള്ള പുരോഹിതൻ, സുറി യാനിപണ്ഡിതൻ, സമുദായസ്നേഹി, താരതമ്യങ്ങളില്ലാത്ത വചനോ പാസകൻ, സന്ന്യാസമഠസ്ഥാപകൻ, ശീശ്മകൾക്കു കണ്ഠകോടാ ലി, ആദ്യത്തെ ഏതദ്ദേശീയ പ്രിയോർ ജനറൽ, കൊച്ചിയിലെയും തിരുവിതാംകൂറിലെയും രാജാക്കന്മാർ ആദരിച്ചിരുന്ന മുനിവര്യൻ, വിശ്രമമില്ലാതെ പോരാടിയവൻ, ഏതദ്ദേശീയ മെത്രാന്മാർക്കുവേണ്ടി വാദിച്ചവൻ... ഇങ്ങനെ നീളുന്നു വലിയ ചാണ്ടിയച്ചന്റെ വിശേഷ ണങ്ങൾ.

**കീർത്തിമുദ്രകൾ: രണ്ടാം ശൗരിയാർ**

സംഭവബഹുലമായിരുന്നു ചാണ്ടിയച്ചന്റെ പൗരോഹിത്യ-സ ന്ന്യാസജീവിതകാലം. ഇടവക ധ്യാനപ്രസംഗകൻ എന്ന നിലയിൽ അസാധാരണമായ ഖ്യാതി നേടി. മേലൂസ് ശീശ്മയ്ക്കെതിരേ ദൈവ ശാസ്ത്രപ്രബോധനങ്ങൾ ചാണ്ടിയച്ചൻ ഒന്നിനുപിറകേ ഒന്നായി അവതരിപ്പിച്ചു. വി. കുർബാനയിലും പരിശുദ്ധ സിംഹാസനത്തോ ടുള്ള ബന്ധത്തിലും മർത്ത്മറിയത്തോടുള്ള ഭക്തിയിലും കേന്ദ്രിത മായിരുന്നു ചാണ്ടിയച്ചന്റെ പ്രഭാഷണങ്ങൾ. കുളത്തിൽ കല്ലെറിയു ന്നതുപോലെ മനുഷ്യഹൃദയങ്ങളിൽ അതു ചലനങ്ങൾ സൃഷ്ടി ച്ചുകൊണ്ടിരുന്നു. ഈ പശ്ചാത്തലത്തിലാണ് ചാണ്ടിയച്ചൻ ഡഫ നിത്തോർ ജനറാളായി തിരഞ്ഞെടുക്കപ്പെട്ടത്. 1903 ൽ ഗുരുപ്പട്ട ജൂബി

ലിയും 1905 ൽ വ്രതവാഗ്ദാനജൂബിലിയും ആഘോഷിച്ചു. ആഘോഷവേളയിൽ നിധീരിക്കൽ മാണിക്കത്തനാർ ചാണ്ടിയച്ചനെ ലോകജേതാവായ അലക്സാണ്ടറോട് ഉപമിക്കുകയുണ്ടായി. ജൂബിലി പ്രമാണിച്ച് Croce Bene Mereza എന്ന കീർത്തിമുദ്ര ലിയോ പതിമൂന്നാമൻ പാപ്പാ അയച്ചുകൊടുത്തു. ചാണ്ടിയച്ചന്റെ പ്രസംഗചാതുരി പരിഗണിച്ച് ഡോ. ലവീഞ്ഞ് മെത്രാപ്പോലീത്താ മുൻകൂട്ടി പറഞ്ഞിരുന്നു, "പ്രസംഗമധ്യേ ആയിരിക്കും ചാണ്ടിയച്ചൻ മരിക്കുന്നത്" എന്ന്. അപ്രകാരം സംഭവിക്കുകയും ചെയ്തു.

വിൻസ്റ്റൺ ചർച്ചിലിനെപ്പോലെയാണ് ചാണ്ടിയച്ചനെ എനിക്കു മനസ്സിലാകുന്നത്. സിംഹത്തിന്റെ ഹൃദയത്തോടെ തീരുമാനമെടുക്കുക, ഇടയന്റെ ഹൃദയത്തോടെ തീരുമാനങ്ങൾ നടപ്പാക്കുക. ഉറച്ച തീരുമാനങ്ങളുടെയും ഇടയനടുത്ത സ്നേഹമസൃണമായ പെരുമാറ്റത്തിന്റെയും ഉടമയായിരുന്നു ചാണ്ടിയച്ചൻ. ചാണ്ടിയച്ചൻ പ്രിയോർ ജനറൽ ആയിരിക്കുമ്പോൾ ദീർഘവീക്ഷണത്തോടെ യോഗാർത്ഥികൾക്കു ശിക്ഷണം നൽകി. പതിറ്റാണ്ടുകൾ നസ്രാണിസഭയെ സ്നേഹിക്കുന്ന നൂറുകണക്കിനു വൈദികരെ സഭയ്ക്കു സമ്മാനിച്ചു. അഗാധപണ്ഡിതനായിരുന്ന ചാണ്ടിയച്ചൻ 'കുസുമമകുടം' എന്ന ഗ്രന്ഥം രചിച്ചു.

**രാജാക്കന്മാരുടെ സൗഹൃദം**

അറിവും കഴിവുമുള്ള ചാണ്ടിയച്ചനെ പരിചയപ്പെട്ടപ്പോൾ രാജാക്കന്മാർക്കും വിദേശികൾക്കും ഒരുപോലെ മതിപ്പുതോന്നി. വജ്രവും മരതകവും മാണിക്യവും വിളയുന്ന അപൂർവം സമതലപ്രദേശങ്ങളും നദീതടങ്ങളുമുണ്ട്. കട്ടക്കയത്തെ തിളങ്ങുന്ന മാണിക്യമാണ് വലിയ ചാണ്ടിയച്ചൻ. നേതൃത്വത്തിൽ ഒരു രണ്ടാം മോശതന്നെയാണ്. അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളെല്ലാം നവോത്ഥാനത്തിന്റെ വഴിവിളക്കുകളായിരുന്നു. കുലീനനായ തന്ത്രജ്ഞനും വിവേകമുള്ള തന്ത്രജ്ഞന്മാരെ കണ്ടെത്തുന്നവനുമായിരുന്നു ചാണ്ടിയച്ചൻ.

രാജാക്കന്മാർക്ക് ഇഷ്ടപ്പെട്ട മുനിയായിരുന്നു ചാണ്ടിയച്ചൻ. വിവിധ ഭാഷകളിൽ പ്രാവീണ്യം നേടിയ, മികച്ച മധ്യസ്ഥപാടവവും നയചാതുരിയുമുള്ളവനായിരുന്നു. പ്രസംഗപീഠങ്ങളിൽ മായാത്ത കൈയൊപ്പു ചാർത്തി. ഉറപ്പോടും വെടിപ്പോടുംകൂടി തന്റെ മനസ്സാക്ഷി പറഞ്ഞ സ്വരം കേൾക്കുകയും സുവിശേഷത്തിന്റെ ഇടു

ങ്ങിയ പാതയിലൂടെ സഞ്ചരിക്കുകയും ചെയ്തു. ആയിരക്കണക്കിനു പാപികളെ നീതിനിഷ്ഠയിലേക്കും അതിൽനിന്നു പുണ്യജീവിതത്തിലേക്കും നയിച്ച ചാണ്ടിയച്ചന്റെ നാമം ഉജ്ജ്വലതരംഗംപോലെ മലയാളക്കരയിൽ ഇന്നും ശോഭിക്കുന്നു. അസാധാരണമായ ഒരു നേതൃത്വസംസ്കാരത്തിന്റെ പിതൃത്വം ചാണ്ടിയച്ചനിലുണ്ട്.

തിരുവിതാംകൂർ രാജാവ് ശ്രീമൂലം തിരുനാൾ, മാർത്താണ്ഡവർമ ഇളയരാജാവ്, ബ്രിട്ടീഷ് റസിഡന്റ് ഗ്രാറ്റ് സായിപ്പ്, കേരളവർമ വലിയകോയിത്തമ്പുരാൻ തുടങ്ങിയവരും ചാണ്ടിയച്ചനെ ബഹുമാനിച്ചിരുന്നു. അവരെല്ലാം മാന്നാനത്തെത്തി ചാണ്ടിയച്ചന്റെ ആതിഥ്യം സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് എപ്പോൾ വേണമെങ്കിലും മഹാരാജാവിനെ സന്ദർശിക്കാൻ അനുമതി ലഭിച്ചിരുന്നു. തിരുവനന്തപുരം സെൻട്രൽ ജയിലിലും കുഷ്ഠരോഗാശുപത്രിയിലും വി. കുർബാന അർപ്പിക്കുന്നതിന് അനുമതിയും ലഭിച്ചിരുന്നു. തിരുവനന്തപുരം വലിയകൊട്ടാരലായത്തിൽനിന്ന് ചാണ്ടിയച്ചന്റെ യാത്രയ്ക്കായി ഇരട്ടക്കുതിരവണ്ടിയും അനുവദിച്ചിരുന്നു.

റോക്കോസിനും മേലൂസിനുമെതിരേ നടത്തിയ പ്രഭാഷണങ്ങൾ സഭയിലാകമാനം സംസാരവിഷയമായി. പരിശുദ്ധ പിതാവ് മിഷനറി അപ്പസ്തോലിക്ക എന്ന ബഹുമതി നല്കി ചാണ്ടിയച്ചനെ ആദരിച്ചു. ഡോ. ലവീഞ്ഞ് ഈ കീർത്തിമുദ്ര മാന്നാനത്തുവച്ച് കൊല്ലം മെത്രാൻ ഡോ. ഫെർണാണ്ടസിനെക്കൊണ്ട് വലിയ ഒരു സദസ്സിൽവച്ച് ചാണ്ടിയച്ചനു നല്കി.

**പുതിയ മെത്രാന്മാർക്കു സ്വീകരണം**

1887 ൽ സീറോ മലബാർ സഭയ്ക്ക് രണ്ടു വികാരിയാത്തുകൾ ലഭിച്ചു. പരിശുദ്ധ പിതാവിന്റെ കത്ത് ഇവിടെയുണ്ടായിരുന്ന ഡെലഗേറ്റ് അപ്പസ്തോലിക്കാ ചാണ്ടിമെത്രാനാണ് അയച്ചത്. പ്രധാനമായും, ചാൾസ് ലവീഞ്ഞിനെ കോട്ടയത്തിന്റെ വികാരി അപ്പസ്തോലിക്കയായി നിയമിച്ചതിനെക്കുറിച്ച്, വികാരിയാത്തിലുള്ള പള്ളികളിലേക്ക് ചാണ്ടിയച്ചൻ അറിയിപ്പു നല്കി. 1887 ഡിസംബർ 18 ന് വടക്കാംചേരിയിലെത്തിയ അഡോൾഫ് മെഡ്ലിക്കോട്ടിനെ (തൃശൂർ വികാർ അപ്പസ്തോലിക്കാ) സ്വീകരിക്കാൻ നിധീരിക്കൽ മാണിയച്ചനും ചാണ്ടിയച്ചനുംകൂടി പോയി. തുടർന്ന്, മാന്നാനത്ത് ലവീഞ്ഞ് മെത്രാന്റെ സ്വീകരണത്തിനായി ആലോചനാസമ്മേളനം വിളിച്ചു.

അതിന്റെ തീരുമാനപ്രകാരം നിധീരിക്കൽ മാണിയച്ചനും ചാണ്ടിയച്ചനും പഴേപറമ്പിൽ ജയിംസച്ചനുംകൂടി ഊട്ടക്കമണ്ടിൽ പോയി പുതിയ വികാരി അപ്പസ്തോലിക്കായെ മാന്നാനത്തേക്കു കൊണ്ടുവന്നു. അവിടെ അദ്ദേഹത്തിനു ഗംഭീരമായ സ്വീകരണം നൽകി. ലവീഞ്ഞ് മെത്രാൻ ചുമതലയേറ്റപ്പോൾ അദ്ദേഹത്തിന്റെ നാല് ആലോചനക്കാരിൽ ഒരുവൻ ചാണ്ടിയച്ചനായിരുന്നു.

ഉത്തമമായ സഭൈക്യചിന്തകളും ചാണ്ടിയച്ചനിൽ ഉണ്ടായിരുന്നു. പുലിക്കോട്ടിൽ ഡയനീഷ്യസ് മെത്രാനുമായി ഏറെ ആത്മബന്ധം പുലർത്തിയിരുന്നു. ആന്റണി തൊണ്ടനാട്ടി(1862-1900) നെതിരേ ശബ്ദമുയർത്തി. ആന്റണി തൊണ്ടനാട്ട് മേലൂസ് നല്കിയ മെത്രാൻ വേഷം ധരിച്ച് ഇളംതോട്ടം കേന്ദ്രമാക്കി പ്രവർത്തിച്ചു. പല പള്ളികളും അക്കൂട്ടത്തിൽ ചേരാൻ ആലോചനകൾ മുറുകി.

**അന്ത്യം**

1908 ൽ പ്രിയോർസ്ഥാനത്തുനിന്നു ചാണ്ടിയച്ചൻ വിരമിച്ചു. കഠിനമായ അനാരോഗ്യത്തിലും പള്ളിപ്രസംഗങ്ങൾ അവസാനിപ്പിച്ചിരുന്നില്ല. അവസാനനാളുകളിൽ ആലപ്പുഴ മാർ സ്ലീവാ പള്ളിയിലും, വിളക്കുമാടം (പാലാ) പള്ളിയിലും, തുടർന്ന്, തിടനാട് (പാലാ) പള്ളിയിലും ധ്യാനപ്രസംഗങ്ങൾ നടത്തി. തിടനാട് പള്ളിയിലെ പ്രസംഗത്തിനിടയിൽ ശ്വാസതടസ്സം നേരിട്ടു. തുടർന്ന് മുത്തോലിയിൽ താമസിച്ചു ചികിത്സിച്ചു. അവസാനശ്വാസംവരെ പ്രസംഗിച്ചു. 1909 സെപ്റ്റംബർ 17 ന് മാന്നാനത്ത് എത്തി. ഒക്ടോബർ 7 ന് ഇഹലോകവാസം വെടിഞ്ഞു. ചങ്ങനാശ്ശേരി വികാരി അപ്പസ്തോലിക്കാ മാർ മാക്കീലിന്റെ മുഖ്യകാർമികത്വത്തിൽ സംസ്കാരശുശ്രൂഷകൾ മാന്നാനത്തു നടന്നു.

പ്രസംഗവേദികളിലും ഭരണരംഗങ്ങളിലും ഇതിഹാസം സൃഷ്ടിച്ചാണ് വലിയ ചാണ്ടിയച്ചൻ കടന്നുപോയത്. ഗർജിക്കുന്നവനായിരുന്നെങ്കിലും ഹൃദയാർദ്രമായ സൗമ്യഭാവങ്ങളുടെ ഉടമയും കൂടിയായിരുന്നു. ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടിയാണ് അദ്ദേഹം എല്ലാ ഇടവകയിലും കയറിയിറങ്ങി പ്രസംഗിച്ചത്. സത്യസഭയ്ക്കു വിരുദ്ധമായിട്ടുള്ള ഒരു നിലപാടും സ്വീകരിക്കാൻ ചാണ്ടിയച്ചൻ തയ്യാറല്ലായിരുന്നു. കയ്യിൽ നീണ്ട വടിയും മണിനാദംപോലുള്ള ശബ്ദവും

ദീർഘകായകത്വവുമെല്ലാം ചാണ്ടിയച്ചനെ മനുഷ്യമനസ്സുകളിൽ അനശ്വരനാക്കുന്നു. ഉരുക്കുമനുഷ്യനായിരുന്ന ചാണ്ടിയച്ചന്റെ സഭാത്മകചിന്തകൾ ഇന്നും സൗവർണദ്യുതിയോടെ നിലനില്ക്കുന്നു.

---

NB: 2021 സെപ്റ്റംബർ 9 ലെ ദീപനാളത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട ലേഖനം

ലേഖനം

# കട്ടക്കയം കൊച്ചുചാണ്ടിയച്ചൻ
# വേദശാസ്ത്രനിപുണനും ഭക്തശിരോമണിയും

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**

അഗാധപണ്ഡിതനും ചരിത്രപടുവുമായ ഡോ. പ്ലാസിഡ് പൊടിപാറയുടെ വാക്കുകളോടെ ഈ ലേഖനം ആരംഭിക്കുകയാണ്: "കേരള സുറിയാനി കർമ്മലീത്താസഭയിലെ രണ്ട് ഉജ്ജ്വലതാരങ്ങളാണ് പാലാ കട്ടക്കയം കുടുംബത്തിൽപ്പെട്ട പ്രഗല്ഭരായ വലിയ ചാണ്ടിയച്ചനും കൊച്ചുചാണ്ടിയച്ചനും. രണ്ടു പേരും രണ്ടു പ്രാവശ്യംവീതം പ്രസ്തുത സഭയുടെ പ്രിയോർ ജനറൽമാരായി തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്." കഴിഞ്ഞ ലക്കത്തിൽ കട്ടക്കയം വലിയ ചാണ്ടിയച്ചനെക്കുറിച്ച് എഴുതിയിരുന്നുവല്ലോ. വലിയ ചാണ്ടിയച്ചന്റെ സഹോദരനായ ചെറിയാൻ കട്ടക്കയത്തിന്റെ മകനാണ് കൊച്ചുചാണ്ടിയച്ചൻ (1866 – 1933). പുണ്യശ്ലോകനും ചരിത്രപണ്ഡിതനും സുറിയാനിഭാഷാപ്രേമിയുമായിരുന്ന കൊച്ചുചാണ്ടിയച്ചൻ ലത്തീനും ഇറ്റാലിയനും ഫ്രഞ്ചും നല്ലവണ്ണം വശമാക്കിയിരുന്നു.

മാതാപിതാക്കൾ കുഞ്ഞിനെ ദൈവഭക്തിയിൽ വളർത്തി. പാലായിൽ തെക്കേടത്ത് മാത്തനാശാന്റെ കളരിയിൽ ചേർന്നു സംസ്കൃതം വേണ്ടവിധം പഠിച്ചു. ബുദ്ധികൂർമ്മതയുള്ളവനും പ്രതിഭാശാലിയുമായിരുന്ന ചാണ്ടിക്കുഞ്ഞ്, ആശാന്റെ വത്സലപുത്രനായിരുന്നു. അരോഗദൃഢഗാത്രനായ ചാണ്ടിക്കുഞ്ഞിന് കൂട്ടുകാരുടെ ഇടയിൽ നായകസ്ഥാനമുണ്ടായിരുന്നു. മലയാളം അക്ഷരങ്ങൾ മണലിൽ വിരൽകൊണ്ട് എഴുതിപ്പഠിച്ചുകഴിഞ്ഞപ്പോൾ നാരായംകൊണ്ട് ഓലയിൽ എഴുതാൻ തുടങ്ങി. ജപങ്ങളും പ്രാർത്ഥനകളും ഓലയിൽ എഴുതിപ്പഠിച്ചു.

കട്ടക്കയം തറവാട്ടിലെ മറ്റൊരു കാരണവരായ ഇട്ടിമാത്തച്ചന്റെ (ളാലം പള്ളി വികാരി) കൂട്ടത്തിൽ താമസിച്ച് സുറിയാനി പഠിച്ചു. കൂട്ടത്തിൽ ഇംഗ്ലീഷ് ഭാഷയും വശമാക്കി. ഇട്ടിമാത്തച്ചൻ ളാലത്തുനിന്നു വിരമിച്ചപ്പോൾ വലിയ ചാണ്ടിയച്ചൻ കൊച്ച്ചാണ്ടിയച്ചനെ മാന്നാനത്തേക്കു കൂട്ടിക്കൊണ്ടുപോയി. വലിയ ചാണ്ടിയച്ചനായി

രുന്നു അക്കാലത്ത് മാന്നാനത്തെ ആശ്രമശ്രേഷ്ഠൻ. കർമ്മലീത്താ സഭയിൽ യോഗാർത്ഥിയായി ചേരുകയും നൊവേസ്യേത്തിനായി കൂനമ്മാവ് കൊവേന്തയിലേക്കു പോവുകയും ചെയ്തു.

**റോമിലെ പ്രൊപ്പഗാന്താ കോളജിലേക്ക്**

ഇന്ത്യയിൽ ഒന്നാമത്തെ ഡെലഗേറ്റ് അപ്പസ്തോലിക്കയായിരുന്ന മോൺ. അലിയാർ ദി 1855 ൽ കേരളം സന്ദർശിച്ചു. നസ്രാണികളുടെ അഭിവൃദ്ധിക്കായി സുറിയാനിസഭാംഗങ്ങളെ റോമിൽ പ്രൊപ്പഗാന്തയിൽ വിട്ടു പഠിപ്പിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. പ്ലാസിഡച്ചന്റെ വാക്കുകൾ ശ്രവിക്കാം: “പെരിയ ബഹു. കൊച്ചു ചാണ്ടിയച്ചൻ കേരള സഭാചരിത്രത്തിൽ മായാത്ത മുദ്ര പതിപ്പിച്ചിട്ടുണ്ട്. കരിയാറ്റിൽ മാർ യൗസേപ്പ് മെത്രാപ്പോലിത്തായുടെ കാലശേഷം കഴിഞ്ഞ നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ റോമായിലെ പ്രൊപ്പഗാന്താ കോളജിൽ വൈദികവിദ്യാഭ്യാസം നടത്തിയ ആദ്യത്തെ നാലു കേരളീയരിൽ ഒരാളായിരുന്നു കൊച്ചു ചാണ്ടിയച്ചൻ (കട്ടക്കയം ചാണ്ടി പാലാ, സെബാസ്റ്റ്യൻ പുല്ലൻ ഞാറയ്ക്കൽ, വല്യവീട്ടിൽ അന്തപ്പൻ അമ്പഴക്കാട്, ആലപ്പാട്ട് പൗലോസ് എടത്തുരുത്തി). തിരുവിതാംകൂർ സംസ്ഥാനത്തുനിന്ന് ആദ്യമായി പ്രൊപ്പഗാന്തയിൽ പഠിച്ചവൻ എന്ന അപൂർവബഹുമതി അന്നു കൊച്ചുചാണ്ടിയച്ചനു ലഭിച്ചു. പ്രൊപ്പഗാന്തയിൽ സന്ന്യാസസഭകളിൽപ്പെട്ട വൈദികവിദ്യാർത്ഥികൾക്കു പ്രവേശനമില്ല. മിസ്സത്തിനു (രൂപത) വേണ്ടി പഠിക്കുന്നവർക്കുമാത്രമേ അനുമതി ലഭിക്കൂ. ക.നി.മൂ.സ. മാറ്റി വീട്ടുപേരിൽ അവിടെ ചേർന്നു. അവിടെ ചേരാൻ Juramentum Pontificium എടുക്കണമായിരുന്നു. അതായത്, സന്ന്യാസസഭയിൽ ചേരാതെ മിസ്സത്തിൽ ചേർന്നു ശുശ്രൂഷ ചെയ്തുകൊള്ളാമെന്ന്.

1886 ൽ റ്റിറ്റാനിയ കപ്പലിൽ ബോംബെയിൽനിന്നു കയറി. 21 ദിവസങ്ങൾക്കുശേഷം ഇറ്റാലിയൻ തുറമുഖമായ ബ്രിണ്ടിസിയിലെത്തി. പ്രൊപ്പഗാന്താ കോളജിലായിരുന്ന വർഷങ്ങളിൽ പഠനകാര്യങ്ങളിലും ആത്മീയകാര്യങ്ങളിലും ചാണ്ടി ശെമ്മാശ്ശൻ ഒന്നാമനായിരുന്നു. റോമിൽ വച്ച് ജർമൻ കോളജിൽ താമസിച്ചിരുന്ന ലവീഞ്ഞ് മെത്രാനെ ചാണ്ടി ശെമ്മാശ്ശൻ മലയാളം പഠിപ്പിച്ചു. 1892 ഒക്ടോബർ 30 ന് തിരുപ്പട്ടം സ്വീകരിച്ചു. 1892 ൽത്തന്നെ നാട്ടിലേക്കു

തിരിച്ചു. ആദ്യകുർബാനയർപ്പണസമയത്ത് ചാണ്ടിയച്ചൻ മനസ്സിൽ സൂക്ഷിച്ച ആപ്തവാക്യം Vita Pacifica et mors pacifica - സമാധാനപരമായ ജീവിതവും സമാധാനപരമായ മരണവും - അദ്ദേഹത്തിന്റെ ജീവിതത്തെ മുഴുവനും സ്വാധീനിച്ചു. നാട്ടിൽ തിരിച്ചെത്തിയ ചാണ്ടിയച്ചൻ താമസിയാതെ കർമ്മലീത്താസഭയിൽ ചേരുമെന്ന വാർത്ത പരന്നു. ചങ്ങനാശ്ശേരി അരമനയിലേക്കോ പാലാ ഇടവകയിലേക്കോ പോകാൻ വലിയ താത്പര്യം കാണിച്ചില്ല. എങ്കിലും, ചങ്ങനാശ്ശേരിയിലെത്തി ലവീഞ്ഞ് മെത്രാപ്പോലീത്തായുമായി ആലോചിച്ചപ്പോൾ കർമ്മലീത്താസഭയിൽ ചേരാൻ പ്രോത്സാഹിപ്പിച്ചില്ല. മിസ്സത്തിൽ ചേർന്നു പ്രവർത്തിച്ചാൽ തന്റെ കഴിവുകൾ വിപുലമായ രീതിയിൽ ഉപയോഗപ്പെടുത്താൻ സാധിക്കുമെന്നു പലരുടെയും നിർദേശങ്ങളും ലഭിച്ചു.

ഏറെ എതിർപ്പുകളുണ്ടായിട്ടും കൊവേന്തയിൽത്തന്നെ ചേരാൻ കൊച്ചുചാണ്ടിയച്ചൻ തീരുമാനിച്ചു. കർമ്മലീത്താസഭയിൽ ചേർന്നാലും മിസ്സത്തിന്റെ ഗുണത്തിനുവേണ്ടി ജോലി ചെയ്യാൻ കഴിയുന്നതാണെന്ന് അക്കാലത്ത് പ്രൊപ്പഗാന്തയുടെ സെക്രട്ടറിയായിരുന്ന മോൺ. അയൂത്തിയുടെ സാക്ഷിപ്പ് കർമ്മലീത്തായിൽത്തന്നെ ചേരാൻ പ്രേരകമായി. പരിശുദ്ധ സിംഹാസനം അനുകൂലമായ നിലപാടു സ്വീകരിച്ചതും ഇക്കാരണത്താലാണ്.

**ജനങ്ങൾ കൊടുത്ത അംഗീകാരങ്ങൾ**

മാന്നാനം കേന്ദ്രമാക്കി കൊച്ചുചാണ്ടിയച്ചൻ പ്രവർത്തനങ്ങളാരംഭിച്ചു. കർമലീത്താസഭയുടെ ഉത്തരവാദിത്വമേറിയ സ്ഥാനങ്ങളിലേക്ക് അതിശീഘ്രമെത്തി. 1903 മുതൽ 1933 വരെ കർമ്മലകുസുമം മാസികയിൽ തുടർച്ചയായി എഴുതി. വളരെ വിജ്ഞാനപ്രദമായ ലേഖനങ്ങളാണ് അവയെല്ലാം. ഈ ലേഖനങ്ങളുടെ സമാഹാരമാണ് പിന്നീട്, 'പ്രകാശരേഖകൾ' എന്ന ശീർഷകത്തിൽ പുറത്തിറങ്ങിയ പുസ്തകം. അനേകരുടെ ചിരപ്രതീക്ഷിതമായ ആഗ്രഹമായിരുന്നു ഈ ലേഖനങ്ങളുടെ പുസ്തകരൂപം. ശ്രീ മാത്യു സി. കട്ടക്കയം തയ്യാറാക്കിയ 'വലിയ ചാണ്ടിയച്ചനും കൊച്ചുചാണ്ടിയച്ചനും' എന്ന ഗ്രന്ഥവും (1959) ഏറെ പ്രധാനപ്പെട്ട ഒരു ചരിത്രസമാഹാരമാണ്. പ്രൊപ്പഗാന്തയിലെ വിദ്യാഭ്യാസം, വിവിധ ഭാഷാജ്ഞാനം, പ്രസംഗചാതുരി, അനിതരസാധാരണമായ പുണ്യജീവിതം, ഭക്ത

ശിരോമണി, അഗാധചിന്തകൻ, അജയ്യനായ താർക്കികൻ, ധന്യനായ വചനപ്രഘോഷകൻ, കുടുംബധ്യാനപ്രസംഗകൻ, സമുദായനേതാവ്, സുകൃത മാധുരി കവിഞ്ഞൊഴുകുന്ന നർമഭാഷണങ്ങൾ, വിശാലസമൂഹത്തിന്റെ ഗുണകാംക്ഷി, സംസ്കാരസമ്പന്നൻ, വേദാന്തനിപുണൻ, സുറിയാനിമല്പാൻ, കീർത്തികേട്ട ഉപദേഷ്ടാവ്, വായനക്കാരൻ, ഗുരുഭൂതൻ, ഗ്രന്ഥകർത്താവ്, പത്രാധിപർ, മരിയഭക്തൻ, വി. കുർബാനയുടെ ഭക്തൻ, പുനരൈക്യവക്താവ് (പന്തളം മിഷൻ കേന്ദ്രം) എന്നിങ്ങനെ കൊച്ചുചാണ്ടിയച്ചന്റെ അപദാനങ്ങൾ എത്രവേണമെങ്കിലും പറയാൻ കഴിയും. കുര്യനാട്, ചമ്പക്കുളം, പൂഞ്ഞാർ എന്നീ കൊവേന്തകളുടെ സ്ഥാപകൻ, മാന്നാനം കൊവേന്ത പ്രിയോർ, കർമ്മലീത്താസഭയുടെ ഡെഫനിത്തോർ, പ്രിയോർ ജനറൽ എന്നീ താക്കോൽസ്ഥാനങ്ങളിലിരുന്നു ശുശ്രൂഷ ചെയ്തു അദ്ദേഹം. രണ്ടാം തവണയും കൊച്ചുചാണ്ടിയച്ചൻ യൂറോപ്യൻയാത്ര നടത്തുകയും കർമ്മലീത്താസഭയുടെ ഔദ്യോഗികകാര്യങ്ങൾക്കുവേണ്ടിയുള്ള നിയമപരമായ അംഗീകാരം വാങ്ങിച്ചെടുക്കുകയും നാട്ടിൽ വിവിധ കൊവേന്തകൾ സ്ഥാപിക്കുന്നതിലേക്കു ധനശേഖരണം നടത്തുകയും ചെയ്തു. കേരളത്തിലെ ഏറെക്കുറെ എല്ലാ പള്ളികളിലും ഫലവത്തായ രീതിയിൽ ജ്ഞാനപ്രസംഗങ്ങൾ നടത്തി. പേരെടുത്ത ഗ്രന്ഥകാരനായിരുന്നു അദ്ദേഹം. പരിശുദ്ധ മാർപാപ്പയുടെ ശ്രേഷ്ഠാധിപത്യാദരവ്, തിരുസിംഹാസനാദരവ്, കത്തോലിക്കാസഭയും വിദ്യാഭ്യാസവും, ക്രിസ്തുനാഥചരിത്രം, വിശുദ്ധ അലക്സാണ്ടറുടെ ചരിത്രം എന്നിവയാണ് പ്രധാന ഗ്രന്ഥങ്ങൾ.

**ചില സുപ്രധാന സംഭവങ്ങൾ**

കർമ്മലീത്ത പ്രിയോർ ജനറൽ എന്ന നിലയിൽ കൊച്ചുചാണ്ടിയച്ചൻ അസാധാരണമായ ഭരണമികവ് സമസ്ത മേഖലകളിലും പ്രകടമാക്കി. അദ്ദേഹത്തിന്റെ നേതൃത്വം എല്ലാവരും അംഗീകരിക്കുകയും ചെയ്തു.

തോമസ് കുര്യാളശ്ശേരിയച്ചനെ റോമിൽവച്ച് ഇറ്റാലിയൻ പഠിപ്പിച്ചു. 1904 ൽ വന്ദ്യനായ നിധീരിക്കൽ മാണിക്കത്തനാരുടെ കബറടക്കശുശ്രൂഷയും ചരമപ്രസംഗവും നടത്തി. കോട്ടയത്തുവച്ചു പത്താം പീയൂസ് പാപ്പായുടെ ജൂബിലിയാഘോഷവേളയിൽ ഏവ

രിലും മതിപ്പുളവാക്കിയ പ്രസംഗം ചെയ്തു. അഭിവന്ദ്യ കുര്യാള ശ്ശേരി മെത്രാന്റെ ജൂബിലിയവസരത്തിലും ശേഷക്രിയാവസര ത്തിലും ഈടുറ്റ സന്ദേശം നൽകി.

വാർദ്ധക്യത്തിൽ എത്തുന്നതിനുമുമ്പേ രോഗബാധിതനായി. 1933 ജനുവരി 29 ന് ഇഹലോകവാസം വെടിഞ്ഞു. അറുപത്തിയാറു വയസ്സേ ആയിരുന്നുള്ളൂ. മരണകാരണം ഉദരവ്യാധിയായിരുന്നു. മാർ ജെയിംസ് കാളാശ്ശേരി കബറടക്കശുശ്രൂഷകൾ നടത്തി. പ്രസംഗ വേളയിൽ കാളാശ്ശേരി പിതാവ് പറഞ്ഞു: "കൊച്ചുചാണ്ടിയച്ചൻ ദൈവത്തിന്റെ മനുഷ്യനായിരുന്നു. ഈശോയ്ക്കും ദൈവജന ത്തിനുംവേണ്ടി ജീവിച്ച പുരോഹിതനായിരുന്നു." പിന്നീട് വയലിൽ പിതാവ് കുടീരോപരി സ്മാരകശില സ്ഥാപിച്ചു. നസ്രാണി ദീപിക എഴുതി: "ദൈവഭക്തി, ദീനാനുകമ്പ, ശാസ്ത്രജ്ഞാനം, പ്രസംഗ സാമർത്ഥ്യം ആദിയായ ഗുണങ്ങളിൽ ഏതാണ് കൊച്ചുചാണ്ടിയച്ച നിൽ മികച്ചുനിന്നിരുന്നതെന്നു പറയുക അസാധ്യമാണ്. നിരന്തര മായ പ്രാർത്ഥനയുടെ മനുഷ്യനായിരുന്നു. സാധുക്കളെ സേവിച്ചും അസ്വസ്ഥമാനസരെ ആശ്വസിപ്പിച്ചും ജീവിച്ചു."

ഭാഗ്യസ്മരണാർഹനായ വയലിൽ പിതാവിന്റെ വാക്കുകളോടെ ഈ ലേഖനം അവസാനിപ്പിക്കുന്നു: "കേരളസഭാമണ്ഡലത്തിലെ ഒരു ഉജ്ജ്വലതാരവും കേരള കർമ്മലീത്താസഭയുടെ അഭിമാനപാ ത്രവുമാണ് കട്ടക്കയത്തിൽ പെരിയ ബഹു. കൊച്ചുചാണ്ടിയച്ചൻ. അദ്ദേഹത്തിന്റെ അഗാധമായ പാണ്ഡിത്യവും വ്യക്തിമാഹാത്മ്യവും ആധുനിക കേരളീയരെ പരിചയപ്പെടുത്തിയത് കർമ്മലകുസുമമാ യിരുന്നു. നമ്മുടെ വീടുകളിൽ ഈ ലേഖനങ്ങൾ ഭക്തിപൂർവം വായി ച്ചിരുന്നു. അവയുടെ പാരായണം ഇന്നുള്ളവർക്കും കറയറ്റ ആ ത്മീയഭക്ഷണമായിരിക്കുമെന്നതിൽ സംശയമില്ല. ഈ ലേഖനങ്ങൾ വെളിച്ചം കണ്ട കാലത്ത് എന്നതുപോലെ ഇന്നും നമ്മുടെ കത്തോ ലിക്കാക്കുടുംബങ്ങളിൽ പാവനമായ ആധ്യാത്മികചൈതന്യം സംജാതമാക്കുന്നതിനും സംരക്ഷിക്കുന്നതിനും സഹായകമായി ത്തീരും."

---

NB: 2021 സെപ്റ്റംബർ 16 ലെ ദീപനാളത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട ലേഖനം

ലേഖനം

# കട്ടക്കയം പാലാമല്പാൻ പാറേമ്മാക്കൽ പാണ്ടിമല്പാൻ പള്ളിവീട്ടിൽ അർക്കദിയാക്കോൻ മൂന്നു നസ്രാണിരത്നങ്ങൾ

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**

കട്ടക്കയവും പാറേമ്മാക്കലും പള്ളിവീട്ടിലും നമുക്ക് സുപരിചിതമായ വീട്ടുപേരുകളാണ്. അതിനുള്ള പല കാരണങ്ങളിലൊന്ന് ഈ തറവാടുകളിലെ അതിപ്രഗല്ഭരായ വൈദികർതന്നെയായിരുന്നു. ഈ തറവാടുകളിൽനിന്നുള്ളവരും പ്രഗല്ഭരും എന്നാൽ, സാധാരണക്കാർക്കിടയിൽ അധികം സംസാരവിഷയമാകാത്തവരുമായ മൂന്നു നസ്രാണി വൈദികരത്നങ്ങളെക്കുറിച്ചുള്ള ഒരു ചെറിയ പഠനമാണ് ഈ ലേഖനം.

വ്യത്യസ്തകാലഘട്ടങ്ങളിൽ ജീവിച്ചവരാണിവർ. പക്ഷേ, നസ്രാണികളുടെ തനിമയും പ്രാധാന്യവും കാത്തുസംരക്ഷിക്കാൻ അക്ഷീണം അദ്ധ്വാനിച്ചവരാണിവർ. അവരുടെ അറിവും വിശുദ്ധിയും സുറിയാനിഭാഷാപരിജ്ഞാനവും കുടുംബപശ്ചാത്തലവും നേതൃപാടവവും ഈ സമുദായത്തിന്റെ ശ്രേയസ്സു പരിരക്ഷിക്കുവാൻ ഏറെ സഹായകമായിരുന്നു. എല്ലാ അർത്ഥത്തിലും സുറിയാനിസഭാവൈദികരത്നങ്ങളാണവർ. തിളങ്ങുന്ന മാണിക്യംപോലെ അവർ ശോഭിക്കുകയാണ്. നമ്മുടെ വരുംതലമുറ, സഭയെയും സമുദായത്തെയും ഈ രാജ്യത്തെയും വളർത്തുകയും ഒരുമിപ്പിച്ചുനിർത്തുകയും ചെയ്ത ഇത്തരം ശ്രേഷ്ഠാചാര്യന്മാരുടെ സ്മരണയിൽ വളരണം. നമ്മുടെ സഭയ്ക്കുവേണ്ടി ജീവിതം ബലികഴിച്ച ശ്രേഷ്ഠ കത്തനാർമാരെക്കുറിച്ചുള്ള ഓർമക്കേടുകൾ സഭാമക്കളിൽ ഏറെപ്പേരിലുമുണ്ട്. ഓർമകൾ നഷ്ടപ്പെടുമ്പോൾ സമുദായവും സമൂഹവും നശിക്കും. മൂല്യങ്ങൾ കാത്തുസൂക്ഷിച്ച വ്യക്തികളെക്കുറിച്ചു പഠിച്ചുകൊണ്ടാണ് നാം സഭയെയും രാഷ്ട്രത്തെയും സേവിക്കേണ്ടത്.

**കട്ടക്കയം യൗസേപ്പ് മല്പാൻ**

കട്ടക്കയം അബ്രാഹം ഗോവർണദോരെക്കുറിച്ചും വലിയ ചാണ്ടിയച്ചനെക്കുറിച്ചും ചെറിയ ചാണ്ടിയച്ചനെക്കുറിച്ചും കഴിഞ്ഞ ലക്കങ്ങളിൽ നമ്മൾ ചിന്തിച്ചിരുന്നല്ലോ. ആ തറവാട്ടിലെതന്നെ അതിപ്രഗല്ഭരായ വൈദികരാണ് മോൺ. കൊച്ചുചാക്കോച്ചൻ, കുഞ്ഞുചാണ്ടിയച്ചൻ, യൗസേപ്പു മല്പാൻ എന്നിവർ. ഇവരിൽ 1793 ൽ ജനിച്ച യൗസേപ്പു മല്പാനെക്കുറിച്ചുള്ള ലളിതമായ ഒരു വിചിന്തനമാണ് ഈ ലേഖനം. ഭക്തരായ മാതാപിതാക്കളിൽനിന്നു (കട്ടക്കയം കുരുവിളയും ഭരണങ്ങാനം വേലമ്മാരുകുടിയിൽ തറവാട്ടിൽനിന്ന് മാതാവും) പിറന്നു. എല്ലാ അർത്ഥത്തിലും ദൈവഭക്തിയിൽ വളർന്ന യൗസേപ്പ് വൈദികനാകാനാഗ്രഹിച്ചു. അന്ന് പാലാ വികാരിയായിരുന്ന കൊച്ചുചാണ്ടിമല്പാന്റെ കൂട്ടത്തിൽ താമസിപ്പിച്ച് അടിസ്ഥാനപരിശീലനങ്ങൾ നൽകി. സുറിയാനിയും തമിഴും വേണ്ടവിധം പഠിച്ചെടുത്തു. അക്കാലഘട്ടത്തിലെ വൈദികപ്രമുഖരെല്ലാംതന്നെ ഈ ഭാഷകളിൽ അവഗാഹം നേടിയിരുന്നു. സുറിയാനി ആരാധാനഭാഷയായിട്ടും തമിഴ് നസ്രാണിസഭയുടെ ചരിത്രം പഠിക്കുന്നതിന് തമിഴകവുമായി നസ്രാണിവൈദികർ ഒട്ടുമിക്കവർക്കും നല്ല ബന്ധമുണ്ടായിരുന്നു. പൂഞ്ഞാർ കേന്ദ്രമാക്കി ഒരു വൈദികപരിശീലനകേന്ദ്രം (മല്പാനേറ്റ്) പ്രവർത്തിക്കുന്നുണ്ടായിരുന്നു. അവിടുത്തെ കീർത്തികേട്ട പൂണ്ടിക്കുളം മല്പാൻ സുറിയാനിപണ്ഡിതനും ഒപ്പം ജനകീയനുമായിരുന്നു. മല്പാനേറ്റുകളിൽ പഠിച്ചവർക്ക് സുറിയാനിഭാഷയോടും സുറിയാനി ലിറ്റർജിയോടും അസാധാരണമായ ആത്മബന്ധവും ഇഴയടുപ്പവുമുണ്ടായിരുന്നു. 1818 ൽ വൈദികപരിശീലനം പൂർത്തിയാക്കി തിരുപ്പട്ടം സ്വീകരിച്ചു.

**പാലാമല്പാൻ**

പാലാ കേന്ദ്രമാക്കി യൗസേപ്പച്ചൻ പ്രവർത്തനമാരംഭിച്ചു. ചുരുങ്ങിയ വർഷത്തിനുള്ളിൽ പാലായിൽ ഒരു വൈദികപരിശീലനകേന്ദ്രം പണിതുയർത്തി, വിദ്യാർത്ഥികളെ പഠിപ്പിക്കാൻ തുടങ്ങി. വൈദികപരിശീലനത്തിൽ അദ്ദേഹം കാണിച്ച ജാഗ്രത ജനങ്ങൾ വേഗത്തിൽ മനസ്സിലാക്കി അദ്ദേഹത്തെ പാലാ മല്പാൻ എന്നു വിളിച്ചുതുടങ്ങി. John D Paiciotto ഗോവർണദോർ, യൗസേപ്പച്ചനെ 1825 ൽ പാലാ വലിയ പള്ളി വികാരിയായി ചുമതലയേല്പിച്ചു.

അക്കാലത്ത് പാലാപ്പള്ളി ഭരണത്തിൽ ജനാധിപത്യശൈലിക്ക് അത്ര നിരക്കാത്ത രീതിയിലുള്ള മുതലാളിത്ത ഇടപെടലുകളും താക്കോൽ വഴക്കുകളും നിലവിലുണ്ടായിരുന്നുവെന്ന് കഴിഞ്ഞ ലേഖനങ്ങളിൽ വ്യക്തമാക്കിയിരുന്നല്ലോ. ഭിന്നതകൾ അവസാനിപ്പിക്കാൻ വികാരി തീവ്രപരിശ്രമം നടത്തിയെങ്കിലും താക്കോൽവഴക്കുകൾ തുടർന്നുകൊണ്ടിരുന്നു. സാമൂഹികതിന്മകൾക്കെതിരേയും മല്പാനച്ചൻ സ്വരമുയർത്തിയിരുന്നു. സാമൂഹികതിന്മകളെ തുടച്ചുമാറ്റുകയാണ് സഭയുടെ ദൗത്യമെന്നും അദ്ദേഹത്തിന് അടിയുറച്ച ബോധ്യമുണ്ടായിരുന്നു.

**ജനരഞ്ജകനായിരുന്ന പാലാമല്പാൻ**

അസാധാരണമായ രീതിയിൽ വിശ്വാസികളെ ചേർത്തുനിർത്താനും മറ്റു മതസ്ഥരെ പരിഗണനയിലെടുക്കാനും മല്പാനച്ചനു കഴിഞ്ഞു. ജനരഞ്ജകനായ വികാരി എന്ന വിളിപ്പേരും അദ്ദേഹത്തിനു ലഭിച്ചു. വികാരി എന്ന നിലയിലും മല്പാൻ എന്ന നിലയിലും യൗസേപ്പച്ചൻ എല്ലാ ഭിന്നതകൾക്കും എതിരായിരുന്നു. ഐക്യത്തിന്റെ പ്രതീകമായും സമാധാനസ്ഥാപകനായും ഇടപഴകിയ വികാരിയച്ചനോട് അത്യപൂർവമായ ആദരവും ജനങ്ങൾക്കുണ്ടായിരുന്നു. പാലാപ്പള്ളിക്കുവേണ്ടി തീവ്രമായി അദ്ധ്വാനിച്ച വ്യക്തിയാണ് യൗസേപ്പച്ചൻ. കുട്ടികളുടെയും യുവാക്കന്മാരുടെയും കാര്യത്തിൽ പ്രത്യേക താത്പര്യമെടുത്തു. മുതിർന്നവർ അച്ചനോടു വലിയ ആദരവു പുലർത്തിയിരുന്നതിനാൽ നേരേ മുമ്പിലൂടെ വരാതെ പിറകിലൂടെ വന്ന് അച്ചന്റെ കരം ചുംബിച്ചു സംസാരിക്കുന്ന ശൈലിയായിരുന്നു ഉണ്ടായിരുന്നത്. സമുദായമൈത്രിയും മതമൈത്രിയും ജനമൈത്രിയും മല്പാനച്ചന്റെ പ്രവർത്തനങ്ങളിൽ നിഴലിച്ചിരുന്നു. ഇതിന്റെയെല്ലാം പശ്ചാത്തലത്തിലാണ് അദ്ദേഹം സഭാക്കൂട്ടായ്മയുടെ വക്താവായത്.

**ശില്പകലാവിദഗ്ധൻ**

പള്ളിക്കുവേണ്ടി സ്ഥലം വാങ്ങിക്കൽ, പണിയിപ്പിക്കൽ തുടങ്ങിയവ എല്ലാം യൗസേപ്പച്ചന്റെ ഇഷ്ടവിഷയങ്ങളായിരുന്നു. ശില്പകലയിൽ ഏറെ മികവു കാണിച്ചു. അക്കാലത്ത് നല്ല കാതലായ മരം (തടി) കൊണ്ട് കെട്ടിടം നിർമിക്കുന്ന ശൈലി കലയുടെ ഭാഗമായി ത്തന്നെ കരുതിയിരുന്നു. അദ്ദേഹം മരംകൊണ്ടു പണികഴിപ്പിച്ച മല

യാണ് ഇപ്പോഴും പാലാ രാക്കുളിത്തിരുനാളിന് ഉപയോഗിക്കുന്നത്. പാലായിലെ പ്രസംഗപീഠവും (Pulpit) അച്ചന്റെ സംഭാവനയായിരുന്നു. വളരെ ആകർഷകത്വം ഇവ രണ്ടിനുമുണ്ട്. അസാധാരണമായ വായനയും ചിന്തകളും അദ്ദേഹത്തിന്റെ വിലയേറിയ സമ്പത്തായിരുന്നു. പ്രതിസന്ധികളിൽ നിശ്ചയദാർഢ്യത്തോടെ നിർദേശങ്ങൾ നൽകിയിരുന്നു. അനേകയിടങ്ങളിൽ പോയി വഴക്കും തർക്കവും തീർത്തിട്ടുണ്ട്. എല്ലാ അർത്ഥത്തിലും ജനരക്ഷകനായിരുന്നു. പാലാപ്പള്ളിക്ക് വെള്ളിക്കുരിശും സ്വർണക്കുരിശും സ്ഥലവും എല്ലാം അച്ചന്റെ സംഭാവനയും മികവുംകൊണ്ടു നേടിയതാണ്. ലുദ്‌വിക്കോസ് മെത്രാൻ പലപ്പോഴും യൗസേപ്പു മെത്രാന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. ദീർഘമായ ഒരു കാലഘട്ടം പാലാപ്പള്ളിവികാരിയായി സേവനം ചെയ്തു. 1875 ഏപ്രിലിൽ പരലോകപ്രാപ്തനായി. ഏപ്രിൽ 29 നു നടന്ന ഓർമക്കുർബാനയിൽ അന്നത്തെ അരുവിത്തുറ വികാരി വലിയവീട്ടിൽ ഇട്ടിച്ചെറിയാൻ കത്തനാർ ഉജ്ജ്വലവും സമഗ്രവുമായ പ്രഭാഷണം നടത്തി.

**പാറേമ്മാക്കൽ പാണ്ടിമല്പാൻ**

ഭാരതനസ്രാണികളുടെ ചരിത്രത്തിലെ ഏറ്റവും പൈതൃകസമ്പന്നമായ ഒരു പ്രദേശമാണ് കടനാട്. ചരിത്രവും സഭാത്മകതയും ദേശീയതയും ഒരു പോലെ വിളക്കിച്ചേർത്ത പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെ ജന്മസ്ഥലമാണ് കടനാട്. അദ്ദേഹത്തിന്റെ വർത്തമാനപ്പുസ്തകവും ഇതരകൃതികളും ചരിത്രപരമായും സാഹിത്യപരമായും കേന്ദ്രസ്ഥാനത്തു നില്ക്കുന്നവയത്രേ. ടിപ്പുവിന്റെ ആക്രമണംമൂലം ഗോവർണദോർ അങ്കമാലിയിൽനിന്ന് വടയാറിലേക്കു പ്രവർത്തനകേന്ദ്രം മാറ്റി. വടയാർ കേന്ദ്രമാക്കി തോമ്മാക്കത്തനാരുടെ സഹോദരപുത്രനായ മറ്റൊരു പാറേമ്മാക്കൽ മല്പാനച്ചൻ പ്രവർത്തിച്ചിരുന്നു. അദ്ദേഹവും അതിപ്രഗല്ഭനായിരുന്നു. വൈദികപരിശീലനത്തിനുള്ള മല്പാനേറ്റിന്റെ ഇടവുമായിരുന്നു. കീർത്തികേട്ട പ്രഭാഷകനും സുറിയാനിപണ്ഡിതനുമായിരുന്നു. ബുദ്ധിവൈഭവത്തിൽ ഏതാണ്ട് തോമ്മാക്കത്തനാർക്കൊപ്പം നിന്നിരുന്നു. അദ്ദേഹത്തിനു തമിഴകവും തമിഴ്ഭാഷയുമായി തോമ്മാക്കത്തനാർക്ക് ഉള്ളതിനെക്കാൾ ബന്ധമുണ്ടായിരുന്നു. അദ്ദേഹത്തിൽ വിളങ്ങിയിരുന്ന തമിഴ്ഭാഷാവൈദഗ്ധ്യം പരിഗണിച്ച് ശിഷ്യന്മാരും ഇട

വകജനങ്ങളും ചാർത്തിക്കൊടുത്ത പേരായിരുന്നു പാറേമ്മാക്കൽ 'പാണ്ടി മല്പാൻ' എന്നത്. നസ്രാണിപാരമ്പര്യത്തെയും സുറിയാനി ഭാഷയെയും ഇന്ത്യൻ ദേശീയതയെയും ഇതുപോലെ സ്നേഹിച്ച മറ്റു കത്തനാർമാർ നന്നേ ചുരുക്കമായിരിക്കും.

**പള്ളിവീട്ടിൽ മത്തായി (കത്തനാർ) അർക്കദിയാക്കോൻ**

ഭാരതനസ്രാണികളുടെ ചരിത്രത്തിലെ അവിസ്മരണീയമായ പേരാണ് പള്ളിവീട്ടിൽ (പറമ്പിൽ) ചാണ്ടി മെത്രാപ്പോലീത്താ. പള്ളിവീട്ടിൽ അച്ചൻ 1663 ഫെബ്രുവരി ഒന്നിന് കടുത്തുരുത്തിയിൽ വച്ച് കേരളത്തിലെ അപ്പസ്തോലിക് ആയിരുന്ന സെബസ്ത്യാനി മെത്രാനിൽനിന്ന് മെത്രാൻപട്ടം സ്വീകരിച്ചു. മലയാളത്തിലെ ആദ്യത്തെ വികാരി അപ്പസ്തോലിക്കാ(മെത്രാപ്പോലീത്താ)യായി. ഇന്ത്യ മുഴുവന്റെയും മെത്രാപ്പോലീത്താ (മെത്രാപ്പോലീത്താ ദ് കൊൽ ഹെന്ദോ) എന്ന് എഴുതി ഒപ്പിട്ടിരുന്നു. മെത്രാപ്പോലീത്തായുടെ അനന്തരവനായിരുന്നു പള്ളിവീട്ടിൽ മത്തായിക്കത്തനാർ അർക്കദിയാക്കോൻ. അഗാധമായ ചരിത്രജ്ഞാനവും സുറിയാനിഭാഷാപാണ്ഡിത്യവും സഭൈക്യചിന്തകളും അദ്ദേഹത്തിനു കൈമുതലായുണ്ടായിരുന്നു. ഏതു പ്രതിസന്ധികളെയും തരണം ചെയ്യാൻ പ്രാപ്തനുമായിരുന്നു. 1678 ൽ അർക്കദിയാക്കോനായി. ഇദ്ദേഹത്തെ തന്റെ പിൻഗാമിയാക്കാൻ ചാണ്ടിമെത്രാൻ ആഗ്രഹിച്ചിരുന്നെങ്കിലും സാധ്യമായില്ല. മത്തായിക്കത്തനാരുടെ ഏറ്റവും വലിയ പ്രാധാന്യം അദ്ദേഹത്തിന്റെ തന്മയാർന്ന ഗ്രന്ഥമാണ്. സുറിയാനിഭാഷയിൽ 'ഭാരതത്തിലെ ക്രിസ്തുമതം' എന്ന ഗ്രന്ഥമെഴുതി. ഡച്ചുഭാഷയിലേക്കും പിന്നീട് മറ്റു യൂറോപ്യൻഭാഷകളിലേക്കും ഈ ഗ്രന്ഥം വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. ചരിത്രകാരനായ ക.നി.മു.സ. ബർണാർദ് തോമ്മാ അദ്ദേഹത്തിന്റെ 'ഭാരതസഭാചരിത്ര'ത്തിൽ പറയുന്നു: ഇവരുടെ വീട്ടുപേര് പള്ളിവീട്ടിൽ എന്നും തറവാട്ടുപേര് പകലോമറ്റം എന്നുമാണ്. പകലോമറ്റത്തിന് പോർച്ചുഗീസിൽ ദെ - കാമ്പൊ (de campo) എന്നാണു പറയുന്നത്. ഇതു ലത്തീനിലെ Campus എന്നതിൽനിന്നു വരുന്നു.

---

NB: 2021 സെപ്റ്റംബർ 30 ലെ ദീപനാളത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട ലേഖനം

ലേഖനം

# സാമൂഹികതിന്മകൾക്കെതിരേ സമുദായങ്ങൾ ഒന്നിക്കണം

**മാർ ജേക്കബ് മുരിക്കൻ**

തീവ്രവാദം എല്ലാ മതവിഭാഗത്തിൽപ്പെട്ടവരിലുമുണ്ടാകാം. മതമേതുമാകട്ടെ, മതത്തെ മറയാക്കി നടക്കുന്ന സമൂഹവിരുദ്ധപ്രവർത്തനങ്ങളെക്കുറിച്ചാണ് കല്ലറങ്ങാട്ട് പിതാവ് പ്രതികരിച്ചത്. അതൊരു ജാഗ്രതാനിർദ്ദേശം മാത്രമായിരുന്നു. എന്നാൽ, സംഭവിച്ചതെന്താണ്? അദ്ദേഹം പറഞ്ഞ ചില വാചകങ്ങളെയും വാക്കുകളെയും മാത്രം സന്ദർഭത്തിൽനിന്നടർത്തിയെടുത്ത് തെറ്റിദ്ധാരണാജനകമായ വ്യാഖ്യാനങ്ങൾ നിർമിച്ചു. അതു സമൂഹത്തിൽ ആവശ്യമില്ലാത്ത വിവാദങ്ങൾക്കു വഴിവയ്ക്കുകയും ചെയ്തു. പിതാവിന്റെ പ്രസംഗത്തിന്റെ സമഗ്രസ്വഭാവവും ഉദ്ദേശ്യശുദ്ധിയും മാനിച്ചിരുന്നെങ്കിൽ, അതു വിവാദങ്ങളിലേക്കും ബഹളങ്ങളിലേക്കും വലിച്ചിഴയ്ക്കപ്പെടുകയില്ലായിരുന്നു.

മയക്കുമരുന്നുലഭ്യത വ്യാപകമായി കുട്ടികളുടെയും ചെറുപ്പക്കാരുടെയും ഇടയിലുണ്ടെന്നതു വാസ്തവമാണ്. നമ്മുടെ സ്കൂളുകളും കലാലയങ്ങളും ചുറ്റിപ്പറ്റി മയക്കുമരുന്നുലോബി സജീവമായി പ്രവർത്തിക്കുന്നുണ്ട്. ആദ്യഘട്ടത്തിൽ കുട്ടികളെ ആകർഷിക്കാനും പിന്നീട് ഇരകളാക്കാനും പോന്ന തന്ത്രങ്ങൾ അവർ സ്വീകരിക്കുന്നു. രണ്ടുമൂന്നു ഘട്ടങ്ങൾ പിന്നിട്ടതിനുശേഷമായിരിക്കും ഇതിന്റെ പാർശ്വഫലങ്ങൾ പ്രകടമാകുന്നത്. കുട്ടികൾ ഇതുപയോഗിക്കുന്നുണ്ടെന്ന് വീട്ടിലുള്ളവർപോലും ആദ്യഘട്ടങ്ങളിൽ അറിയുന്നില്ല. ഇതേക്കുറിച്ചു കുട്ടികൾക്കും മുതിർന്നവർക്കും ബോധ്യം കൊടുക്കാൻവേണ്ടിക്കൂടിയാണ് അഭിവന്ദ്യപിതാവ് ഇത്തരത്തിലുള്ള ഒരു ജാഗ്രതാനിർദ്ദേശം നല്കിയത്. മാതാപിതാക്കളാണ് ഇക്കാര്യത്തിൽ വലിയ ജാഗ്രത പുലർത്തേണ്ടത്. നമ്മുടെ കുട്ടികളും ചെറുപ്പക്കാരും ലഹരിക്കടിമകളായാൽ അവരെ തിരിച്ചുകൊണ്ടുവരിക പ്രയാസമാണ്.

സമൂഹത്തിൽ പ്രകടമായിക്കൊണ്ടിരിക്കുന്ന അപകടകരമായ പ്രവണതകളെക്കുറിച്ചുള്ള മുന്നറിയിപ്പാണ് കല്ലറങ്ങാട്ട് പിതാവ് പങ്കു

വച്ചത്. ഇത് ഏതെങ്കിലും മതത്തിനോ സമുദായത്തിനോ എതിര ല്ല. എല്ലാ മനുഷ്യർക്കും ബാധകമായ പൊതുസാഹചര്യമാണ്. സമു ദായങ്ങളിലെ മഹാഭൂരിപക്ഷം വരുന്ന നല്ല വിശ്വാസികളെയും മതാ ചാര്യന്മാരെയും നിഷ്പ്രഭരാക്കി മതങ്ങളുടെ പേരും ചിഹ്നങ്ങളും സംജ്ഞകളും ഉപയോഗിച്ച് തീവ്രമൗലികവാദങ്ങളും സാമൂഹിക വിരുദ്ധപ്രവർത്തനങ്ങളും നടത്തുന്ന വളരെ ചെറിയൊരു വിഭാഗ ത്തിന്റെ നടപടികളെ എല്ലാ സമുദായങ്ങളും ഗൗരവമായി കാണ ണമെന്നാണ് അദ്ദേഹം ഉദ്ബോധിപ്പിച്ചത്. ഈ സ്ഥിതിവിശേഷത്തെ തിരുത്തിയില്ലെങ്കിൽ ഭാവിയിൽ ഉണ്ടാകാവുന്ന അപകടത്തെക്കുറി ച്ചുള്ള പ്രവാചകശബ്ദമായിരുന്നു അത്. സഭയുടെ മക്കളെ സംബ ന്ധിക്കുന്ന, സമുദായാംഗങ്ങളെ ബാധിക്കുന്ന ഒരു പൊതു പ്രശ്നത്തെക്കുറിച്ച് ബോധവത്കരിക്കാനും തിരുത്താനും ഉത്തര വാദിത്വപ്പെട്ട സ്ഥാനത്തിരിക്കുന്നവർക്കു ചുമതലയുണ്ട്.

തീവ്രവാദവും മയക്കുമരുന്നുപയോഗവും കേരളക്കരയിലുണ്ടെ ങ്കിൽ, അത് അന്വേഷിച്ചു കണ്ടുപിടിക്കേണ്ടത് കേന്ദ്രത്തിലും സം സ്ഥാനത്തുമുള്ള കുറ്റാന്വേഷണ ഏജൻസികളും പോലീസ് വിഭാ ഗവുമൊക്കെയാണ്. കുട്ടികളുടെ ഇടയിലുള്ള മയക്കുമരുന്നുപയോ ഗത്തിന്റെ പിന്നിൽ യഥാർത്ഥ കുറ്റവാളികൾ മറഞ്ഞിരിപ്പുണ്ട്. ഉറ വിടങ്ങളിൽ ചെന്നെത്താതെ, ഏജൻസികൾ മാത്രമാണ് അന്വേഷ ണഘട്ടങ്ങളിൽ പലപ്പോഴും പിടിക്കപ്പെടുന്നത്. മയക്കുമരുന്നിന് അടിമയായിപ്പോകുന്ന ഘട്ടത്തിൽ ഇത് എവിടെനിന്നു കിട്ടി, ആരു കൊണ്ടുവന്നു, ഏജൻസികളാരാണ് എന്നിങ്ങനെയുള്ള കാര്യങ്ങ ളെക്കുറിച്ചുപോലും കുട്ടി അറിവില്ലാത്തവനായിത്തീരുന്നു എന്ന താണു യാഥാർത്ഥ്യം. എങ്ങനെ അതിനടിമയായി എന്നു പറയാനുള്ള മാനസികശേഷിപോലും അവനു നഷ്ടമാകുന്നു. പല കേസുകളിലും തെളിവുകൾ ഉണ്ടെങ്കിൽത്തന്നെ അത് അന്വേഷിക്കാനോ, കേസ് ഫയൽ ചെയ്യാനോ, വേണ്ട നടപടികൾ സ്വീകരിക്കാനോ ഉത്തരവാ ദിത്വപ്പെട്ടവർ തയ്യാറാകാത്തതും ഗൗരവമായി നാം എടുക്കണം.

തെറ്റിദ്ധാരണാജനകമായ പ്രചരണങ്ങൾ അവസാനിപ്പിക്കാനും തുറന്ന മനസ്സോടെ കാര്യങ്ങൾ വിലയിരുത്താനും നാമെല്ലാവരും തയ്യാറാകണം. പരസ്പരം തിരുത്താനും സാഹോദര്യത്തിൽ വള രാനും നമുക്കെല്ലാവർക്കും കഴിയണം. നാമാരും പൂർണരല്ലല്ലോ.

ബോധ്യമുള്ള കാര്യങ്ങൾ വിശദീകരിച്ച് അതിന്റെ പരിണതഫലങ്ങളെക്കുറിച്ചു സമൂഹമനഃസാക്ഷി ഉണർത്തണം. ഇത് ഭാവിഭദ്രതയ്ക്കും നാടിന്റെ നന്മയ്ക്കും ആവശ്യമാണ്. ഈ നാട്ടിൽ സമാധാനം നിലനില്ക്കാനും ജനജീവിതം സുരക്ഷിതമാക്കാനുമാണിത്. രാഷ്ട്രീയ-സമുദായനേതാക്കൾ ഒരു വേദിയിലിരുന്ന് ഈ വിഷയം ചർച്ച ചെയ്യണം. സർക്കാർ ഇതിനു മുൻകൈയെടുക്കണം. തിന്മയെ ദൂരീകരിക്കാനുള്ള യജ്ഞത്തിൽ മുൻവിധികളൊന്നുമില്ലാതെ എല്ലാ മനുഷ്യരും ഒരേ മനസ്സോടെ അണിനിരക്കണം. ഭിന്നിച്ചുനിൽക്കുമ്പോൾ സമൂഹം വിഭജിതമാവുകയാണ്. തിന്മ വളർത്തണമെന്നാഗ്രഹിക്കുന്നവർ സമൂഹത്തിൽ എപ്പോഴും അകലങ്ങൾ സൃഷ്ടിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കും. തിന്മയുടെ പ്രവർത്തനങ്ങളെ മനസ്സിലാക്കി അകലങ്ങളില്ലാതാക്കുകയാണു വേണ്ടത്. തിന്മയ്ക്കെതിരേ എല്ലാ മനുഷ്യരും മതങ്ങളും സമുദായങ്ങളും ഒന്നിച്ചുനില്ക്കണം.

---

NB: 2021 സെപ്റ്റംബർ 23 ലെ ദീപനാളത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട ലേഖനം




# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**ഗാനപഠനമത്സരം**

അൽഫോൻസാമ്മയുടെ 75-ാം ചരമവാർഷികത്തിന്റെയും വി. മിഖായലിന്റെ തിരുനാളിന്റെയും ഭാഗമായി വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിലെ ഗായകർക്കായി ഒരു ഗാനപഠനമത്സരം സംഘടിപ്പിച്ചു. സ്വർഗ്ഗപുത്രി എന്ന അൽഫോൻസിയൻ ആൽബത്തിലെ ഗാനങ്ങളാണ് തീർത്ഥാടനകേന്ദ്രത്തിലെ പാട്ടുകാർ പഠിച്ച് സമ്മാനാർഹരായത്. സി. ആശാ ഡി.എസ്.റ്റി. സി. മരിയ എഫ്.സി.സി, ആൽഫി തയ്യിൽ, അലീനാ തയ്യിൽ, സാന്ദ്രാ, ബ്രദർ സെബിൻ എന്നിവർ സമ്മാനാർഹരായി. ഫാ. മൈക്കിൾ ഔസേപ്പറമ്പിലാണ് ഈ മത്സരം സംഘടിപ്പിച്ചത്. ഫാ. ജോസ് വള്ളോംപുരയിടത്തിൽ സമ്മാനദാനം നിർവഹിച്ചു.

**ജപമാലപ്രാർത്ഥന**

ശനിയാഴ്ചകളിൽ വൈകുന്നേരം ആറിനുള്ള വി. കുർബാനയ്ക്കുശേഷം വി. കുർബാന എഴുന്നള്ളിച്ചു വച്ച് ജപമാല പ്രാർത്ഥന മുടക്കം കൂടാതെ നടത്തി വരുന്നു.

**അൽഫോൻസാസവിധത്തിൽ മിഷൻലീഗിന്റെ പ്ലാറ്റിനം ജൂബിലി**

മിഷൻലീഗിന്റെ പ്ലാറ്റിനം ജൂബിലി അൽഫോൻസാ സവിധത്തിൽ വച്ച് സെപ്റ്റംബർ 25 ന് ആഘോഷിച്ചു. മിഷൻലീഗിന്റെ ഡയറക്ടർ, മുൻ ഡയറക്ടർ, അസി. ഡയറക്ടർ എന്നിവരുടെ കാർമ്മികത്വത്തിൽ അൽഫോൻസാ കബറിട ദൈവാലയത്തിൽ കുർബാനയർപ്പിച്ചു. കോട്ടയം അതിരൂപതാ സഹായമെത്രാൻ അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ അപ്രേം, വിജയപുരം രൂപതാവികാരി ജനറാൾ മോൺ. ജസ്റ്റിൻ മഠത്തിൽപറമ്പിൽ എന്നിവരുടെ നേതൃത്വത്തിൽ ആരംഭിച്ച സമ്മേളനം ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്താ അഭിവന്ദ്യ മാർ ജോസഫ് പെരു

ന്തോട്ടം പിതാവ് ഉദ്ഘാടനം ചെയ്തു. അൽഫോൻസാമ്മയുടെ മഠത്തിൽനിന്നു മാലിപ്പറമ്പിൽ അച്ചന്റെയും മിഷൻലീഗ് കുഞ്ഞേട്ടന്റെയും കബറിടത്തിൽ നിന്നുള്ള ദീപശിഖാ പ്രയാണവും അൽഫോൻസാമ്മയുടെ കബറിടത്തിങ്കൽ എത്തി.

**ഫാ. ജോസ് വള്ളോംപുരയിടം** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**1 . വിശ്വാസപരിശീലനക്ലാസ്സുകൾ**

കോവിഡ് പ്രതിസന്ധി തുടരുന്ന സാഹചര്യത്തിൽ ഓൺലൈൻ വിശ്വാസപരിശീലനക്ലാസ്സുകൾ ഇടവകതലത്തിൽ സജീവമായി നടന്നുവരുന്നു. വിശ്വാസപരിശീലകർ ഓൺലൈൻ വേദികൾ ഉപയോഗിച്ചു തത്സമയക്ലാസ്സുകൾ കുട്ടികൾക്ക് നൽകുകയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. സാധാരണ നിലയിൽ വിശ്വാസപരിശീലനം നടന്നിരുന്ന കാലത്തെന്നപോലെതന്നെ ഓൺലൈൻ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി വിശ്വാസപരിശീലനപ്രവർത്തനങ്ങൾ ഇടവകകളിൽ കാര്യക്ഷമമായി നടത്തുന്ന കാര്യത്തിൽ വികാരിയച്ചന്മാരും അസ്തേന്തിയച്ചന്മാരും വിശ്വാസപരിശീലകരും ഒന്നുചേർന്ന് കാണിക്കുന്ന ശ്രദ്ധയും താത്പര്യവും സവിശേഷമായ രീതിയിലുള്ള അഭിനന്ദനം അർഹിക്കുന്നു. വിശ്വാസപരിശീലനക്ലാസ്സുകൾ നൽകുന്നതോടൊപ്പം ബൈബിൾ ക്വിസ്, സെമിനാറുകൾ, കലാ-സാഹിത്യമസരങ്ങൾ, നമസ്കാരപഠനപരിശീലനം, വിശുദ്ധരെ പരിചയപ്പെടൽ തുടങ്ങിയവയും നടത്തപ്പെടുന്നുണ്ട്.

**2. അഭിവന്ദ്യ കല്ലറങ്ങാട്ട് പിതാവിന് പിന്തുണയും ഐകദാർഢ്യവും**

കുറവിലങ്ങാട് പള്ളിയിൽവച്ചു അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് വിശുദ്ധകുർബാനമദ്ധ്യേ നടത്തിയ സുവിശേഷവ്യാഖ്യാനത്തിൽ ലവ് ജിഹാദ്, നാർക്കോട്ടിക് ജിഹാദ് എന്നീ തിന്മകളെക്കുറിച്ചു വിശ്വാസികൾ കരുതലോടെയിരിക്കണമെന്നു നൽകിയ മുന്നറിയിപ്പിനെ ദുർവ്യാഖ്യാനം ചെയ്തു പിതാവിനെ അധിക്ഷേപിക്കാനും ഒറ്റപ്പെടുത്താനും നടത്തുന്ന ശ്രമങ്ങളെ രൂപത വിശ്വാസപരിശീലനസമിതിയും ചെറുപുഷ്പ മിഷൻ ലീഗ് രൂപത സമിതിയും സംയുക്തമായി അപലപിക്കുകയും പിതാവിനോട് ഐകദാർഢ്യം പ്രഖ്യാപിച്ചു അദ്ദേഹത്തിന് പിന്തുണ അറിയിക്കുകയും ചെയ്തു.

**3. CTP ക്ലാസ്സുകൾ**

വിശ്വാസപരിശീലകർക്കുള്ള പരിശീലനപരിപാടിയായ CTP യുടെ ക്ലാസ്സുകൾ തുടരുന്നു. സെപ്റ്റംബർ മാസത്തിൽ നടത്തിയ ക്ലാസ്സുകൾ:

സെപ്റ്റംബർ 4,8,9 : Bible II (ഫാ. തോമസ് വടക്കേൽ)

സെപ്റ്റംബർ 10,12,15 : Bible III (ഫാ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ)

സെപ്റ്റംബർ 16,17,18,22,23,24 : Church History II (ശ്രീ അനിൽ മാനുവൽ പുന്നത്താനത്ത്)

സെപ്റ്റംബർ 25,28,29,30 : Ecclesiology (ഫാ. ജോസ് മുത്തനാട്ട്)

**4. ഒന്നാം ടേം പരീക്ഷ**

വിശ്വാസപരിശീലനത്തിന്റെ ഒന്നാം ടേം പരീക്ഷ 2021 ഒക്ടോബർ 31 ഞായറാഴ്ച നടക്കും. വിശ്വാസപരിശീലനകലണ്ടറിൽ നൽകിയിരിക്കുന്ന പാഠ്യപദ്ധതി അനുസരിച്ചായിരിക്കും പരീക്ഷ നടത്തപ്പെടുന്നത്.

**5. Question Board Meeting**

വിശ്വാസപരിശീലനത്തിന്റെ ഒന്നാം ടേം പരീക്ഷയ്ക്ക് ഒരുക്കമായുള്ള Question Board Meeting 2021 ഒക്ടോബർ 4 തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 3.30 -നു നടക്കും. Question Board അംഗങ്ങൾ ഈ മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്.

**6. തിരുബാലസഖ്യം എന്റെ ഡയറി മത്സരം**

തിരുബാലസഖ്യം സംഘടനയുടെ ആഭിമുഖ്യത്തിൽ ഒന്നുമുതൽ നാലുവരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി എന്റെ ഡയറി മത്സരം നടത്തുന്നു. വിശുദ്ധരുടെ ജീവചരിത്രം വായിച്ചു കുട്ടികൾ തയ്യാറാക്കുന്ന ഡയറിക്കുറിപ്പുകളാണ് മത്സരത്തിനായി പരിഗണിക്കുന്നത്. ഒരു ഇടവകയിൽനിന്ന് ഒരു കുട്ടിക്കാണ് രൂപതാതലമത്സരത്തിൽ പങ്കെടുക്കാനാവുന്നത്. ഡയറികൾ 2021 നവംബർ 30 നു മുമ്പായി വിശ്വാസപരിശീലനകേന്ദ്രം ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

**7. സ്കൂൾ മതബോധന സന്മാർഗ്ഗശാസ്ത്രരംഗം**

സ്കൂൾ മതബോധനസന്മാർഗ്ഗശാസ്ത്ര ക്ലാസ്സുകൾ ഓൺലൈൻ ആയി നൽകി വരുന്നു. ഓൺലൈൻ വേദികൾ ഉപയോഗിച്ച് തത്സമയ ക്ലാസ്സുകളാണ് കുട്ടികൾക്ക് നൽകുന്നത്. സ്കൂൾ മതബോധനത്തിന്റെയും സന്മാർഗ്ഗശാസ്ത്രത്തിന്റെയും ഒന്നാം ടേം പരീക്ഷ 2021 ഒക്ടോബർ 21 വ്യാഴാഴ്ച നടക്കും. പരീക്ഷയ്ക്കൊരുക്കമായുള്ള Question Board Meeting 2021 സെപ്റ്റംബർ 28 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞു 3.30 - നു നടന്നു.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# പാലാ മിഷൻ – ഗുജറാത്ത്

**1. എട്ടു നോമ്പാചരണം**

റീജണിലെ എല്ലാ ഇടവകകളിലും കുർബാന സെന്ററുകളിലും ഭക്ത്യാദരപൂർവ്വം എട്ടു നോമ്പാചരിച്ചു. തിരുനാൾ ആചരണത്തിന്റെ ഭാഗമായി സെപ്റ്റംബർ 6 ന് വൈകുന്നേരം 7 മണിക്ക് തൽത്തേജ് സെന്റ് മേരീസ് കുർബാന സെന്ററിലും സെപ്റ്റംബർ 8-ന് രാവിലെ ഏഴു മണിക്ക് അഹമ്മദാബാദ് സെന്റ് തോമസ് ഇടവകയിലും സെപ്റ്റംബർ 9 - ന് വൈകുന്നേരം 7 മണിക്ക് ബാപ്പു നഗർ മദർ മേരി കുർബാന സെന്ററിലും അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് പരി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

**2. ചാപ്പൽ, വൈദികമന്ദിരം എന്നിവയുടെ കൂദാശയും വെഞ്ചരിപ്പും.**

നവരംഗ്പുര സെന്റ് അൽഫോൻസാ കുർബാന സെന്ററിൽ ചാപ്പലിന്റെ കൂദാശയും വൈദികമന്ദിരത്തിന്റെ വെഞ്ചരിപ്പും സെപ്റ്റംബർ 8 ന് അഭിവന്ദ്യ

മാർ റാഫേൽ തട്ടിൽ പിതാവ് നിർവ്വഹിച്ചു. വികാരി ജനറാൾ മോൺ. ഡോ. ജോസഫ് കൊല്ലംപറമ്പിൽ, വികാരി റവ. ഫാ മാത്യു വെങ്ങാലൂർ എന്നിവർ സഹകാർമ്മികത്വം വഹിച്ചു. അഹമ്മദാബാദ് സോണിലെ എല്ലാ വൈദികരും ചടങ്ങിൽ സന്നിഹിതരായിരുന്നു.

**3. ഗ്രോട്ടോ വെഞ്ചരിപ്പ്**

മണിനഗർ വി. ചാവറ കുര്യാക്കോസ് ഏലിയാസ് ഇടവകയിൽ പുതുതായി നിർമ്മിച്ച പരി. ദൈവമാതാവിന്റെ ഗ്രോട്ടോ സെപ്റ്റംബർ 7 ന് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് നിർവ്വഹിച്ചു. വികാരി ജനറാൾ മോൺ. ഡോ. ജോസഫ് കൊല്ലംപറമ്പിൽ, വികാരി റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ എന്നിവർ സഹകാർമ്മികത്വം വഹിച്ചു. അഹമ്മദാബാദ് സോണിലെ എല്ലാ വൈദികരും ചടങ്ങിൽ സന്നിഹിതരായിരുന്നു.

**4. റീജണൽ വൈദികസമ്മേളനം**

സെപ്റ്റംബർ 9-ന് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ റീജണിലെ വൈദികരുടെ സമ്മേളനം നടത്തപ്പെട്ടു. വികാരി ജനറാൾ മോൺ. ഡോ. ജോസഫ് കൊല്ലംപറമ്പിൽ സമ്മേളനത്തിന് നേതൃത്വം നല്കി.

**5. ഭക്തസംഘടനകളുടെ സമ്മേളനം**

റീജണൽ വിസിറ്റിന്റെ ഭാഗമായി അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് റീജണിലെ വിവിധ ഭക്തസംഘടനകളുമായും അവയുടെ നേതാക്കളുമായും കൂടിക്കാഴ്ച നടത്തി.

**മോൺ. ജോസഫ് കൊല്ലംപറമ്പിൽ** (വികാരി ജനറാൾ)

# മിഷൻലീഗ് വാർത്തകൾ

**രൂപതാവാർത്തകൾ**

**എക്സിക്യൂട്ടീവ്**

പാലാ രൂപത ചെറുപുഷ്പ മിഷൻലീഗിന്റെ സെപ്റ്റംബർ മാസത്തെ എക്സിക്യൂട്ടീവ് യോഗം സെപ്റ്റംബർ 05 ഞായറാഴ്ച ഉച്ചകഴിഞ്ഞ് മൂന്നു മണിക്ക് ഓൺലൈനായി നടന്നു. രൂപത പ്രസിഡന്റ് ശ്രീ ജസ്റ്റിൻ വയലിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ സന്ദേശം നൽകി. സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു. നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയ യോഗം വരുംമാസങ്ങളിലെ പ്രവർത്തനങ്ങളെപ്പറ്റി ചർച്ച ചെയ്ത് തീരുമാനങ്ങളെടുത്തു.

**സെക്രട്ടറിയേറ്റ് യോഗങ്ങൾ**

സംഘടനയുടെ സെപ്റ്റംബർ മാസത്തെ സെക്രട്ടറിയേറ്റ് യോഗങ്ങൾ 05,11 തീയതികളിൽ നടന്നു.

**രൂപത മാനേജിംഗ് കമ്മിറ്റിയും അനുസ്മരണവും**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതാ മാനേജിംഗ് കമ്മിറ്റിയും റവ. ഫാ. ജോസഫ് മാലിപ്പറമ്പിൽ, റവ. ഫാ. അബ്രാഹം ഈററയ്ക്കക്കുന്നേൽ എന്നിവരുടെ അനുസ്മരണവും 2021 സെപ്റ്റംബർ 19 ഞായറാഴ്ച വൈകുന്നേരം 3.00 ന് ഓൺലൈനായി നടന്നു. രൂപത പ്രസിഡന്റ് ജസ്റ്റിൻ വയലിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ സന്ദേശം നൽകി. മിഷൻ ലീഗിന്റെ മുൻ രൂപതാ പ്രസിഡന്റും ഇപ്പോൾ ദേശീയസമിതി അംഗവുമായ ബെന്നി മുത്തനാട്ട്, അനുസ്മരണപ്രഭാഷണം നടത്തി. വൈസ് ഡയറക്ടർ സി. ദിവ്യ D.S.T. ആമുഖസന്ദേശം നൽകി. സെക്രട്ടറി മനു ചെറുകാട്ടിൽ റിപ്പോർട്ട് അവതരിപ്പിച്ചു. ജനറൽ ഓർഗനൈസർ ജോബി ആലയ്ക്കപ്പറമ്പിൽ, സംസ്ഥാന പ്രതിനിധി ലിന്റു ടോമി, എക്സിക്യൂട്ടീവ് അംഗം ലിസി ആന്റണി തുടങ്ങിയവർ സംസാരിച്ചു. രൂപതാസമിതി അംഗങ്ങളും മേഖലാഭാരവാഹികളും ഈ മാനേജിംഗ് കമ്മിറ്റിയിൽ സംബന്ധിച്ചു.

**അനുസ്മരണ വെബിനാർ**

ചെറുപുഷ്പ മിഷൻലീഗ് സ്ഥാപകഡയറക്ടർ റവ. ഫാ. ജോസഫ് മാലിപ്പറമ്പിലിന്റെ അനുസ്മരണാർത്ഥം സംസ്ഥാനസമിതി 2021 സെപ്റ്റംബർ 12 ഞായറാഴ്ച നടത്തിയ വെബിനാറിൽ രൂപതഭാരവാഹികളും മേഖലാ പ്രസിഡന്റുമാരും പങ്കെടുത്തു.

**ആലോചനായോഗം**

ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാനസമിതിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന പ്ലാറ്റിനം ജൂബിലി വിളംബരം, ദീപശിഖ പ്രയാണം എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി സെപ്റ്റംബർ 17 ന് ഓൺലൈനായി നടത്തിയ യോഗത്തിൽ രൂപതാഭാരവാഹികളും ഭരണങ്ങാനം മേഖല, ശാഖ ഭാരവാഹികളും സംബന്ധിച്ചു.

**ജീവദർശൻ കോഴ്സ്**

സംഘടനയുടെ ആഭിമുഖ്യത്തിൽ വിശ്വാസപരിശീലകർക്കായി ജീവദർശൻ കോഴ്സ് ആരംഭിച്ചു. കോഴ്സിന്റെ ആദ്യ മൂന്നു ക്ലാസുകൾ സെപ്റ്റംബർ 13,19,26 തീയതികളിൽ നടന്നു. ശ്രീ അരുൺ ജോസ് 'ചെറുപുഷ്പ മിഷൻലീഗ് - പ്ലാറ്റിനം ജൂബിലി നിറവിൽ' എന്ന വിഷയത്തിൽ ക്ലാസെടുത്തു. ശ്രീ മാത്യു എം. കുര്യാക്കോസ് 'ആധുനികമാധ്യമങ്ങളും ജീവസംസ്കാരവും' എന്ന വിഷയത്തിലും റവ. ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ 'ബൈബിളും ഇസ്ലാം മതവും' എന്ന വിഷയത്തിലും ക്ലാസ് നയിച്ചു.

**ജൂബിലി വിളംബരവും ദീപശിഖാപ്രയാണവും**

ചെറുപുഷ്പമിഷൻലീഗിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾക്ക് മുന്നോടിയായി സംസ്ഥാനസമിതിയുടെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 25 ശനിയാഴ്ച ജൂബിലി വിളംബരവും ദീപശിഖാപ്രയാണവും നടത്തി. ആർപ്പൂക്കര, ചെമ്മലമറ്റം, ഭരണങ്ങാനം എന്നിവിടങ്ങളിൽനിന്ന് ദീപശിഖകൾ വി. അൽഫോൻ

സാമ്മയുടെ കബറിടത്തിങ്കലെത്തിച്ചു.

ചങ്ങനാശേരി അതിരൂപത ആർച്ച് ബിഷപ് മാർ ജോസഫ് പെരുന്തോട്ടം രൂപതാഭാരവാഹികൾക്ക് ജൂബിലിദീപം കൈമാറി. ചെമ്മലമറ്റത്ത് കുഞ്ഞേട്ടന്റെ കബറിടത്തിൽനിന്നാരംഭിച്ച പ്രയാണത്തിന് രൂപത പ്രസിഡന്റ് ജസ്റ്റിൻ വയലിൽ നേതൃത്വം നൽകി. ഭരണങ്ങാനത്ത് വി. അൽഫോൻസാമ്മയുടെ മഠത്തിൽ നിന്നാരംഭിച്ച പ്രയാണത്തിന് മേഖല വൈസ് ഡയറക്ടർ സി. സീലിയ F.C.C. നേതൃത്വം നൽകി.

**അഭിനന്ദനങ്ങൾ**

ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാനസമിതിയുടെ ആഭിമുഖ്യത്തിൽ, ബഹു. മാലിപ്പറമ്പിലച്ചന്റെയും കുഞ്ഞേട്ടന്റെയും സ്മരണയ്ക്കായി നടത്തിയ ലേഖനമത്സരത്തിൽ ജൂനിയർ വിഭാഗത്തിൽ നമ്മുടെ രൂപതയിലെ ഗാഗുൽത്താ ശാഖാംഗമായ ജുവാൻ മരിയ ടോജോ മുതുപ്ലാക്കൽ ഒന്നാം സ്ഥാനം നേടി. ജുവാന് പ്രത്യേകം അഭിനന്ദനങ്ങൾ.

**കുഞ്ഞുമിഷനറി മാസിക**

കോവിഡ് 19 ന്റെ പശ്ചാത്തലത്തിലുള്ള നിയന്ത്രണങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ കുഞ്ഞുമിഷനറി മാസിക സെപ്റ്റംബർ മാസവും PDF രൂപത്തിൽ പ്രസിദ്ധീകരിച്ചു. ഇത് വിശ്വാസപരിശീലനത്തിന്റെയും മിഷൻലീഗിന്റെയും വാട്സ്ആപ് ഗ്രൂപ്പുകളിലൂടെ കുട്ടികളിലെത്തിച്ചു.

**കുഞ്ഞുമിഷനറി ക്വിസ്**

2021 മെയ്, ജൂൺ ലക്കങ്ങളിലെ കുഞ്ഞുമിഷനറി മാസികയെ അടിസ്ഥാനമാക്കി സെപ്റ്റംബർ 26 ഞായറാഴ്ച ശാഖാതലത്തിൽ ക്വിസ് മത്സരം നടത്തി.

**മേഖലാവാർത്തകൾ**

**1. പാലാ മേഖല**

**വൈസ് ഡയറക്ടേഴ്സ് മീറ്റ്**

മേഖലയിലെ ശാഖാ വൈസ് ഡയറക്ടർമാരുടെ ഒരു സമ്മേളനം സെപ്റ്റംബർ 04 ശനിയാഴ്ച ഓൺലൈനായി നടത്തി. ശാഖാ വൈസ് ഡയറക്ടേഴ്സ് യോഗത്തിൽ സംബന്ധിച്ചു. മേഖലാഭാരവാഹികൾ നേതൃത്വം നൽകി.

**ജൂനിയേഴ്സ് ക്യാമ്പ്**

മേഖലയുടെ ആഭിമുഖ്യത്തിൽ, ഉരുളികുന്നം ശാഖയുടെ സഹകരണത്തോടെ ജൂനിയർ വിഭാഗം കുട്ടികൾക്കായി ക്യാമ്പ് നടത്തി. സെപ്റ്റംബർ 5 ന് ഓൺലൈനായി നടത്തിയ ക്യാമ്പിൽ സി. ദീപ്തി S.H. ക്ലാസ് നയിച്ചു.

**വിശ്വാസപരിശീലകസമ്മേളനം**

മേഖലയിലെ വിശ്വാസപരിശീലകരുടെ ഒരു സമ്മേളനം സെപ്റ്റംബർ 11 ശനിയാഴ്ച ഓൺലൈനായി നടത്തി. ഡയറക്ടർ ഫാ. ജോസഫ് മണിയങ്ങാട്ട് ഉദ്ഘാടനം നിർവ്വഹിച്ചു. മൂലമറ്റം സെന്റ് ജോസഫ് കോളേജ് അസി. പ്രഫസർ ഡോ. ജോസ് ജയിംസ് ക്ലാസ് നയിച്ചു. മേഖലാഭാരവാഹികൾ നേതൃത്വം നൽകി.

**അനുസ്മരണം**

മേഖലയുടെ ആഭിമുഖ്യത്തിൽ മിഷൻലീഗ് സ്ഥാപക ഡയറക്ടർ റവ. ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണം സെപ്റ്റംബർ 11 ശനിയാഴ്ച നടത്തി. അരുണാപുരം ശാഖയുടെ നേതൃത്വത്തിൽ നടത്തിയ പ്രോഗ്രാമിൽ രൂപത ജന. ഓർഗനൈസർ ജോബി ആലയ്ക്കപ്പറമ്പിൽ അനുസ്മരണ പ്രഭാഷണം നടത്തി.

**മാനേജിംഗ് കമ്മിറ്റി**

മേഖല മാനേജിംഗ് കമ്മിറ്റി സെപ്റ്റംബർ 12 ഞായറാഴ്ച ഓൺലൈനായി നടത്തി. പ്രസിഡന്റ് അഗസ്റ്റിൻ തോമസിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ പങ്കെടുത്തു.

**എക്സിക്യൂട്ടീവ്**

മേഖലയുടെ സെപ്റ്റംബർ മാസത്തെ എക്സിക്യൂട്ടീവ് യോഗം 18 ശനിയാഴ്ച നടന്നു.പ്രസിഡന്റ് ശ്രീ അഗസ്റ്റിൻ തോമസ് അധ്യക്ഷത വഹിച്ച യോഗത്തിൽ മേഖലാപ്രവർത്തനങ്ങൾ ചർച്ച ചെയ്തു.

**നേതൃത്വപരിശീലന ക്യാമ്പ്**

പാലാക്കാട് ശാഖയുടെ സഹകരണത്തോടെ സെപ്റ്റംബർ 19 ഞായറാഴ്ച നേതൃത്വപരിശീലനക്യാമ്പ് നടത്തി. മേഖല പ്രസിഡന്റ് അഗസ്റ്റിൻ തോമസ് ക്ലാസ് നയിച്ചു.

**സീനിയേഴ്സ് ക്യാമ്പ്**

മേഖലയിലെ സീനിയർ വിഭാഗം കുട്ടികൾക്കായി സെപ്റ്റംബർ 19 ഞായറാഴ്ച ക്യാമ്പ് നടത്തി. S.M.Y.M രൂപത ഡയറക്ടർ ഫാ. സിറിൽ തയ്യിൽ ക്ലാസ് നയിച്ചു.

**സെമിനാറുകൾ**

മേഖലയുടെ ആഭിമുഖ്യത്തിൽ 2021 സെപ്റ്റംബർ മാസം വിവിധ ശാഖകളിൽ സെമിനാർ നടത്തി. അരുണാപുരം, മുണ്ടുപാലം, തോടനാൽ, കുടക്കച്ചിറ, ളാലം ന്യൂ, മുത്തോലി ശാഖകളിൽ നടന്ന സെമിനാറുകളിൽ ജോബി ആലയ്ക്കപ്പറമ്പിൽ, അന്റു ടോമി, അഗസ്റ്റിൻ തോമസ്, ലിന്റു ടോമി, മനു അഗസ്റ്റിൻ എന്നിവർ ക്ലാസുകൾ നയിച്ചു. മേഖലാ ഭാരവാഹികൾ സെമിനാറുകൾക്ക് നേതൃത്വം നൽകി.

**ഇതരപ്രവർത്തനങ്ങൾ**

മേഖലയിലെ കുഞ്ഞുമിഷണറിമാർ സെപ്റ്റംബർ 1 മുതൽ 8 വരെ തീയതികളിൽ നോമ്പെടുത്ത് അഫ്ഗാനിസ്ഥാനിലെ സമാധാനത്തിനുവേണ്ടി കാഴ്ചവെച്ചു. കോവിഡ് സാഹചര്യത്തിൽ ചികിത്സയ്ക്കായി രക്തത്തിന് ബുദ്ധിമുട്ടനുഭവപ്പെട്ട അവസരത്തിൽ മേഖലയുടെ ആഭിമുഖ്യത്തിൽ ഒരു ബ്ലഡ് ബാങ്ക് google form വഴി തയാറാക്കി. അതിൽ 140 പേരോളം രജിസ്റ്റർ ചെയ്തു. അതിന്റെ സേവനം ഇപ്പോൾ ലഭ്യമാക്കിവരുന്നു.

**2. അരുവിത്തുറ മേഖല**

**വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ്**

വി. മദർ തെരേസയുടെ തിരുനാളിനോടനുബന്ധിച്ച് മേഖലയിലെ ശാഖാ വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ് സെപ്റ്റംബർ 04 ശനിയാഴ്ച നടത്തി. പ്രസിഡന്റ് ഷാജു കുന്നയ്ക്കാട്ടിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ദേശീയസമിതി യംഗം ബെന്നി മുത്തനാട്ട് മുഖ്യപ്രഭാഷണം നടത്തി.

**എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് സെപ്റ്റംബർ 11 ശനിയാഴ്ച ഓൺലൈനായി കൂടി. പുതിയ എക്സിക്യൂട്ടീവ് അംഗങ്ങളെ ഉൾപ്പെടുത്തുകയും പരിചയ പ്പെടുകയും ചെയ്തു. ജൂബിലി വർഷം കൂടുതൽ കാര്യങ്ങൾ ചെയ്യുവാൻ വേണ്ട തീരുമാനങ്ങൾ എടുത്തു.

**ശാഖാമേഖലാ സൗഹൃദസംഗമം**

മേഖലഭാരവാഹികളും ശാഖാഭാരവാഹികളും ഒത്തുചേരുന്ന 'ശാഖാ മേഖലാ സൗഹൃദസംഗമം' സെപ്റ്റംബർ 18 ശനിയാഴ്ച തിടനാട് ശാഖയോടൊപ്പം നടത്തപ്പെട്ടു. മേഖല - ശാഖ ഡയറക്ടേഴ്സ്, വൈസ് ഡയറക്ടേഴ്സ്, മേഖലാ ഭാരവാഹികൾ, ശാഖാ ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

**സെമിനാർ**

മേഖലയുടെ ആഭിമുഖ്യത്തിൽ, ഇടമറുക് ശാഖയിൽ സെപ്റ്റംബർ 25 ശനിയാഴ്ച സെമിനാർ നടത്തി. രൂപത ജനറൽ സെക്രട്ടറി മനു ചെറുകാട്ടിൽ ക്ലാസ് നയിച്ചു.

**മേഖല കൗൺസിലും അനുസ്മരണവും**

മേഖലാ കൗൺസിലും റവ. ഫാ. ജോസഫ് മാലിപ്പറമ്പിൽ, റവ.ഫാ. അബ്രാഹാം ഈറ്റയ്ക്കക്കുന്നേൽ എന്നിവരുടെ അനുസ്മരണവും സെപ്റ്റംബർ 26 ഞായറാഴ്ച നടത്തി.

**ഇതരപ്രവർത്തനങ്ങൾ**

മേഖലയിലെ മിഷൻലീഗ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ഓരോ ശാഖയിലും സജീവ മിഷൻ ലീഗ് പ്രവർത്തകരെ ഉൾപ്പെടുത്തി വാട്സ്ആപ്പ് ഗ്രൂപ്പ് തുടങ്ങി. പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനത്തിരുനാളിനോടനുബന്ധിച്ച് വിവിധ ശാഖകളിലെ കുട്ടികൾ തയ്യാറാക്കിയ വീഡിയോകൾ എല്ലാ ശാഖകളി ലേക്കും നൽകി. വിശുദ്ധരെ പരിചയപ്പെടുത്തുന്ന വീഡിയോകൾ ശാഖകളുടെ നേതൃത്വത്തിൽ ഉണ്ടാക്കി മേഖലയിലെ എല്ലാവർക്കും നൽകി.

**3. കുറവിലങ്ങാട് മേഖല**

**ഓൺലൈൻ പ്രസംഗമത്സരം**

മേഖലയുടെ ആഭിമുഖ്യത്തിൽ നടത്തിയ ഓൺലൈൻ പ്രസംഗ മത്സരത്തിലെ വിജയികൾ :-

**ജൂനിയർ വിഭാഗം**

1. ലൂസി തോമസ് പുത്തൻകണ്ടത്തിൽ, കുറവിലങ്ങാട്.
2. ആൽഫി ഗീവർഗീസ് പുതിയിടം, കുറവിലങ്ങാട്.

**സീനിയർ വിഭാഗം**

1. ക്രിസ്റ്റി ജിജി മേൽവെട്ടം, പാലക്കാട്ടുമല.

2.മെർലിൻ രഞ്ജൻ നരിക്കുഴിയിൽ, കാളികാവ്.

**രചനാമത്സരങ്ങൾ**

മേഖലയുടെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ മാസം വിവിധ രചനാമത്സരങ്ങൾ സംഘടിപ്പിച്ചു. ഇൻഫന്റ്/തിരുബാലസഖ്യം, ജൂനിയർ, സീനിയർ വിഭാഗങ്ങളിലായി നിറം കൊടുക്കൽ, ചിത്രരചന, കഥ, കവിത, ഉപന്യാസം, മുദ്രാവാക്യരചന, ഫോട്ടോഗ്രഫി, അടിക്കുറിപ്പ് മത്സരങ്ങളാണ് നടത്തിയത്.

**വെബിനാർ**

മേഖലയുടെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 21, 26 തീയതികളിൽ വെബിനാർ നടത്തി.

**ഇതരപ്രവർത്തനങ്ങൾ**

പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനത്തിരുനാളിനോടനുബന്ധിച്ച് സെപ്റ്റംബർ 1 മുതൽ 8 വരെ തീയതികളിൽ വീഡിയോകൾ തയ്യാറാക്കി വാട്സ് ആപ് ഗ്രൂപ്പുകളിലൂടെ എല്ലാ ശാഖകൾക്കും നൽകി.

**4. ഭരണങ്ങാനം മേഖല**

**കൗൺസിലും അനുസ്മരണവും**

മേഖല കൗൺസിലും മിഷൻലീഗ് സ്ഥാപക ഡയറക്ടർ റവ.ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണവും സെപ്റ്റംബർ 9 ന് ഓൺലൈനായി നടത്തി. പ്രസിഡന്റ് ജോയി ആറ്റുചാലിലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ദേശീയ പ്രസിഡന്റ് ബിനോയി പള്ളിപ്പറമ്പിൽ അനുസ്മരണപ്രഭാഷണം നടത്തി.

**സെമിനാർ**

മേഖലയുടെ ആഭിമുഖ്യത്തിൽ 2021 സെപ്റ്റംബർ മാസം വിവിധ ശാഖകളിൽ സെമിനാർ നടത്തി. ചൂണ്ടച്ചേരി, ഇടപ്പാടി, അമ്പാറനിരപ്പേൽ, കിഴപറയാർ, ഭരണങ്ങാനം ശാഖകളിൽ നടന്ന സെമിനാറുകളിൽ ഐബി തോമസ്, ജസ്റ്റിൻ വയലിൽ, ജോബി ആലയ്ക്കപ്പറമ്പിൽ എന്നിവർ ക്ലാസുകൾ നയിച്ചു. മേഖലാ ഭാരവാഹികൾ സെമിനാറുകൾക്ക് നേതൃത്വം നൽകി.

**മൊബൈൽ ഫോൺ വിതരണം**

ഭരണങ്ങാനം മേഖലയുടെ കീഴിലുള്ള ശാഖകളിലെ അർഹരായ കുട്ടികൾക്ക് സൗജന്യമായി മൊബൈൽ ഫോണുകൾ നൽകി. വിവിധ ശാഖ

കളിൽനിന്നു തിരഞ്ഞെടുക്കപ്പെട്ടവർക്ക് ശാഖാ ഡയറക്ടറുടെ സാന്നിധ്യത്തിൽ മേഖല പ്രസിഡന്റ് ജോയി ആറ്റുചാലിലാണ് ഫോണുകൾ വിതരണം ചെയ്തത്. മേഖലയുടെ മറ്റു ഭാരവാഹികളും പങ്കെടുത്തു.

**പ്രസംഗമത്സരം**

മേഖലയുടെ ആഭിമുഖ്യത്തിൽ ജൂനിയർ, സീനിയർ വിഭാഗങ്ങളിലെ കുട്ടികൾക്കായി സെപ്റ്റംബർ 15 മുതൽ 21 വരെ തീയതികളിൽ പ്രസംഗമത്സരം നടത്തി. 'ചെറുപുഷ്പ മിഷൻ ലീഗ് ജൂബിലി നിറവിൽ', 'ചെറുപുഷ്പ മിഷൻ ലീഗും കുഞ്ഞേട്ടനും' എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കിയാണ് മത്സരം സംഘടിപ്പിച്ചത്.

**5. മുട്ടുചിറ മേഖല**

**പ്രവർത്തന വർഷ ഉദ്ഘാടനം**

ചെറുപുഷ്പ മിഷൻലീഗ് മുട്ടുചിറ മേഖലാ പ്രവർത്തനോദ്ഘാടനം സെപ്റ്റംബർ 5 ഞായറാഴ്ച ഗൂഗിൾ മീറ്റിലൂടെ നടത്തി. മേഖലാ പ്രസിഡന്റ് ശ്രീ സിജോ സ്കറിയ ചേമ്പാലയിൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ മേഖലാ ഡയറക്ടർ റവ.ഫാ. പോൾ കുന്നുംപുറത്ത് സ്വാഗതപ്രസംഗം നടത്തി. മേഖലാ രക്ഷാധികാരി റവ. ഫാ. ജോസഫ് ഇടത്തുംപറമ്പിൽ പ്രവർത്തനോദ്ഘാടനം നിർവഹിച്ചു. രൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ അനുഗ്രഹ പ്രഭാഷണം നടത്തി. കുഞ്ഞേട്ടൻ അനുസ്മരണം ശ്രീ സോബിച്ചൻ ചൊവ്വാറ്റു കുന്നേലും ജോർജ്ജ് കൊല്ലപ്പള്ളി അനുസ്മരണം ശ്രീ റോയി മലയിലും നടത്തി. രൂപത പ്രസിഡന്റ് ശ്രീ ജസ്റ്റിൻ വയലിൽ, മേഖലാ വൈസ് ഡയറക്ടർ റവ.സി. ട്രീസാ മാത്യൂസ് സി.എം.സി., മേഖലാ വൈസ് പ്രസിഡന്റ് ശ്രീമതി റൂബി വെട്ടിക്കത്തടം, മേഖലാ സെക്രട്ടറി ശ്രീ. ജിൻസ് മണിയത്താറ്റ് എന്നിവർ പ്രസംഗിച്ചു.

**6. പ്രവിത്താനം മേഖല**

**എക്സിക്യൂട്ടീവ്**

ചെറുപുഷ്പ മിഷൻലീഗ് പ്രവിത്താനം മേഖലയുടെ സെപ്റ്റംബർ മാസത്തിലെ എക്സിക്യുട്ടീവ് മീറ്റിംഗ് 19 ഞായറാഴ്ച മേഖല ഓഫീസിൽ വച്ച് നടന്നു. തുടർപ്രവർത്തനങ്ങൾ പ്രസ്തുത മീറ്റിംഗിൽ ചർച്ച ചെയ്ത് തീരുമാനങ്ങളെടുത്തു.

**7. രാമപുരം മേഖല**

**പ്രവർത്തനവർഷ ഉദ്ഘാടനവും അനുസ്മരണവും**

മേഖലയുടെ 2021 – 22 പ്രവർത്തനവർഷ ഉദ്ഘാടനം സെപ്റ്റംബർ 5 ഞായറാഴ്ച ഓൺലൈനായി നടത്തി. ഡോ. അലക്സ് ജോർജ് കാവുകാട്ട്, മിഷൻലീഗ് സ്ഥാപക ഡയറക്ടർ ജോസഫ് മാലിപ്പറമ്പിൽ അച്ചന്റെയും സ്ഥാപകനേതാവ് കുഞ്ഞേട്ടന്റെയും അനുസ്മരണം നടത്തുകയും മിഷൻ ലീഗിനെക്കുറിച്ച് ക്ലാസ് നയിക്കുകയും ചെയ്തു. മേഖല ഭാരവാഹികൾ നേതൃത്വം നൽകി.

**കുഞ്ഞുമിഷനറി ക്വിസ് വിജയികൾ**

മേഖലയുടെ ആഭിമുഖ്യത്തിൽ ഓഗസ്റ്റ് മാസം നടത്തിയ കുഞ്ഞുമിഷനറി ക്വിസ് വിജയികൾ :-

**സീനിയർ വിഭാഗം**

1. അഗസ്റ്റസ് ബിനോയി പള്ളിപ്പറമ്പിൽ, രാമപുരം.
2. അൽഫോൻസ് ബിനോയി പള്ളിപ്പറമ്പിൽ, രാമപുരം.
3. സിയ സിബി പുളിപറമ്പിൽ, നീറന്താനം.

**ജൂനിയർ വിഭാഗം**

1. അനിറ്റ മരിയ ജേക്കബ് പ്ലാത്തോട്ടം, പൂവക്കുളം.
2. ജൂന ജോസഫ് ഇല്ലിക്കൽ, കൊണ്ടാട്
3. അനുഗ്രഹ ടോജോ പുതിയിടത്തുചാലിൽ,രാമപുരം.

**8. കടുത്തുരുത്തി മേഖല**

**മാനേജിംഗ് കമ്മിറ്റിയും പ്രവർത്തനവർഷ ഉദ്ഘാടനവും**

ചെറുപുഷ്പ മിഷൻലീഗ് കടുത്തുരുത്തി മേഖലയുടെ മാനേജിംഗ് കമ്മിറ്റിയും പ്രവർത്തനോദ്ഘാടനവും സെപ്റ്റംബർ 04 ശനിയാഴ്ച കടുത്തുരുത്തി താഴത്തുപള്ളിയിൽ വച്ചു നടന്നു.

മേഖല ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാലാ വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് കടുത്തുരുത്തി ഫൊറാന വികാരി റവ.ഫാ. സെബാസ്റ്റ്യൻ കൊല്ലംപറമ്പിൽ പ്രവർത്തനോദ്ഘാടനം നിർവഹിച്ചു. മേഖല വൈസ് ഡയറക്ടർ സി. കരുണ SABS ആശംസകൾ അർപ്പിച്ചു സംസാരിച്ചു.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# കെ.സി.എസ്.എൽ.

**മാതാവിന്റെ തിരുനാളുകൾക്കൊരുക്കമായി സ്റ്റാറ്റസ് വീഡിയോ**

മാതാവിന്റെ പിറവിത്തിരുനാളിനോടനുബന്ധിച്ച് സെപ്റ്റംബർ 1 മുതൽ 8 വരെ ശ്ലാം ലേക് മറിയം (മറിയമേ നിനക്കു സമാധാനം) എന്ന സ്റ്റാറ്റസ് വീഡിയോ ഓൺലൈൻ വഴിയായി കുട്ടികൾക്കു നൽകി. കുരിശിലെ ഈശോ ഉച്ചരിച്ച വചനങ്ങൾപോലെതന്നെ അതിപ്രധാനമായികരുതി ധ്യാനവിഷയമാക്കുന്നതാണ് സുവിശേഷത്തിൽ മറിയം ഉദ്ദീരണം ചെയ്യുന്ന വാക്കുകൾ. സുവിശേഷങ്ങളിൽ അമ്മ പറയുന്ന ഏഴു വചസ്സുകളെ അമ്മയുടെ പിറവിത്തിരുനാളിനൊരുക്കമായാണ് സ്റ്റാറ്റസ് വീഡിയോ ആയി കുട്ടികൾക്ക് നൽകിയത്.

മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാളിനോടനുബന്ധിച്ച് ഓഗസ്റ്റ് 1 മുതൽ 15 വരെ ദിവസങ്ങളിൽ 'ശൂനായ 2021' എന്ന പേരിൽ മാതാവിനെക്കുറിച്ച് ധ്യാനിക്കാൻ സഭാപിതാക്കന്മാരും വിശുദ്ധരും പറഞ്ഞിട്ടുള്ള ചിന്തകൾ ചിത്രരൂപത്തിൽ കുട്ടികളിലെത്തിച്ചു.

**അഖിലകേരള അൽഫോൻസാ ക്വിസ്സ് – ആദ്യ മൂന്നു സ്ഥാനങ്ങളും കോട്ടയം ജില്ലയിൽ**

കെ. സി. എസ്. എൽ പാലാ രൂപതയുടെയും വാകക്കാട് അൽഫോൻസാ ഹൈസ്കൂളിന്റെയും സംയുക്താഭിമുഖ്യത്തിൽ നടത്തിയ മൂവായിരത്തോളം കുട്ടികൾ പങ്കെടുത്ത അഖില കേരളാ അൽഫോൻസാ ക്വിസ്സിൽ ആദ്യ മൂന്നുസ്ഥാനങ്ങളും കോട്ടയും ജില്ലയിലെ സ്കൂൾ കുട്ടികൾ കരസ്ഥമാക്കി. ഭരണങ്ങാനം എസ്. എച്ച് ഹൈസ്കൂളിലെ കൃപാ മരിയ സിബി സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിക്കൊണ്ട് വി. അൽഫോൻസാമ്മയുടെ അധ്യാപനത്തിന്റെ നവതി മെമ്മോറിയൽ എവറോളിങ് ട്രോഫിക്കും 3001 രൂപാ ക്യാഷ് അവാർഡിനും സർട്ടിഫിക്കറ്റിനും അർഹയായി. ചെമ്മലമറ്റം ലിറ്റിൽ ഫ്ളവർ ഹൈസ്കൂളിലെ അമല ഷാജി രണ്ടാം സ്ഥാനത്തോടെ 2001 രൂപാ ക്യാഷ് അവാർഡിനും സർട്ടിഫിക്കറ്റിനും അർഹയായി. പാലാ ചാവറ പബ്ലിക് സ്കൂളിലെ ഐറിൻ അന്ന റെജി മൂന്നാം സ്ഥാനത്തോടെ 1001 രൂപാ ക്യാഷ് അവാർഡിനും സർട്ടിഫിക്കറ്റിനും അർഹയായി. വാകക്കാട് സ്കൂളിൽ അധ്യാപികയായിരുന്ന വി. അൽഫോൻസാമ്മയുടെ അധ്യാപനത്തിന്റെ നവതി ആഘോഷങ്ങളുടെ ഭാഗമായാണ് അൽഫോൻസാ ക്വിസ് സംഘടിപ്പിച്ചത്.

14 ജില്ലകളിൽനിന്നും ഒന്നും രണ്ടും മൂന്നും സ്ഥാനം നേടിയവർ ക്യാഷ് അവാർഡിനും സർട്ടിഫിക്കറ്റിനും അർഹരായി.

പരിപാടികൾക്ക് സ്കൂൾ മാനേജർ ഫാ. മൈക്കിൾ ചീരാംകുഴി, കെ. സി. എസ്. എൽ പാലാ രൂപതാ ഡയറക്ടർ ഫാ. ജീമോൻ പനച്ചിക്കൽ കരോട്ട്, ഹെഡ്മിസ്ട്രസ് സി. റ്റെസ്സ് എഫ്. സി. സി, സന്തോഷ് തോമസ്, അലൻ മാനുവൽ അലോഷ്യസ്, ആൻമരിയ തങ്കച്ചൻ, ട്രീസാ സൂസ്സൻ, ജിലു ജിജി, മനു കെ. ജോസ്, ജോസഫ്, സി. പ്രീത എന്നിവർ നേതൃത്വം നൽകി. അവാർഡ് ചടങ്ങിന്റെ വീഡിയോ kcsl official youtube ചാനലിൽ ലഭ്യമാണ്.

**എലൈയോസ് 2021 – ഗ്ലോബൽ മലയാളം ബൈബിൾ ക്വിസ് മത്സരം**

കെ. സി. എസ്. എൽ പാലായും സി. എം. എൽ പൂവരണിയും ചേർന്നൊരുക്കുന്ന ബൈബിൾ ക്വിസ് മത്സരം. 1 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കാണ് മത്സരം. ഒക്ടോബർ മാസം 9 -ാം തീയതി രാത്രി 8 മണിക്കാണ് മത്സരം . ഗൂഗിൾ ഫോമിലാണ് മത്സം നടത്തുന്നത്. കാറ്റഗറി തിരിച്ചാണ് മത്സരം നടത്തുന്നത്. 1 മുതൽ 4 വരെ കാറ്റഗറി ഒന്നും, 5 മുതൽ 8 വരെ കാറ്റഗറി രണ്ടും, 9 മുതൽ 12 വരെ കാറ്റഗറി മൂന്നും. ഒന്നാം സമ്മാനം 2001 രൂപയും സർട്ടിഫിക്കറ്റും, രണ്ടാം സമ്മാനം 1001 രൂപയും സർട്ടിഫിക്കറ്റും, മൂന്നാം സമ്മാനം 501 രൂപയും സർട്ടിഫിക്കറ്റും. കാറ്റഗറി തിരിച്ച് ഒന്നാം സമ്മാനം നേടുന്നവർക്ക് ക്യാഷ്പ്രൈസ് ഉണ്ടായിരിക്കുന്നതാണ്.

**ന്യൂസ് റീഡർ അവാർഡുകൾ പ്രഖ്യാപിച്ചു.**

കെ.സി.എസ്.എൽ. പാലായുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട 'നിങ്ങൾക്കും ആകാം ന്യൂസ് റീഡർ' അവാർഡുകൾ പ്രഖ്യാപിച്ചു. പരിശുദ്ധ കന്യ

കാമറിയത്തിന്റെ സ്വർഗ്ഗാരോപണം ഒരു വിശ്വാസസത്യമായി പ്രഖ്യാപിച്ചതിന്റെ 71-ാം വർഷത്തിലാണ് കെ.സി.എസ്.എൽ. പാലാ വ്യത്യസ്തമായ ഈ പ്രോഗ്രാം അവതരിപ്പിച്ചത്. പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുനാൾ ദിവസം നടത്തപ്പെട്ട ഈ മത്സരത്തിൽ പാലാ രൂപതയിലെ വിവിധ സ്കൂളുകളിൽനിന്ന് 49 കുട്ടികൾ പങ്കെടുത്തു. വിജയികളെ കെ.സി.എസ്.എൽ. രൂപത ഡയറക്ടർ യുട്യൂബിലൂടെ പ്രഖ്യാപിച്ചു. ബെസ്റ്റ് ന്യൂസ് റീഡർ ആയി അർഷാ മരിയ സാവിയോയും (സെന്റ് ആൻസ് എച്ച്. എസ്. എസ്, കുര്യനാട്) രണ്ടാം സ്ഥാനത്ത് റീത്ത റോസ് സെബാസ്റ്റ്യനും (സെന്റ് മേരീസ് എച്ച്.എസ്.എസ്. തീക്കോയി) മൂന്നാം സ്ഥാനത്ത് ആൻക്ലാരി സാബുവും (എൽ.എഫ്.എച്ച്.എസ്, ചെമ്മലമറ്റം) സമ്മാനർഹരായി. ഫലപ്രഖ്യാപന ചടങ്ങിന്റെ വീഡിയോ കെ.സി.എസ്.എൽ. പാലായുടെ ഒഫീഷ്യൽ യൂടൂബ് ചാനലിൽ ലഭ്യമാണ്.

**ഫാ. ജെയിംസ് പനച്ചിക്കൽകരോട്ട്** (ഡയറക്ടർ)

# എസ്.എം.വൈ.എം. – കെ.സി.വൈ.എം.

**1. എട്ടുനോമ്പാചരണം**

സെപ്റ്റംബർ 8 മർത്ത് മറിയത്തിന്റെ ജനനത്തിരുന്നാളിന് ഒരുക്കമായി പാലാ രൂപതയിലെ യുവജനങ്ങൾ ഗൂഗിൾ മീറ്റ് മുഖേന 8 നോമ്പിന്റെ സായാഹ്നങ്ങളിൽ റംശ നമസ്കാരം ചൊല്ലി പ്രാർത്ഥിച്ചു. മാർത്തോമ്മാനസ്രാണികൾ വളരെ തീക്ഷ്ണതയോടെ അനുഷ്ഠിച്ചുപോന്ന എട്ടുനോമ്പിന്റെ ഓരോ ദിവസത്തെയും റംശ പ്രാർത്ഥന രണ്ടു ഫൊറോനകൾ വീതം നേതൃത്വം നൽകി. പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകിയ ഫൊറോനകളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

1. അരുവിത്തുറ, ഭരണങ്ങാനം 2. ചേർപ്പുങ്കൽ, ഇലഞ്ഞി 3. കടനാട്, കടുത്തുരുത്തി
4. കൂട്ടിക്കൽ, കോതനല്ലൂർ 5. കുറവിലങ്ങാട്, മൂലമറ്റം 6. മുട്ടുചിറ, പാലാ
7. പൂഞ്ഞാർ, പ്രവിത്താനം 8. രാമപുരം, തീക്കോയി, തുടങ്ങനാട്

**2. പബ്ലിക് അഫയേഴ്സ് മീറ്റിംഗ്**

കേരളത്തിലെ ക്രൈസ്തവരുടെ വിദ്യാഭ്യാസ സാമ്പത്തിക പിന്നാക്കാവസ്ഥയെക്കുറിച്ച് പഠിക്കാൻ കേരള സർക്കാർ നിയോഗിച്ച റിട്ട. ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷനു മുമ്പിൽ നിവേദനങ്ങൾ അവതരിപ്പിക്കാനുള്ള സർവേ പൂർത്തീകരിച്ചതു വിലയിരുത്തുന്നതിനായുള്ള ഒരു അവലോകനയോഗം സെപ്റ്റംബർ 4 ന് വൈകിട്ട് 6 മണിക്ക് ഓൺലൈനായി നടന്നു. സീറോമലബാർ സഭയിലെ എല്ലാ രൂപതകളുടെയും പ്രതിനിധികൾ പങ്കെടുത്ത മീറ്റിംഗിൽ രൂപത ഡയറക്ടർ പങ്കെടുത്തു.

**3. വാക്സിനേഷൻ ക്യാമ്പിൽ വോളന്റിയർസ്**

മാർ സ്ലീവാ മെഡിസിറ്റിയിൽ സെപ്റ്റംബർ മാസം നടന്ന കോവിഡ് വാക്സിനേഷൻ ക്യാമ്പിലേക്ക് വോളണ്ടിയേഴ്സായി എസ്.എം.വൈ.എം. യുവതീയുവാക്കൾ എല്ലാ ദിവസവും പ്രവർത്തിച്ചു. പങ്കെടുത്ത ഏവരെയും അഭിനന്ദിക്കുന്നു.

**4. പ്രൊലൈഫ് മീറ്റിംഗ്**

വർത്തമാനകാലത്തിൽ അനുദിനം ശിഥിലമാകുന്ന കുരുന്നു ജീവിതങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ പാലാ രൂപത എസ് എം വൈ എം, പ്രോലൈഫ്, ജീസസ് യൂത്ത് എന്നീ മുന്നേറ്റങ്ങൾ സംയുക്തമായി സെപ്റ്റംബർ 5, 8 pm ന് 'കുരുതി കൊടുക്കപ്പെടുന്ന കുരുന്നു ജീവിതങ്ങൾ' എന്ന പേരിൽ പാനൽ ചർച്ച സംഘടിപ്പിച്ചു. ഓൺലൈനായി നടന്ന ചർച്ചയിൽ ജസ്റ്റിസ് കുര്യൻ ജോസഫ് മുഖ്യാതിഥി ആയിരുന്നു. ശ്രീ വിപിൻ വി റോൾഡന്റ്, ഡോ. ഫെലിക്സ് ജെയിംസ്, ഡോ. സുമ ജിൽസൺ, ശ്രീമതി എമിൽഡ ജോർജ്, ശ്രീ സണ്ണി കാട്ടൂക്കാരൻ എന്നിവർ അടങ്ങിയ വിദഗ്ദ്ധസംഘം പാനൽ ചർച്ച നയിച്ചു. ശ്രീ മാത്യു എം. കുര്യാക്കോസ് മോഡറേറ്ററായ ചർച്ചയിൽ പ്രോലൈഫ് ഡയറക്ടർ റവ. ഡോ. ജോസഫ് കുറ്റിയാങ്കൽ, ജീസസ് യൂത്ത് ചാപ്ലൈൻ റവ. ഡോ. കുര്യൻ മറ്റം, എസ്.എം.വൈ.എം. പാലാ രൂപത പ്രസിഡന്റ് അഡ്വ. സാം സണ്ണി ഓടയ്ക്കൽ, മറ്റു രൂപതാസമിതിഅംഗങ്ങൾ, ജീസസ്സ് യൂത്തിൽനിന്ന് ഉൾപ്പെടെ 350 ഓളം യുവജനങ്ങളും പങ്കെടുത്തു.

**5. അനാഥമന്ദിര സന്ദർശനം**

കെസിവൈഎം സംസ്ഥാനസമിതിയുടെ ആഹ്വാനമനുസരിച്ച് എസ്.എം.വൈ.എം. - കെ.സി.വൈ. എം. പാലാ രൂപത വിശുദ്ധ മദർ തെരേസ യുടെ അനുസ്മരണം നടത്തുകയും മർത്ത് മറിയത്തിന്റെ ജനനത്തിരുനാളിന്റെ ദിനമായ സെപ്റ്റംബർ 8 ന് കടനാട് - ഡോൺബോസ്കോ പുവർ ഹോം, കൊഴു വനാൽ - കാരുണ്യഭവൻ, ബോയ്സ് ടൗൺ സ്നേഹാലയം എന്നീ അഗതിമന്ദിര ങ്ങൾ സന്ദർശിച്ച് അഗതികളെ പരിപാലിക്കുന്ന മദർ തെരേസയ്ക്ക് തുല്യരായ ബഹു. സിസ്റ്റേഴ്സിനെ ആദരിക്കുകയും ചെയ്തു. വിവിധ യൂണിറ്റുകളും വ്യക്തികളും നൽകിയ എളിയ തുകകൾ സമാഹരിച്ച് അഗതിമന്ദിരങ്ങൾക്ക് കൈമാറി. കുടയത്തൂർ, മുത്തോലപുരം, ളാലം പഴയപള്ളി, നീലൂർ, പ്ലാശനാൽ, കയ്യൂർ, നരിയങ്ങാനം, കവീക്കുന്ന്, മുണ്ടാങ്കൽ, ഉള്ളനാട്, ഇളംതോട്ടം, പ്രവിത്താ നം, ഇലഞ്ഞി, രാമപുരം, ചേർപ്പുങ്കൽ, തുടങ്ങനാട്, രത്നഗിരി, മോനിപ്പള്ളി, എന്നീ യൂണിറ്റുകളും ഇവയ്ക്കുപുറമെ സുമനസ്സുകളായ വ്യക്തികളും സാമ്പത്തികസ ഹായം നൽകി.

**6. പാറേമ്മാക്കൽ ജയന്തി കടനാട്ടിൽ ആചരിച്ചു.**

പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനം ശുദ്ധമാന പള്ളി നയിക്കുകയും വൈദേശികാധിപത്യത്തിനെതിരേയും മതതീവ്രവാദങ്ങൾക്കെതിരേയും മാർത്തോമ്മാനസ്രാണികളുടെ ഐക്യത്തിനുവേണ്ടിയും അക്ഷീണം പ്രയത്നിക്കുകയും ചെയ്ത പാറേമ്മാക്കൽ തോമ്മാകത്തനാർ എന്ന ചരിത്രപുരുഷന്റെ ജന്മദിനത്തോടനുബന്ധിച്ച് അദ്ദേഹത്തിന്റെ ജന്മസ്ഥലമായ കടനാട് ഇടവകയിൽ വല്ല്യാത്ത് വച്ച് പുറത്തുനമസ്കാരവും അനുസ്മരണ സമ്മേളനവും നടന്നു. സെപ്റ്റംബർ 10 ന് നടന്ന ചടങ്ങിൽ കടനാട് ഫൊറോനാ പള്ളി വികാരി വെരി. റവ. ഫാ. അഗസ്റ്റിൻ അരഞ്ഞാണിപുത്തൻപുരയുടെ മുഖ്യ കാർമികത്വത്തിൽ റംശാ നമസ്കാരം ചൊല്ലി പ്രാർത്ഥിച്ചു.

പാറേമ്മാക്കൽ തോമ്മാ ഗോവർണദോർ എഴുതിയ മലയാളത്തിലെ ആദ്യ യാത്രാവിവരണ ഗ്രന്ഥമായ വർത്തമാനപ്പുസ്തകത്തിന്റെ ആനുകാലിക പ്രസക്തിയെക്കുറിച്ചും അദ്ദേഹത്തിന്റെ സംഭാവനകളെക്കുറിച്ചും പാറേമ്മാക്കൽ കുടുംബയോഗം പ്രസിഡന്റ് മാത്യു പള്ളിക്കുന്നേൽ, രൂപത ഡയറക്ടർ ഫാ. സിറിൽ തോമസ് തയ്യിൽ, അനിൽ തോണിക്കുഴിയിൽ, പയസ് വലിയകുന്നേൽ തുടങ്ങിയവർ സംസാരിച്ചു. വൈദേശിക ആധിപത്യത്തിനെതിരേ സ്വരമുയർത്തി ദേശീയ പ്രസ്ഥാനങ്ങൾക്ക് രൂപം കൊടുത്ത ആദ്യകാല മഹദ്വ്യക്തിയാണ് മാർ പാറേമ്മാക്കൽ എന്നും പാറേമ്മാക്കലിനെയും അദ്ദേഹത്തിന്റെ കൂടെ എട്ടു വർഷമെടുത്തു ക്ലേശകരമായ റോമാ - പോർച്ചുഗൽ യാത്ര നടത്തിയ കരിയാറ്റിൽ മാർ യൗസേപ്പ് മെത്രാപ്പോലീത്തായുടെയും ജീവചരിത്രവും ജീവിതദൗത്യങ്ങളും പഠിച്ചാൽ സഭയിലും സമൂഹത്തിലും രാഷ്ട്രത്തിലും ഇന്ന് നിലവിലുള്ള ഭിന്നതകൾ, മതതീവ്രവാദപ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്താനാകുമെന്ന് ഡയറക്ടറച്ചൻ അഭിപ്രായപ്പെട്ടു. ചരിത്രബോധമില്ലാത്തവർക്ക് ചരിത്രത്തിൽ ഇടം നഷ്ടപ്പെടുമെന്ന് അനിൽ തോണിക്കുഴി പറഞ്ഞു. എസ്.എം.വൈ.എം. പാലാ രൂപത ജനറൽ സെക്രട്ടറി കെവിൻ ടോം മൂങ്ങാമാക്കൽ, വൈസ് പ്രസിഡന്റ് സുസ്മിത സ്കറിയ, കെ.സി വൈ.എം. സംസ്ഥാന സിൻഡിക്കേറ്റംഗം നിഖിൽ ഫ്രാൻസിസ്, എക്സിക്യൂട്ടീവ് അംഗങ്ങളായ ആൽഫിൻ ടോം, റോസ്മോൾ എൻ, ജോസ് പ്ലാശനാൽ, വിവിധ നസ്രാണി യൂത്ത് പ്രതിനിധികൾ, കുടുംബക്കൂട്ടായ്മ പ്രതിനിധികൾ തുടങ്ങിയവർ സാമൂഹിക അകലം പാലിച്ചു പ്രാർഥനയിലും തുടർന്നുള്ള അനുസ്മരണ സമ്മേളനത്തിലും പങ്കുചേർന്നു. സമ്മേളനത്തിനൊടുവിൽ യുവാക്കൾ പാറേമ്മാക്കൽ ഗോവർണ്ണദോർ ജനിച്ച് വളർന്ന വീടിരിക്കുന്ന സ്ഥലത്തെത്തി കത്തനാരുടെ അമ്മ കൈകൊണ്ട് സ്വന്തമായി നിർമ്മിച്ചതും ഇപ്പോഴും സംരക്ഷിച്ചു പോരുന്നതുമായ വറ്റാത്ത കിണറും പുരാതനമായ അറയും നിരയും ഉള്ള വീടും സന്ദർശിക്കുകയും ചെയ്തു.

**7. ഭീകരവാദവിരുദ്ധ പ്രാർത്ഥനാറാലിയും മാനവികസമാധാനസദസ്സും നടത്തി.**

SMYM - KCYM പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ എല്ലാ യൂണിറ്റുകളിൽനിന്നുമുള്ള യുവാക്കളെ ഉൾപ്പെടുത്തി കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് സെപ്റ്റംബർ 12 ഞായറാഴ്ച രാവിലെ 9.30 ന് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന് ഐകദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് വിവിധ പോയിന്റുകളിൽനിന്ന് പാലാ കുരിശുപള്ളി ജംഗ്ഷനിൽ എത്തുന്ന വിധത്തിൽ റാലിയും തുടർന്ന് വൈകുന്നേരം അഞ്ചുവരെ മാനവിക സമാധാനക്ഷമസദസ്സും ജാതി മത രാഷ്ട്രീയ വർഗ്ഗ വർണ്ണ ഭേദമെന്യേ സുമനസ്സുകളുടെ സഹകരണത്തോടെ നടത്തപ്പെട്ടു. ക്രൈസ്തവഗാന്ധിയൻ മാതൃകയിൽ 15 യുവാക്കന്മാർ ഉപവാസം ഇരുന്നു.

എസ്.എം.വൈ.എം ഗ്ലോബൽ ഡയറക്ടർ റവ.ഫാ.ജേക്കബ് ചക്കാത്ര ആമുഖപ്രഭാഷണം നടത്തി. അഭിവന്ദ്യപിതാവിന്റെ വാക്കുകൾക്ക് പൂർണ്ണ പിന്തുണ പ്രഖ്യാപിക്കുകയും ഇപ്പോൾ നടക്കുന്നത് ഒരു സൂചന മാത്രമാണെന്നും

അദ്ദേഹം അടിവരയിട്ടു പറഞ്ഞു. പാലാ മുൻസിപ്പൽ ചെയർമാൻ ശ്രീ ആന്റോ പടിഞ്ഞാറേക്കര യോഗം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. കെ.സി.വൈ.എം. സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. ഷിജോ ഇടയാടിൽ, എസ്.എം.വൈ.എം പാലാ രൂപത പ്രസിഡന്റ് ശ്രീ സാം സണ്ണി ഓടയ്ക്കൽ, എസ്.എം.വൈ.എം പാലാ രൂപത ഡയറക്ടർ ഫാ. തോമസ് സിറിൽ തയ്യിൽ, എസ്.എം.വൈ.എം. പാലാ രൂപത സമിതിയിലെ ജനറൽ സെക്രട്ടറി ശ്രീ കെവിൻ ടോം മൂങ്ങാമാക്കൽ, വൈസ് പ്രസിഡന്റ് സുസ്മിത സ്കറിയ, കെ.സി.വൈ.എം. സംസ്ഥാന സിൻഡിക്കേറ്റംഗം ശ്രീ നിഖിൽ ഫ്രാൻസിസ്, എസ്. എം.വൈ. എം. പാലാ രൂപത മുൻ പ്രസിഡന്റ് ശ്രീ ബിബിൻ ബെന്നി ചാമാക്കാലയിൽ, പാലാ രൂപത ഡി.സി.എം.എസ്. ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, എസ്.എം.വൈ.എം. കാഞ്ഞിരപ്പള്ളി രൂപത പ്രസിഡന്റ് ശ്രീ ആദർശ്, എസ്.എം.വൈ.എം. – യുവദീപ്തി ചങ്ങനാശ്ശേരി രൂപത പ്രസിഡന്റ് ശ്രീ ജോബിൻ, ഇടുക്കി രൂപത കെ.സി.വൈ.എം. പ്രസിഡന്റ് ശ്രീ അലക്സ് തോമസ്, കെ.സി.വൈ.എം. മുൻ സംസ്ഥാന പ്രസിഡന്റ് ശ്രീ സിറിയക് ചാഴികാടൻ, കടുത്തുരുത്തി MLA ശ്രീ മോൻസ് ജോസഫ്, പാലാ MLA ശ്രീ മാണി സി കാപ്പൻ, പാലാ രൂപത കെ.സി.വൈ.എം. മുൻ ജനറൽ സെക്രട്ടറി ശ്രീ അമൽ ജോർജ്, കോട്ടയം ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീ ജോസ്മോൻ മുണ്ടയ്ക്കൽ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ സിജു സെബാസ്റ്റ്യൻ, കേരള കോൺഗ്രസ് പാലാ നിയോജക മണ്ഡലം പ്രസിഡന്റ് ശ്രീ ജോർജ് പുളിങ്കാട്, ബി.ജെ.പി. പാലാ നിയോജക മണ്ഡലം പ്രസിഡന്റ് ശ്രീ രഞ്ജിത്, മുത്തോലി സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് ശ്രീ  ടോബിൻ കെ അലക്സ്, വ്യാപാരി സംഘടന പ്രതിനിധി ശ്രീ ബിജു മാത്യു, കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ പി.എം. മാത്യു, മാധ്യമ പ്രവർത്തകർ ശ്രീ റെൻസോയി, ഡി.സി.എം.എസ്. പാലാ രൂപത വൈസ് പ്രസിഡന്റ് ശ്രീ സെലിൻ കെ തോമസ്, കെ.എസ്.സി.എം. സംസ്ഥാന പ്രസിഡന്റ് ശ്രീ ആബേഷ് അലോഷ്യസ്, യു.ഡി.എഫ്. ജില്ലാ ചെയർമാൻ ശ്രീ സജി മഞ്ഞക്കടമ്പിൽ, യൂത്ത് വെൽഫയർ ബോർഡ് കോർഡിനേറ്റർ ശ്രീ ടോണി കവിയിൽ, കെ.സി.വൈ.എം മുൻ പ്രസിഡന്റ് ശ്രീ ആൽവിൻ ഞായർകുളം, ജനോക്രസി സ്ഥാപകൻ ശ്രീ ജോയി മൂക്കൻതോട്ടത്തിൽ, ളാലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി റൂബി ജോസ്, പൂഞ്ഞാർ മുൻ MLA പി.സി. ജോർജ്, കെ.സി.വൈ.എം പാലാ രൂപത മുൻ പ്രസിഡന്റ് ശ്രീ ഷിജോ ചെന്നേലി, കെ.സി.വൈ.എം. പാലാ രൂപത മുൻ ജനറൽ സെക്രട്ടറി ശ്രീ ദേവസ്യാച്ചൻ പുളിക്കിയിൽ, കെ.സി.വൈ.എം. പാലാ രൂപത മുൻപ്രസിഡന്റ് ശ്രീ ഡാനി പാറയിൽ, കെ.സി.വൈ.എം. പാലാ രൂപത മുൻ പ്രസിഡന്റ് ശ്രീ ജോബിൻ ഒട്ടലാങ്കൽ, കെ.സി.വൈ.എം. പാലാ രൂപത മുൻ പ്രസിഡന്റ് ശ്രീ സെബാസ്റ്റ്യൻ തോട്ടത്തിൽ, കെ.സി.വൈ.എം. പാലാ രൂപത മുൻപ്രസിഡന്റ് ശ്രീ ജിനു മുട്ടപ്പള്ളിൽ, കെ.സി.വൈ.എം. പാലാ രൂപത മുൻ ഡെപ്യൂട്ടി പ്രസിഡന്റ് ശ്രീ രാജീവ്കേരള കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ ജോർജ് കുട്ടി അഗസ്തി, പാലാ രൂപത ടീച്ചേഴ്സ് ഗിൽഡ് മുൻ പ്രസിഡന്റ് ശ്രീ സന്തോഷ് കാവുകാട്ട്, യുണൈറ്റഡ് എക്ലേസിയ ഫോറം പ്രതിനിധി ശ്രീ സാബു എബ്രഹാം, ജീസസ് ഫ്രണ്ട്സ് ക്ലബ് പ്രതിനിധി ശ്രീ ജോളി വർഗ്ഗീസ്, അഡോൺ ചാരിറ്റബിൾ

ട്രസ്റ്റ് ചെയർമാൻ ശ്രീ സാബു കരിന്തറ, കാസ പ്രതിനിധി ശ്രീ ജോമേഷ് എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. കെ.സി.വൈ.എം. സംസ്ഥാന ഡയറക്ടർ ഫാ. സ്റ്റീഫൻ ചാലക്കര സമാപനസന്ദേശം നൽകുകയും ഉപവാസം എടുത്ത യുവാക്കൾക്ക് നാരങ്ങാനീര് നൽകി സദസ് സമാപിപ്പിക്കുകയും ചെയ്തു.

**8. വിശദീകരണയോഗം നടന്നു.**

സെപ്റ്റംബർ 11,12 തീയതികളിലായി പബ്ലിക് അഫയേഴ്സ് കമ്മീഷന്റെ, ക്രൈസ്തവരുടെ സാമ്പത്തിക സാമൂഹിക അവസ്ഥയും സർവേയുടെ ഫലവും വിശദീകരിക്കാനുള്ള ഭാരവാഹികളുടെ യോഗത്തിൽ ഡയറക്ടർ പങ്കെടുത്തു.

**9. പാലാ ദൂത്**

സെപ്റ്റംബർ, ഒക്ടോബർ, നവംബറിലേക്കുള്ള പാലാ ദൂതിന്റെ ക്രമീകരണങ്ങൾ രൂപത ഡയറക്ടറുടെ നേതൃത്വത്തിൽ പൂർത്തിയായിക്കൊണ്ടിരിക്കുന്നു.

**10. ഡയറക്ടറി പ്രകാശനം**

SMYM-KCYM പാലാ രൂപതാ 2021 സമിതിയുടെ സയറക്ടറി പ്രകാശനം അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ വലിയപിതാവ്, മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ സാന്നിധ്യത്തിൽ, തലശ്ശേരി രൂപതയുടെ വലിയ പിതാവ് മാർ ജോർജ് വലിയമറ്റം മെത്രാപ്പോലീത്തയ്ക്ക് നൽകി നിർവ്വഹിച്ചു. രൂപത ഡയറക്ടർ, സമിതിയംഗങ്ങൾ എന്നിവർ പങ്കെടുത്തു.

**11. ഓറിയന്റേഷൻ ക്ലാസുകൾ നയിച്ചു.**

ചെറുപുഷ്പം മിഷൻ ലീഗ് പാലാ മേഖലയുടെ മുതിർന്ന അംഗങ്ങൾക്കുള്ള ഓറിയന്റേഷൻ ക്ലാസ് രൂപത ഡയറക്ടർ സെപ്റ്റംബർ 19 ന് നൽകി.

**12. ഡയറക്ടറികൾ വിതരണം ചെയ്തു.**

പാലാ രൂപത എസ്.എം.വൈ.എം.ന്റെ 2021 ലെ ഡയറക്ടറി ഫൊറോനാ, യൂണിറ്റ്, ഭാരവാഹികളുടെ നേതൃത്വത്തിൽ എല്ലാ പള്ളികളിലും മഠങ്ങളിലും യൂണിറ്റുകളിലും രൂപതയുടെ വിവിധ സ്ഥാപനങ്ങളിലും സംഘടനയുടെ പഴയ ഭാരവാഹികൾക്കും വിതരണം ചെയ്തു.

**13. കോവിഡ് മൃതസംസ്കാരശുശ്രൂഷകൾ**

പാലാ രൂപത ഗുഡ് സമരിറ്റൻ കോവിഡ് ടാസ്ക് ഫോഴ്സിന്റെ നേതൃത്വത്തിൽ എസ്.എം.വൈ.എം. യുവാക്കൾ കോവിഡ് മൃതസംസ്കാരശുശ്രൂഷകൾ നടത്തിവരുന്നു.

**14. യുവസംരംഭക ക്യാമ്പ് നടത്തി**

യുവജനങ്ങൾ കാലികമായ സംരംഭങ്ങൾ തുടങ്ങാൻ പ്രചോദനം നൽകുന്ന ഏക ദിന ജീവിതദർശന ക്യാമ്പ് കൊടുമ്പിടിയിലുള്ള വിസിബ് ഹെഡ് ഓഫീസിൽ വച്ചു സെപ്റ്റംബർ 26 ഞായറാഴ്ച രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണിവരെ നടത്തപ്പെട്ടു. വിസിബ് സെക്രട്ടറി ശ്രീ തങ്കച്ചൻ ഉദ്ഘാടനം ചെയ്ത ക്യാമ്പിൽ സഹകരണസംഘങ്ങൾക്കും സ്വയംസഹായസംഘങ്ങൾക്കും സാമ്പത്തികമേഖലയിൽ ഉണ്ടാക്കാൻ സാധിക്കുന്ന ചലനങ്ങളെക്കുറിച്ച് അദ്ദേഹം വിശദീകരിച്ചു. വളരെ ചെറിയ ഒരു യുവജന കൂട്ടായ്മയായി തുടങ്ങിയ സന്ധ്യാ

ക്ലബ്ബ് വിസിബ് എന്ന മഹാപ്രസ്ഥാനമായി മാറിയ ചരിത്രം യുവാക്കളിൽ ആവേശമുണർത്തി. നിസ്സാരകാര്യങ്ങൾ ആത്മാർത്ഥമായി ചെയ്യാൻ മനസ്സു കാണിച്ചാൽ, തനിച്ചു നിൽക്കാതെ കൂട്ടായിനിൽക്കാൻ തയ്യാറായാൽ അദ്ഭുതങ്ങൾ സൃഷ്ടിക്കാം എന്നും കേരളത്തിൽ ഒരു പുതിയ സംസ്കാരത്തിന് തുടക്കം ഇടാമെന്നും ബോധ്യമായതായി യുവതീയുവാക്കൾ അഭിപ്രായപ്പെട്ടു. വിസിബിന്റെ സി.ഇ.ഒ. ശ്രീ ബിജോയി നേതൃപാടവത്തെക്കുറിച്ചും വിസിബിന്റെ പ്രവർത്തന ങ്ങളെക്കുറിച്ചും സംസാരിച്ചു. സെയിൽസ് എക്സിക്യൂട്ടീവ് ശ്രീ മുരളീധരൻ വിസിബിന്റെ ചരിത്രം, ബിസിനസ്സ് രീതികൾ തുടങ്ങിയവ വ്യക്തമാക്കി. എസ്.എം. വൈ.എം. പാലാ രൂപത ഡയറക്ടർ ഫാ. സിറിൽ തോമസ് തയ്യിൽ, ബ്രദർ റീജന്റ് സേവ്യർ മുക്കുടിക്കാട്ടിൽ, പ്രസിഡന്റ് അഡ്വ. സാം സണ്ണി ഓടയ്ക്കൽ, വൈസ് പ്രസിഡന്റ് സുസ്മിത സ്കറിയ, സംസ്ഥാന സിൻഡിക്കേറ്റംഗം റ്റിയ ടെസ് ജോർജ്, ട്രഷറർ അജോ ജോസഫ്, എക്സിക്യൂട്ടീവ് അംഗങ്ങളായ ആൽഫിൻ ടോം, റോസ്മോൾ എൻ അറയ്ക്കൽ എന്നിവരുടെ നേതൃത്വത്തിൽ വൈ.എ.റ്റി.പി അംഗങ്ങൾ ഉൾപ്പടെ നിരവധി യുവജനങ്ങൾ ക്യാമ്പിൽ സംബന്ധിച്ചു.

**ഒക്ടോബർ മാസത്തിൽ നടക്കാനിരിക്കുന്നവ**

എസ്.എം.വൈ.എം.ന്റെ ആഭിമുഖ്യത്തിൽ ഗാന്ധിജയന്തി ആഘോഷം.

സീറോ മലബാർ യൂത്ത് ഡേ

**ഫാ. തോമസ് തയ്യിൽ** (ഡയറക്ടർ)

# ജീസസ് യൂത്ത്

**1. സുവിശേഷവത്കരണ മാസം**

2021 സെപ്റ്റംബർ മാസം സുവിശേഷവത്കരണ മാസമായി ആചരിച്ചു. സെപ്റ്റംബർ 1 ന് ജീസസ് യൂത്തിന്റെ Ecclesiastical Advisor കണ്ണൂർ ബിഷപ് ഡോ. അലക്സ് വടക്കുംതല ഉദ്ഘാടനം നിർവഹിച്ചു. ഓരോ ദിവസവും ചെയ്യേണ്ട മിഷനറി പ്രവർത്തനങ്ങൾ പ്ലാൻ ചെയ്ത് നേരത്തെ അറിയിക്കുകയും നടപ്പിലാക്കുകയും ചെയ്തു. ജോഗേഷ് ജോബി, അലൻ ജോസഫ്, എൽസ മരിയ, ആൽഫി സെബാസ്റ്റ്യൻ, ആനി ജോഷി, ആശിഷ് ജോസ്, റിച്ചു ലിസ് സണ്ണി എന്നിവർ നേതൃത്വം നൽകി.

**2. പ്രൊഫഷണൽ ഗാതറിംഗ്**

ജീസസ് യൂത്തിലെ വിവിധ പ്രൊഫഷനുകളിൽപ്പെട്ടവരുടെ ഒരു സമ്മേളനം സെപ്റ്റംബർ 10 ന് നടത്തപ്പെട്ടു. ഫാ. കുര്യൻ മറ്റം, സച്ചിൻ മാത്യൂസ്, സെബാ സ്റ്റ്യൻ, ഷാരോൺ തുടങ്ങിയവർ നേതൃത്വം നൽകി. സിംഗപ്പൂർ ജീസസ് യൂത്ത് നാഷണൽ ആനിമേറ്റർ സിജുമോൻ അബ്രാഹം മുഖ്യപ്രഭാഷണം നടത്തി.

**3. മംഗളവാർത്താധ്യാനം**

ജീസസ് യൂത്തിന്റെ നേതൃത്വത്തിലുള്ള മംഗളവാർത്താധ്യാനം വിവാഹിത രായ ദമ്പതികൾക്കും ഗർഭിണികൾക്കുമായി സെപ്റ്റംബർ 9 മുതൽ 16 വരെ തീയ തികളിൽ നടത്തപ്പെട്ടു. ഫാ. ജോർജ് മുളങ്ങാട്ടിൽ, ഫാ. തോമസ് കോഴിമല,

ഫാ. കുര്യൻ മറ്റം, ഫാ. ജോസഫ് മൈലപ്പറമ്പിൽ, ഫാ. ജെയിംസ് പനച്ചിക്കൽക രോട്ട്, ഡോ. ഫിന്റോ ഫ്രാൻസീസ്, സി. ഡോ. ശാന്തി, ശശി ഇമ്മാനുവേൽ, ജോസ് മാത്യു, ജോൺസൺ കണ്ടത്തിൽ, ഔതച്ചൻ എന്നിവർ ക്ലാസുകൾ നയിച്ചു. ജോസ് മാത്യു, ടോണി, ജോസുകുട്ടി ജേക്കബ്, ഡോ. ജോസ് മാത്യു, ടോമിന എന്നിവർ നേതൃത്വം നൽകി.

**4. ഇവാഞ്ചലൈസേഷൻ ക്ലാസുകൾ**

സെപ്റ്റംബർ മാസത്തിലെ സുവിശേഷവത്കരണ ആചരണത്തിന്റെ ഭാഗമായി ഈ കാലഘട്ടത്തിലെ ഇവാഞ്ചലൈസേഷൻ സാധ്യതകളെക്കുറിച്ച് വിവിധ ദിവസങ്ങളിൽ സജി പന്ന്യാർകുട്ടി, സിൻജോ പി.കെ., ഡേവിസ് ജോൺസൺ എന്നിവർ ക്ലാസുകൾ നയിച്ചു. ആഗ്നൽ സണ്ണി, ജെയ്മോൻ ജോൺ, അമല ട്രീസ എന്നിവർ നേതൃത്വം നല്കി.

**5. ഓൺലൈൻ ആരാധന**

രൂപതയ്ക്കുവേണ്ടിയും സഭയ്ക്കുവേണ്ടിയും പ്രാർത്ഥിക്കാനായി സെപ്റ്റംബർ 12 ന് രാത്രി ഓൺലൈൻ ആരാധനാശുശ്രൂഷ നടന്നു. ഫാ. കുര്യൻ മറ്റം, സി. ലിസ് മരിയ, അമല ട്രീസ എന്നിവർ നേതൃത്വം നൽകി.

**6. ഏകദിന ആരാധന – ചിറ്റാർ പള്ളിയിൽ**

സഭയുടെയും രൂപതയുടെയും നിയോഗങ്ങൾക്കുവേണ്ടി സെപ്റ്റംബർ 16 ന് ചിറ്റാർ പള്ളിയിൽവച്ച് ഏകദിന ദിവ്യകാരുണ്യ ആരാധന നടത്തി. ഫാ. ഷാജി പുന്നത്താനത്തുകുന്നേൽ, ഫാ. കുര്യൻ മറ്റം, അമല ട്രീസ, എയ്ഞ്ചൽ, ചാൾസ് ഇടപ്പാടി, സുബിൻ ലൂക്കോസ്, ക്ലിജോ കണിയാംപടി എന്നിവർ നേതൃത്വം നൽകി.

**7. ദിവ്യകാരുണ്യ ആരാധന – അരുണാപുരം**

രൂപതാദ്ധ്യക്ഷനും രൂപതയ്ക്കും സഭയ്ക്കുംവേണ്ടി പ്രാർത്ഥിക്കാനായി ജീസസ് യൂത്ത് അംഗങ്ങൾ സെപ്റ്റംബർ 18 ന് അരുണാപുരം പള്ളിയിൽ ഒത്തുചേർന്ന് ദിവ്യകാരുണ്യാരാധന നടത്തി. ഫാ. കുര്യൻ മറ്റം, സി. ലിസ് മരിയ സി. എം.സി, ജോഗേഷ് ജോബി, ഡോ. ബ്രിജിത്ത് സുദീപ്, റൂബി, അമല ട്രീസ, എയ്ഞ്ചൽ എന്നിവർ നേതൃത്വം നല്കി.

**8. രണ്ടാം ശനിയാഴ്ച സമ്മേളനം**

ജീസസ് യൂത്തിന്റെ രണ്ടാം ശനിയാഴ്ച സമ്മേളനം സെപ്റ്റംബർ 11 ശനിയാഴ്ച നടന്നു. ആൻട്രീസ ജോഷി ക്ലാസ് നയിച്ചു. മിസ് ജോയിസി തോമസ്, ആൽഫി സെബാസ്റ്റ്യൻ, ബെല്ല സണ്ണി, സൈമൺ റോയി, ദീപ്തി ജയിംസ് എന്നിവർ നേതൃത്വം നൽകി.

**9. ഏകദിന പ്രോഗ്രാം – കുറവിലങ്ങാട്**

കുറവിലങ്ങാട് സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂളിലെ കുട്ടികൾക്കായി സെപ്റ്റംബർ 19 ന് ഒരു ഏകദിനപ്രോഗ്രാം നടത്തി. ഫാ. കുര്യൻ മറ്റം, സി. ബെൻസി സി.എം.സി, ജോയിസി തോമസ്, ബെല്ലാ സണ്ണി, അഖിൽ സെബാസ്റ്റ്യൻ, എൽസാ മരിയ എന്നിവർ നേതൃത്വം നൽകി.

**10. കോർഡിനേറ്റേഴ്സ് പരിശീലന സെമിനാർ**

വിവിധ മിനിസ്ട്രികളുടെ കോർഡിനേറ്റേഴ്സിന്റെ പരിശീലന സെമിനാർ സെപ്റ്റംബർ 24, 25 തീയതികളിൽ മുത്തോലി സെന്റ് ജോസഫ്സ് റ്റി.റ്റി.ഐ. യിൽ നടന്നു. ഫാ. കുര്യൻ മറ്റം, ഫാ. ബിജു സി.എം.ഐ, സജി പന്ന്യാർകുട്ടി, അമല ട്രീസ, സി. ലിസ്മരിയ സി.എം.സി എന്നിവർ നേതൃത്വം നൽകി.

**11. ഹൗസ് ഹോൾഡുകളുടെ സമ്മേളനം**

സെപ്റ്റംബർ 5 ന് അരുവിത്തുറ, മുട്ടം, ഇലഞ്ഞി, കുറവിലങ്ങാട് ഹൗസ് ഹോൾഡുകളും സെപ്റ്റംബർ 19 ന് പാലാ ഹൗസ് ഹോൾഡും കൂട്ടായ്മകൾ ചേർന്നു. ജസ്റ്റിൻ വി. ജോസഫ്, ജെറിൻ മാത്യു എന്നിവർ നേതൃത്വം നൽകി.

**12. കൗൺസിൽ സമ്മേളനം**

ജീസസ് യൂത്തിന്റെ രൂപതാ കൗൺസിൽ സെപ്റ്റംബർ 19 ന് ശാലോമിൽ ചേർന്നു. ഫാ. കുര്യൻ മറ്റം, അമല ട്രീസ, സി. ലിസ്മരിയ സി.എം.സി, ഷിബ്രിസ് കെ. സെബാസ്റ്റ്യൻ, സുബിൻ ലൂക്കോസ് എന്നിവർ നേതൃത്വം നൽകി.

**13. വനിതാസമ്മേളനം**

ജീസസ് യൂത്തിന്റെ ഇലഞ്ഞി ഫൊറോനയിലെ വനിതാസമ്മേളനം സെപ്റ്റംബര് 25 നു നടന്നു. ഫാ. കുര്യൻ മറ്റം, സി. ലിസറ്റ് എസ്.എ.ബി.എസ്., സ്നേഹ മരങ്ങോലി എന്നിവർ നേതൃത്വം നൽകി.

**14. പൂർവവിദ്യാർത്ഥി സമ്മേളനം**

അൽഫോൻസാ കോളജിലെ ജീസസ് യൂത്ത് പൂർവവിദ്യാർത്ഥികളുടെ ഒരു ഓൺലൈൻ സമ്മേളനം സെപ്റ്റംബർ 26 ന് ചേർന്നു. ഫാ. കുര്യൻ മറ്റം, അമല ട്രീസ എന്നിവർ പങ്കെടുത്തു സംസാരിച്ചു.

**ഫാ. കുര്യൻ മറ്റം, ഫാ. തോമസ് തയ്യിൽ** (ഡയറക്ടേഴ്സ്)

# കുടുംബക്കൂട്ടായ്മ

1. 11/09/2021 പാലാ രൂപതാ കുടുബക്കൂട്ടായ്മ നേതൃസമിതിയുടെ അടിയന്തര യോഗം ജിഹാദിവിഷയത്തിൽ അഭിവന്ദ്യ കല്ലറങ്ങാട്ട് പിതാവിന്റെ നിലപാടുകൾക്ക് പൂർണ്ണ പിന്തുണ പ്രഖ്യാപിച്ചു.

ക്രൈസ്തവരെ ജിഹാദികൾക്ക് അടിയറവയ്ക്കാൻ ശ്രമിക്കുന്നവരെ ഒറ്റപ്പെടുത്തുവാൻ മതനിരപേക്ഷത കാംക്ഷിക്കുന്ന എല്ലാവരും ഒത്തുചേരണമെന്ന് യോഗം അഭ്യർത്ഥിച്ചു.

രൂപതാ ഡയറകടർ ഫ. വിൻസെന്റ് മൂങ്ങാമാക്കൽ, കോ ഓർഡിനേറ്റർ തോമസ് വടക്കേൽ, സെക്രട്ടറി ജോണി സിറിയക് വേലംകുന്നേൽ, അഗസ്റ്റ്യൻ വെള്ളപ്ലാക്കൽ എന്നിവർ യോഗത്തിൽ പ്രസംഗിച്ചു.

ബഹു. ഡയറക്ടർ അച്ചൻ എല്ലാ ഫെറോനാ കോ-ഓർഡിനേറ്റർ മാരുമായി ബന്ധപ്പെട്ടുകയും സമുദായം നേരിട്ടുകൊണ്ടിരുന്ന തിന്മകൾക്കെതിരേ ജാഗരൂകരായിരിക്കണമെന്ന അഭിവന്ദ്യ രൂപതാധ്യക്ഷന്റെ പ്രബോധനത്തെപ്പറ്റി വിശദീകരിക്കുകയും ചെയ്തു.

**2. അഭിവന്ദ്യ പിതാവിന് ഐകദാർഢ്യം**

കുടുംബക്കൂട്ടായ്മയുടെ നേതൃനിരയിൽ ഉള്ളവർ ബഹുമാനപ്പെട്ട രൂപത ഡയറക്ടർ വിൻസെന്റ് മുങ്ങാമാക്കൽ അച്ചന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 28 ചൊവ്വാഴ്ച മൂന്നുമണിക്ക് അഭിവന്ദ്യ കല്ലറങ്ങാട്ട് പിതാവിനെ രൂപതാ കേന്ദ്രത്തിലെത്തി സന്ദർശിക്കുകയും പിതാവിന് രൂപതാ കുടുംബക്കൂട്ടായ്മയുടെ പൂർണ്ണപിന്തുണ അറിയിക്കുകയും ചെയ്തു.

**3. പ്രാർത്ഥനായജ്ഞം**

ഫൊറോനാ കൗൺസിലുകളുടെ നേതൃത്വത്തിൽ ഓഗസ്റ്റ് മാസത്തിൽ ആരംഭിച്ച കരുണക്കൊന്ത ചൊല്ലിയുള്ള പ്രാർത്ഥനായജ്ഞം 17 ഫൊറോന കളിലും നടന്നുവരുന്നു.

**നിയോഗങ്ങൾ**

1. കോവിഡ് മഹാമാരിയിൽനിന്നു മോചനം ലഭിക്കുവാൻ
2. പീഡിതസഭയ്ക്കുവേണ്ടിയും സീറോ മലബാർ സഭയുടെ ഐക്യത്തിനു വേണ്ടിയും.
3. ജസ്റ്റീസ് ജെ.ബി. കോശി കമ്മീഷന്റെ റിപ്പോർട്ടിലൂടെ ക്രൈസ്തവ സമൂഹത്തിന് നീതി ലഭിക്കുവാൻ.

**പ്രത്യേക നിയോഗം**

സമൂഹത്തിലെ ജിഹാദി തിന്മകൾക്കെതിരേ പ്രതികരിച്ച അഭിവന്ദ്യ കല്ലറങ്ങാട്ട് പിതാവിന്റെ നിലപാടുകൾ എല്ലാവരും ഉൾക്കൊള്ളുന്നതിനും സാഹോദര്യത്തിന്റെ അന്തരീക്ഷം ഉണ്ടാകുവാനും വേണ്ടി.

എല്ലാദിവസവും അവരവരുടെ വീടുകളിൽ കരുണക്കൊന്ത ചൊല്ലി പ്രാർത്ഥിക്കുകയും താഴെക്കൊടുത്തിരിക്കുന്ന സമയക്രമം അനുസരിച്ച് ആഴ്ചയിലൊരിക്കൽ ഓൺലൈനിൽ ഒത്തുകൂടി പ്രാർത്ഥിക്കുകയും ചെയ്തു വരുന്നു.

**ഓൺലൈൻ പ്രാതഥനാ സമയക്രമം.**

| | | |
|---|---|---|
| Sunday | Pala Cathedral A&B | 8:00 PM |
| | Kadanadu. | 9:00 PM |
| Monday | Moolamattom | 9:00 PM |
| | Theekoy | 9:00 PM |
| | Pravithanom | 9:30 PM |
| Tuesday | Elanji | 9:00 PM |
| | Poonjar | 9:30 PM |
| Wednesday | Aruvithara | 9.30 P.M |
| | Ramapuram. | 9:00PM |
| | Kootickal | 9.00 PM |
| Thursday | Kuravilangadu | 9.00 PM |
| | Muttuchira | 9.30 PM |
| | Bharananganam | 9.30PM |

| | | |
|---|---|---|
| Friday | Kaduthuruthy | 9.00 PM |
| | Roopatha Resource Team | 9.30 PM |
| Saturday | Cherpunkal | 9.00 PM |
| | Koothanalloor | 9.00 PM |
| | Thudaganadu | 9:00PM |

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

---

# ഫാമിലി അപ്പോസ്തലേറ്റ്

---

**A. വിവാഹ ഒരുക്ക ധ്യാനം**

**1. സർട്ടിഫിക്കറ്റ്**

**സെപ്റ്റംബർ മാസത്തെ ഓൺലൈൻ** വിവാഹ ഒരുക്കധ്യാനത്തിൽ 182 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

2021 ഒക്ടോബർ മാസത്തെ ഓൺലൈൻ ധ്യാനത്തിലേക്ക് രജിസ്ട്രേഷൻ തുടരുന്നു. ഓൺലൈൻ മാര്യേജ് ധ്യാനം 2021 ഒക്ടോബർ 30 വരെ വിവാഹം നടത്തുന്ന വിവാഹാർത്ഥികളെ ഉദ്ദേശിച്ചുള്ളതാണ്.

**3. കൗൺസിലിങ് കോഴ്സ് പരീക്ഷ**

സെന്റ് ബർക്കുമാൻസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാമിലി സ്റ്റഡീസിന്റെ കൗൺസിലിങ് കോഴ്സുകളുടെ പരീക്ഷ നടത്തി.

**4. സന്തുഷ്ടകുടുംബപദ്ധതി**

കൂടുതൽ മക്കളുള്ള കുടുംബങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും സഹായിക്കുന്നതിനുമായി അഞ്ചോ അതിൽ കൂടുതലോ കുട്ടികളുള്ള കുടുംബങ്ങൾക്ക് ഫാമിലി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ സന്തുഷ്ടകുടുംബപദ്ധതി നടപ്പിലാക്കി. പ്രതിമാസം 1500 രൂപയുടെ സാമ്പത്തിക സഹായം സെപ്റ്റംബർ 5-ാം തീയതി മുതൽ നല്കിത്തുടങ്ങി.

**B. പിതൃവേദി**

**1. എക്സിക്യൂട്ടീവ് മീറ്റിംഗ്**

പിതൃവേദി എക്സിക്യൂട്ടീവ് മീറ്റിംഗ് സെപ്റ്റംബർ 14-ാം തീയതി നടത്തി പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചർച്ചകൾ നടത്തുകയും ചെയ്തു.

**C. മാതൃവേദി**

**1. രൂപതാസമിതി**

സെപ്റ്റംബർ മാസം 13-ാം തീയതി മാതൃവേദി എക്സിക്യൂട്ടീവ് മീറ്റിംഗ് സൂം മീറ്റിങ് വഴി നടത്തി.

**D. അഭിവന്ദ്യ പിതാവിനോട് ഐകദാർഢ്യം**

ജിഹാദ് വിഷയത്തിൽ പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ടിന് പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് പാലാ രൂപത മാതൃ - പിതൃവേദികൾ സംയുക്ത യോഗം ചേർന്നു. തന്റെ ഉത്തരവാദിത്വം സധൈര്യം പ്രഘോഷിക്കു

കയും അതിന് ദൈവജനത്തെ പ്രചോദിപ്പിക്കുകയും ചെയ്ത ബിഷപ്പിനെ യോഗം അഭിനന്ദിച്ചു. ബിഷപ്പിന്റെ പ്രഭാഷണത്തിലൂടെ ലവ് ജിഹാദും നാർക്കോട്ടിക് ജിഹാദും പൊതുസമൂഹത്തിൽ ചർച്ചയായത് സമൂഹത്തിന്റെ ഉത്തരവാദിത്വപൂർണ്ണ മായ നിലനില്പിന് പ്രചോദനമേകുന്നതാണെന്നും യോഗം അഭിപ്രായപ്പെട്ടു. രൂപത ഡയറക്ടർ റവ. ഡോ. ജോസഫ് കുറ്റിയാങ്കൽ, ശ്രീ. ജോസ് ജോൺ കീലത്ത്, ശ്രീമതി സിജി ലൂക്ക്സൺ പടന്നമാക്കൽ, ശ്രീ. ജോസഫ് വടക്കേൽ, ശ്രീമതി മേരിക്കുട്ടി അഗസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു.

**E. പ്രോലൈഫ് സമിതി**

**1. ജീവന്റെ സംരക്ഷണം**

പ്രോലൈഫ് സമിതി, ജീസസ് യൂത്ത്, SMYM എന്നീ സംഘടനക ളുടെ സംയുക്ത ആഭിമുഖ്യത്തിൽ കുരുതികൊടുക്കപ്പെടുന്ന കുരുന്നുജീവിതങ്ങൾ എന്ന വിഷയത്തെ ആസ്പദമാക്കി യുവതലമുറയ്ക്ക് ജീവന്റെ പ്രാധാന്യത്തെ ക്കുറിച്ചും സംരക്ഷണത്തെക്കുറിച്ചും ബന്ധപ്പെട്ട നിയമനിർമ്മാണങ്ങളെക്കുറിച്ച് ബോധ്യം നല്കുന്നതിനുമായി Zoom App Â Panel Disscussion സെപ്റ്റംബർ 5 ന് നടത്തി. Justice Kurian Joseph, Dr. Vipin V Rolent (Chief consultant Psychologist), Dr.Suma Jilson (Paediatrician), Mr.Sunny Kattokaran (President, Trust God ministries, Trichur), Mrs.Emilda George (Asst.Professor, St.Thomas College, Kozhenchery), Sri. Mathew M Kuriakose (Prolife President), Dr.Felix James (Secretary, Prolife Samithy, Pala Diocese) എന്നിവർ പാനൽ അംഗങ്ങളായിരുന്നു.

**F. സീറോ മലബാർ പാലാ മാട്രിമണി**

**1. ഡേറ്റ സ്വീകരണം**

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ സീറോ മല ബാർ പാലാ മാട്രിമണി സീറോ മലബാർ സഭയിലെ 18 രൂപതകളുടെയും മാട്രി മണികളുമായി ചേർന്ന് പ്രവർത്തിക്കുകയാണ്. ദീപിക പത്രത്തിന്റെ മാട്രിമോ ണിയലും ഈ സംരംഭത്തിൽ പങ്കാളിയാണ്. Palai Matrimonyയിൽ രജിസ്ട്രേ ഷൻ ചെയ്യുന്നവർക്ക് 18 രൂപതകളിലെയും ദീപിക മാട്രിമോണിയലിലെയും മെമ്പേ ഴ്സിനെ സെർച്ച് ചെയ്യുവാൻ സാധിക്കും. അതോടൊപ്പം Payment നടത്തിയ ദിവസത്തിനുശേഷമുള്ള ഞായറാഴ്ചത്തെ ദീപിക മാട്രിമോണിയലിൽ പരസ്യം ചെയ്യുന്നതുമാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവി തപങ്കാളികളെ തിരഞ്ഞടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്ന താണ്. കൂടുതൽ വിവരങ്ങൾക്ക് Palai Matrimony യുടെ 7306915897, 9778199182, 04822 200065 എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

**2. ഡയറക്ടേഴ്സ് മീറ്റിങ്**

സീറോ മലബാർ മാട്രിമണിയിലെ വിവിധ രൂപതകളിലെ മാട്രിമണി ഡയറക്ടർമാരുടെ മീറ്റിങ്ങ് നടത്തപ്പെട്ടു. ഡയറക്ടർ സംബന്ധിച്ച് സീറോ മല ബാർ മാട്രിമണിയുടെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുന്നതിനും കൂടു തൽ Profiles ശേഖരിക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ ചർച്ച ചെയ്യപ്പെട്ടു.

**F. മംഗല്യനിധി**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധിവഴിയായി ജൂലൈ മാസത്തിൽ **കാഞ്ഞിരമറ്റം, നീറന്താനം, വലവൂർ, ചേർപ്പുങ്കൽ** എന്നീ ഇടവകയിലെ പെൺകുട്ടികൾക്ക് വിവാഹ സഹായം നൽകി.

**ഫാ. ജോസഫ് കുറ്റിയാങ്കൽ** (ഡയറക്ടർ)

# കത്തോലിക്കാ കോൺഗ്രസ്

**അടുക്കളത്തോട്ടമത്സരം - 2021 തുടങ്ങനാട് സോൺ മീറ്റിംഗ്**

അടുക്കളത്തോട്ടമത്സരത്തിന്റെ വിത്തുവിതരണം തുടങ്ങനാട്, കടനാട്, മൂലമറ്റം എന്നീ ഫൊറോനകളിലും യൂണിറ്റുകൾക്ക് കൊടുക്കാനുള്ള വിത്തുവിതരണം തുടങ്ങനാട് സെന്റ് തോമസ് ഫൊറോനാ ചർച്ച് പാരിഷ് ഹാളിൽ നടത്തി. ഫൊറോന പ്രസിഡന്റ് ജിസ്മോൻ തോമസ് അധ്യക്ഷത വഹിച്ച യോഗത്തിൽ ഫൊറോന ഡയറക്ടർ തോമസ് പുല്ലാട്ട് ഉദ്ഘാടനം നിർവഹിച്ചു. റവ. ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, ഫ്രാൻസിസ് കരിമ്പാനി, ജോസ് ജോസഫ് മലയിൽ തുടങ്ങിയവർ സംസാരിച്ചു.

**കുറവിലങ്ങാട് സോൺ മീറ്റിംഗ്**

കുറവിലങ്ങാട്, കോതനല്ലൂർ, മുട്ടുചിറ, കടുത്തുരുത്തി, ഇലഞ്ഞി, ഫൊറോന യൂണിറ്റികളിലേക്കുള്ള വിത്ത് വിതരണം കാഞ്ഞിരത്താനം സെന്റ് ജോൺസ് പാരിഷ് ഹാളിൽ വച്ച് നടന്നു. മുട്ടുചിറ ഫൊറോന പ്രസിഡന്റ് ശ്രീ തോമസ് അരുക്കുഴിപ്പിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ ഫൊറോനാ ഡയറക്ടർ റവ. ഫാ. ജോസഫ് എടത്തുംപറമ്പിൽ ഉദ്ഘാടനം നിർവഹിച്ചു. റവ.ഫാ. ജോൺ പുതിയാമറ്റം, എമ്മാനുവേൽ നിധീരി, ജോസ് വട്ടുകുളം, രാജു നെടുമറ്റം, ജോസഫ് നരിക്കുന്നേൽ തുടങ്ങിയവർ പ്രസംഗിച്ചു.

**അവാർഡ് വിതരണം**

കടുത്തുരുത്തി ഫൊറോനയുടെ ആഭിമുഖ്യത്തിൽ ഫൊറോനയുടെ കീഴിൽ വരുന്ന കടുത്തുരുത്തി, മാന്നാർ, പൂഴിക്കോൽ ഇടവകകളിലെ പത്ത്, പന്ത്രണ്ട് ക്ലാസുകളിലെ ഫുൾ എ പ്ലസ് കിട്ടിയ കുട്ടികൾക്ക് അനുമോദനവും അവാർഡ് ദാനവും നടത്തി. ഫൊറോന ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ ഉദ്ഘാടനം നിർവഹിച്ചു. സന്തോഷ് നടുപ്പറമ്പിൽ, മനോജ് ജോസഫ് കടവന്റെകാലായിൽ, സലിൻ കൊല്ലംകുഴി എന്നിവർ നേതൃത്വം നൽകി.

അറുന്നൂറ്റിമംഗലം, തുരുത്തിപ്പള്ളി, കീഴൂർ തുടങ്ങിയ ഇടവകകളിൽ പത്ത്, പന്ത്രണ്ട് ക്ലാസുകളിലെ എ പ്ലസ് കിട്ടിയ കുട്ടികൾക്ക് അറുന്നൂറ്റിമംഗലം പള്ളിയിൽ വച്ച് അവാർഡ് റവ.ഫാ. അഗസ്റ്റിൻ വരിക്കമാക്കൽ വിതരണം ചെയ്തു. തദവസരത്തിൽ എമ്മാനുവേൽ നിധീരി, ജോസ് വട്ടുകുളം, സന്തോഷ് നടുപ്പറമ്പിൽ, മനോജ് ജോസഫ്, സലിൻ കൊല്ലംകുഴി, എബ്രാഹം വടകരകാലായിൽ തുടങ്ങിയവർ സംബന്ധിച്ചു.

**ഏഴാച്ചേരി യൂണിറ്റ്**

ഏഴാച്ചേരി ഇടവകയിലെ പത്ത്, പന്ത്രണ്ട് ക്ലാസുകളിലെ ഫുൾ എ പ്ലസ് കിട്ടിയ വിദ്യാർത്ഥികളെ അവാർഡ് നൽകി ആദരിച്ചു. വികാരി റവ.ഫാ. ജോർജ് പള്ളിപ്പറമ്പിൽ അവാർഡ് വിതരണം നടത്തി.

**മെമ്പർഷിപ്പ് ക്യാമ്പയ്ൻ ഉദ്ഘാടനം**

പുതിയ മെമ്പർഷിപ്പ് ക്യാമ്പെയ്ന്റെ ഉദ്ഘാടനം സീറോ മലബാർ മേജർ ആർച്ച് ബിഷപ് കർദ്ദിനൽ ജോർജ് ആലഞ്ചേരി രൂപത വൈസ് പ്രസിഡന്റ് ശ്രീ സി.എം. ജോർജിനു മെമ്പർഷിപ്പ് നൽകികൊണ്ട് ഉദ്ഘാടനം ചെയ്തു. കുറവില ങ്ങാട് പള്ളിമേടയിൽ വച്ചുനടന്ന യോഗത്തിൽ രൂപത പ്രസിഡന്റ് എമ്മാനുവേൽ നിധീരി അധ്യക്ഷത വഹിച്ചു. റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ആർച്ച് പ്രീസ്റ്റ് അഗസ്റ്റിൻ കൂട്ടിയാനിക്കൽ, ജോസ് വട്ടുകുളം, രാജീവ് കൊച്ചുപറമ്പിൽ, സാജു അലക്സ്, ജോൺസൺ വീട്ടിയാങ്കൽ, ആൻസമ്മ സാബു, നിധീഷ് നിധീരി തുടങ്ങിവർ പ്രസംഗിച്ചു.

**അവാർഡ് ദാനം**

ഫൊറോന തലത്തിൽ മുഴുവൻ യൂണിറ്റുകളും പ്രവർത്തനക്ഷമമാക്കിയ കോതനല്ലൂർ, കുടുത്തുരുത്തി, ഫൊറോന പ്രസിഡന്റുമാർക്ക് അവാർഡുകൾ അഭി വന്ദ്യ ജോർജ് ആലഞ്ചേരി പിതാവ് സമ്മാനിച്ചു. കോതനല്ലൂർ ഫൊറോന പ്രസിഡന്റ് സി.എം. ജോസഫ് ചേന്നോത്തുപറമ്പിൽ, കടുത്തുരുത്തി ഫൊറോന പ്രസിഡന്റ് സന്തോഷ് നടുപ്പറമ്പിൽ എന്നിവരുടെ നേതൃത്വത്തിലാണ് യൂണിറ്റു കൾ പ്രവർത്തനക്ഷമമാക്കിയത്.

**ഐകദാർഢ്യസമ്മേളനങ്ങൾ**

കുറവിലങ്ങാട് എട്ടുനോമ്പ് തിരുനാളിനോടനുബന്ധിച്ച് അഭിവന്ദ്യ ജോസഫ് കല്ലറങ്ങാട്ട് പിതാവ് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകിയതിന് എതിരെ നടത്തുന്ന കുൽസിതപ്രവർത്തനങ്ങളെ എതിർത്തു തോല്പിക്കണമെന്നു പിതാവിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടും കുരിശുപള്ളി കവലയിൽ നയ വിശദീകരണയോഗം നടത്തി. എമ്മാനുവേൽ ജോൺ നിധീരി അധ്യക്ഷത വഹിച്ചു. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. പി. സി. ജോർജ്, ആന്റോ ജോസ്, പടിഞ്ഞാറേക്കര, ജോസ്മോൻ മുണ്ടയ്ക്കൽ, ജോസ് വട്ടുകുളം, രാജീവ് കൊച്ചുപറമ്പിൽ, സാജു അലക്സ്, എം.എം. ജേക്കബ്, ആൻസമ്മ സാബു, രാജേഷ് പാറയിൽ എന്നിവർ സംസാരിച്ചു.

**ഇലഞ്ഞി ഫൊറോന മീറ്റിംഗ്**

അഭിവന്ദ്യ കല്ലറങ്ങാട്ട് പിതാവിന് ഐകദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് ഇലഞ്ഞി ഫൊറോന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സമ്മേളനം നടത്തി. വികാരി ജനറാൾ ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് സമ്മേളനം ഉദ്ഘാടനം ചെയ്തു. ജെയിംസ് കുറ്റികോട്ടയിൽ, ജോസഫ് തോമസ് നരിക്കുന്നേൽ, ഡോളി വടശ്ശേ രിൽ എന്നിവർ നേതൃത്വം നൽകി.

**ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**'ടെക്നോ വേവ്' മൾട്ടി സ്കിൽ കോഴ്സ്**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി യുവജനങ്ങൾക്ക് സാങ്കേതികപരിശീലനവും തൊഴിലവസരവും ഉറപ്പുവരുത്താൻ ലക്ഷ്യംവച്ച് ആരംഭിച്ച 'ടെക്നോ വേവ്' മൾട്ടി സ്കിൽ കോഴ്സിന്റെ ഒന്നാമത് ബാച്ചിന്റെ പരിശീലനം പൂർത്തിയാക്കി. പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ നടന്ന യോഗത്തിൽ വച്ച് കോഴ്സ് വിജയകരമായി പൂർത്തികരിച്ചവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണം പി. എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ നിർവഹിച്ചു. കോഴ്സ് കോർഡിനേറ്റർ ബോബി മല്ലികശേരി അധ്യക്ഷത വഹിച്ചു. സി.സി.ടി.വി., ഇൻവെർട്ടർ, എൽ.ഇ.ഡി. വാൾ, സൗണ്ട് സിസ്റ്റം തുടങ്ങിയ വിവിധ ഇലക്ട്രിക്കൽ സംവിധാനങ്ങളെക്കുറിച്ചാണ് പരിശീലനം നൽകിയത്.

**ശീതകാല പച്ചക്കറിത്തൈ വിതരണം**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ശീതകാല പച്ചക്കറിത്തൈകൾ ഒക്ടോബർ 15 മുതൽ നവംബർ 15 വരെ വിതരണം ചെയ്യുന്നു. കാബേജ്, കോളിഫ്ളവർ, ബ്രോക്കോളി, തക്കാളി, കാപ്സിക്കം, കാരറ്റ്, ബിറ്റ്റൂട്ട്, ലെച്ചൂസ്, സെലറി, വിവിധയിനം മുളകുകൾ, വഴുതന, വിവിധയിനം ചീരകൾ, പാവൽ, പടവലം, വെള്ളരി, മല്ലിയില, വള്ളിപ്പയർ, കുറ്റിപ്പയർ തുടങ്ങിയ ഇരുപത്തിയഞ്ചിൽപ്പരം പച്ചക്കറിത്തൈകളാണ് കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നത്. കൂടാതെ, കുറഞ്ഞനിരക്കിൽ ഗ്രോബാഗുകളും, ജൈവവളങ്ങളും ജൈവകീടനാശിനികളും വിതരണം ചെയ്യുന്നു. പാലാ അഗ്രിമ മാർക്കറ്റിൽ വച്ച് നടക്കുന്ന പച്ചക്കറിത്തൈകൾ വിതരണം.

**കാടവളർത്തൽ പദ്ധതി**

സൊസൈറ്റിയുടെ കാടവളർത്തൽ പദ്ധതിപ്രകാരം ഇരുപത്തിയഞ്ചു കുടുംബങ്ങൾക്ക് കാട, ഹൈടെക് കൂട്, തീറ്റ എന്നിവ ഇൻസ്റ്റാൾമെന്റ് വ്യവസ്ഥയിൽ വിതരണം ചെയ്തു.

**നവസംരംഭങ്ങൾ തുടങ്ങുവാൻ കുറഞ്ഞ പലിശനിരക്കിൽ വായ്പ**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ന്യൂനപക്ഷവികസന കോർപ്പറേഷനുമായി സഹകരിച്ച് കുറഞ്ഞ പലിശനിരക്കിൽ നവസംരംഭങ്ങൾ തുടങ്ങുവാൻ വായ്പകൾ നൽകുന്നു. പി.എസ്. ഡബ്ല്യു.എസ്. ന്റെ സ്വാശ്രയസംഘങ്ങൾ കർഷകദളങ്ങൾ എന്നിവ വഴിയാണ് ലോൺ വിതരണം ചെയ്യുക. ഒരു ഗ്രൂപ്പിന് മൂന്നു ലക്ഷം രൂപാ വരെയാണ് ലോൺ അനുവദിക്കുക.

**കുടുംബോദ്ധാരണപദ്ധതിയിൽ പുതിയ 25 കുടുംബങ്ങൾക്കുകൂടി അവസരം**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി സേവ് എ ഫാമിലി പ്ലാനുമായി സഹകരിച്ച് നടപ്പിലാക്കി വരുന്ന കുടുംബോദ്ധാരണപദ്ധതിയിൽ പുതിയതായി ഇരുപത്തിയഞ്ച് കുടുംബങ്ങൾക്കുകൂടി അംഗത്വം ലഭിച്ചു. പ്രസ്തുത

കുടുംബങ്ങൾക്ക് അഞ്ചു വർഷംകൊണ്ട് ജീവിതനിലവാരം ഉയർത്തുന്ന പദ്ധതികൾക്കായി ഏകദേശം ഒരു ലക്ഷം രൂപയുടെ ധനസഹായം ലഭിക്കും.

**ഓൺലൈൻ പരിശീലനം**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ നേതൃത്വത്തിൽ സോൺ തലത്തിൽ ഓൺലൈൻ പരിശീലനപരിപാടി സംഘടിപ്പിച്ചുവരുന്നു. 17 ഫൊറോനാതലത്തിലും നടന്ന മീറ്റിംഗിന് പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, അസി. ഡയറക്ടർ ഫാ. ജോസഫ് താഴത്തുവരിക്കയിൽ, ഡാന്റീസ് കൂനാനിക്കൽ, ജോയി മടിക്കാങ്കൽ തുടങ്ങിയവർ നേതൃത്വം നൽകുന്നു.

**ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ കേന്ദ്ര സർക്കാരിന്റെ സഹകരണത്തോടെ ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി ആരംഭിക്കുന്നു. പ്രസ്തുത കമ്പനിയിൽ താത്പര്യമുള്ള കർഷകർക്ക് ഷെയറുകൾ എടുത്ത് അംഗങ്ങളാകാവുന്നതാണ്. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, അസി. ഡയറക്ടർ ഫാ. ജോസഫ് താഴത്തുവരിക്കയിൽ എന്നിവർ നേതൃത്വം നൽകുന്നു.

**കാരിത്താസ് നവജീവൻ പ്രോജക്ട്**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി കാരിത്താസ് ഇന്ത്യയുമായി സഹകരിച്ച് നവജീവൻ പ്രോജക്ടിന്റെ ഭാഗമായി ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ ഉപയോഗിക്കുവാൻ സാധിക്കുന്ന എമർജൻസി കിറ്റുകളുടെ വിതരണം, പൂഞ്ഞാർ, തീക്കോയി ഫൊറോനയിലെ വിവിധ ഇടവകകളിൽ നടന്നുവരുന്നു.

തീക്കോയി : തീക്കോയി സെന്റ് മേരീസ് ഫൊറോനാപള്ളിയിൽ നടന്ന എമർജൻസി കിറ്റിന്റെ വിതരണോദ്ഘാടനം പി.എസ്.ഡബ്ല്യു,എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ ഉദ്ഘാടനം ചെയ്തു. വികാരി റവ.ഡോ. തോമസ് മേനാച്ചേരി സോൺ ഡയറക്ടർ ഫാ. മാത്യു വളയംപള്ളിൽ എന്നിവർ ചേർന്ന് കിറ്റ് ഏറ്റുവാങ്ങി.

കുന്നോന്നി: കുന്നോന്നിയിൽ നടന്ന എമർജൻസി കിറ്റ് വിതരണം പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ വികാരി ഫാ. മാത്യു പീടികയിലിന് കിറ്റ് നൽകികൊണ്ട് ഉദ്ഘാടനം ചെയ്തു.

മംഗളഗിരി : മംഗളഗിരിയിൽ നടന്ന എമർജൻസി കിറ്റ് വികാരി ഫാ. ജോർജ് വയലിൽപ്പറമ്പിൽ പി.എസ്ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേലിന്റെ പക്കൽനിന്ന് ഏറ്റുവാങ്ങി.

**ചായ് ഇൻ എഫ് പദ്ധതി - തൊഴിൽ പരിശീലനവും കോഴിക്കുഞ്ഞുവിതരണവും**

ഭിന്നശേഷി കുട്ടികളുടെ സമഗ്രവികാസം ഉറപ്പാക്കി കാത്തലിക് ഹെൽത്ത് അസ്സോസിയേഷൻ ഓഫ് ഇന്ത്യ (ചായ്)യുമായി സഹകരിച്ച് ഭിന്നശേഷി കുട്ടികൾക്കും മാതാപിതാക്കൾക്കുമായി തൊഴിൽപരിശീലനപരിപാടി നടത്തി. പി.എസ്.ഡബ്ല്യു.എസ്. ആർ പ്രോജക്ട് ഓഫീസർ ശ്രീ സിബി മാത്യു കണിയാം

പടി ക്ലാസുകൾ നയിച്ചു. പരിശീലനപരിപാടികളുമായി ബന്ധപ്പെട്ട് 10 കുടുംബങ്ങൾക്ക് ഗ്രാമപ്രിയ കോഴിക്കുഞ്ഞുങ്ങൾ വീതം വിതരണം ചെയ്തു.

**ഗവ. പദ്ധതികളെക്കുറിച്ചുള്ള ബോധവത്ക്കരണപരിപാടി**

ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ഭിന്നശേഷി കുട്ടികളുടെ മാതാപിതാക്കൾക്കായി അവബോധക്ലാസുകൾ നടത്തി. 40 കുട്ടികളുടെ മാതാപിതാക്കൾ രണ്ടു സെഷനിലായി പങ്കെടുത്തു. പ്രോജക്ട് ഓഫീസർ ശ്രീമതി മെർലി ജെയിംസ് ക്ലാസ്സെടുത്തു.

**പഠനോപകരണവിതരണം**

കോവിഡ് 19 മഹാമാരിയോടനുബന്ധിച്ച് വിദ്യാഭ്യാസസ്ഥാപനങ്ങൾ അടഞ്ഞുകിടക്കുന്നതിനാൽ ഭിന്നശേഷിയുള്ള കുട്ടികളുടെ വിദ്യാഭ്യാസപ്രക്രിയ വലിയ വെല്ലുവിളികൾ നേരിടുന്നു. പ്രതിവിധിയായി കുട്ടികളെ വീട്ടിൽ ഇരുത്തി മാതാപിതാക്കളുടെ സഹായത്തോടെ അടിസ്ഥാനവിദ്യാഭ്യാസപരിപാടി നടത്തുന്നതിനായി വിവിധ പഠനോപകരണങ്ങൾ കളറിംഗ് ബുക്ക്, കഥപുസ്തകങ്ങൾ ക്രിയാത്മകപ്രവർത്തനങ്ങൾക്കുള്ള ഉപകരണങ്ങൾ CHAI യുടെ സഹായത്തോടെ നൽകി.

**ഹൈടെക് മുയൽക്കൂടുകൾ**

പാലാ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽ ഹൈടെക് മുയൽക്കൂടുകൾ ലഭ്യമാണ്. തീറ്റ നൽകാനുള്ള റാക്ക്, പെല്ലറ്റ് ഇടുന്നതിനുള്ള ട്രേ, വെള്ളം ഓട്ടോമാറ്റിക്കായി വരുന്നതിനുള്ള സംവിധാനം കുഞ്ഞുങ്ങൾക്ക് പാൽ നൽകുന്നതിനുള്ള നിപ്പിൾ സംവിധാനം എന്നിവ ഈ കൂടിന്റെ പ്രത്യേകതകളാണ്.

**തെങ്ങിൻതൈകൾ**

കുറ്റ്യാടി, TxD, ഗംഗാ ബോണ്ടം, DxT, മലയൻ പച്ച, മലയൻ ഓറഞ്ച്, ഗൗളി, പതിനെട്ടാംപട്ട തുടങ്ങിയ തെങ്ങിൻതൈകൾ പാലാ അഗ്രിമ മാർക്കറ്റിൽ എത്തിച്ചേർന്നിട്ടുണ്ട്.

**കർഷക ബാങ്ക് രൂപീകരണ സെമിനാർ**

കുന്നോന്നി ഇടവകയിൽ കർഷക ഗ്രൂപ്പുകൾ രൂപീകരിക്കുന്ന സെമിനാർ നടന്നു. വികാരി ഫാ. മാത്യു പീടികയിലിന്റെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽവച്ച് പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ വിതരണം നിർവഹിച്ചു.

**ആശാകിരണം വോളണ്ടിയേഴ്സ് പരിശീലനം**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ നടപ്പിലാക്കിവരുന്ന ആശാകിരണം, നവജീവൻ പ്രോജക്ടിലെ വോളണ്ടിയേഴ്സിനായി ഓൺലൈൻ പരിശീലന പരിപാടി സംഘടിപ്പിച്ചു. കാരിത്താസ് ഇന്ത്യ ഡയറക്ടർ ഫാ. പോൾ മുത്തേലി ഉദ്ഘാടനം ചെയ്തു. പി.എസ്.ഡബ്ല്യു.എസ്. അസി. ഡയറക്ടർ ഫാ. ജോസഫ് താഴത്തുവരിക്കയിൽ മുഖ്യപ്രഭാഷണം നടത്തി. അഡ്വ. ബെന്നി കുര്യൻ ക്ലാസ് നയിച്ചു.

**പഠനയാത്ര**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ആരംഭിക്കുന്ന ഫാർമേഴ്സ് പ്രോഡ്യൂസേഴ്സ് കമ്പനിയുടെ മുന്നോടിയായുള്ള പഠനപ്രവർത്തനങ്ങളുടെ ഭാഗമായി പാലക്കാട് കിംഫ്രാ വ്യവസായ പാർക്കിലേക്ക് പഠനയാത്രസംഘടിപ്പിച്ചു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, അസി. ഡയറക്ടർ ഫാ. ജോസഫ് താഴത്തുവരിക്കയിൽ, ഫാ. സൈറസ് വേലംപറമ്പിൽ എന്നിവർ നേതൃത്വം നൽകി.

**മൾട്ടി ഡ്രയർ യൂണിറ്റ് കാഞ്ഞിരമറ്റത്ത്**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ കീഴിൽ കാഞ്ഞിരമറ്റത്തു പ്രവർത്തിക്കുന്ന കാഞ്ഞിരമറ്റം ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനിയിൽ പ്രതിദിനം 1000 കിലോ ഉണക്കാൻ സാധിക്കുന്ന ഒരു പുതിയ ഡ്രയർ യൂണിറ്റു കൂടി ആരംഭിച്ചു. ഇപ്പോൾ പ്രതിദിനം 4000 കിലോ ഉണക്കൽ ശേഷി ഇപ്പോൾ കമ്പനിക്ക് ഉണ്ട്. കാഞ്ഞിരമറ്റം കർഷകദള ഫെഡറേഷൻ രക്ഷാധികാരി ഫാ. എബ്രാഹം ഏരിമറ്റത്തിന്റെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽവച്ച് പി.എസ്. ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ നവീകരിച്ച ഡ്രയർ യൂണിറ്റിന്റെ ഉദ്ഘാടനം നടത്തി. ഫാ. മാത്യു വെണ്ണായിപ്പള്ളിൽ ടോം ജേക്കബ് ആലാനിക്കൽ, ഡാന്റീസ് കൂനാനിക്കൽ, സണ്ണി കളരിക്കൽ തുടങ്ങിയവർ പ്രസംഗിച്ചു.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)

---

# ഡി.സി.എം.എസ്.

---

## 1. PSC Coaching, Entrance Coaching പഠന ക്ലാസ്സുകൾ

K.C.B.C SC/ST/BC കമ്മീഷന്റെ ആഭിമുഖ്യത്തിൽ 2021 ൽ 10-ാം ക്ലാസ്സ്, +2 കഴിഞ്ഞ ദലിത് കത്തോലിക്കാ കുട്ടികൾക്കായി എൻട്രൻസ് കോച്ചിംഗ്, 10, +2, ഡിഗ്രി, പി.ജി കഴിഞ്ഞവർക്കും പഠിച്ചുകൊണ്ടിരിക്കുന്നവർക്കും പി.എസ്.സി കോച്ചിംഗ് ക്ലാസ്സുകൾ ഫീസ് ഇളവോടുകൂടി ആരംഭിക്കുന്നതാണ്. പാലാ ബ്രില്ല്യന്റ് കോച്ചിംഗ് സെന്ററിന്റെയും പാലാ ലാലച്ചൻസ് അക്കാദമിയുടെയും നേതൃത്വത്തിൽ ഓൺലൈനായി ക്ലാസ്സ് നടത്തുന്നതാണ്. താത്പര്യമുള്ളവർ ഒക്ടോബർ 15 നകം ഡി.സി.എം.എസ് രൂപതാ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

## 2. പാലാ രൂപത സ്കോളർഷിപ്പ്

കഴിഞ്ഞ വർഷം എസ്.എസ്.എൽ.സി, പ്ലസ്ടു, ഡിഗ്രി, പിജി, വേദപാഠം (പ്ലസ്സ്ടു) ബി.എഡ്, റ്റി.റ്റി.സി, നഴ്സിംഗ്, എഞ്ചിനീയറിംഗ് തുടങ്ങിയവയിൽ 60% ൽ കൂടുതൽ മാർക്ക് വാങ്ങിയ ദലിത് കത്തോലിക്കാ കുട്ടികൾക്ക് ഡി.സി.എം.എസ്. പാലാ രൂപതാസമിതിയുടെ നേതൃത്വത്തിലുള്ള സ്കോളർഷിപ്പുകൾക്ക് അപേക്ഷ ക്ഷണിച്ചിരിക്കുന്നു. അപേക്ഷഫോറം പൂരിപ്പിച്ച് വികാരിയച്ചന്റെയും യൂണിറ്റ് ഭാരവാഹികളുടെയും സാക്ഷിപ്പോടുകൂടി, മാർക്ക് ലിസ്റ്റ് കോപ്പി സഹിതം ഒക്ടോബർ 31 നകം ഡിസി.എംഎസ് രൂപതാ ഓഫീസിൽ ഏൽപിക്കേണ്ടതാണ്.

**3. KCBC SC/ST/BC കമ്മീഷൻ നൽകുന്ന സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു**

ഈ കഴിഞ്ഞ അധ്യയനവർഷം പാസ്സായ വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ്

SSLC - 80%, plus two - 70%

Degree, PG, Bsc Nursing, Engineering, Medicine - 60%

മാർക്ക് വാങ്ങി പാസ്സായ ദലിത് കത്തോലിക്കാ കുട്ടികൾക്കാണ് സ്കോളർഷിപ്പ് നൽകുന്നത്. ഇതിനുള്ള അപേക്ഷാഫോറം ഡി.സി.എം.എസ്. പാലാ രൂപത ഓഫീസിൽ ലഭ്യമാണ്.

അപേക്ഷകന്റെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഉൾപ്പെടെ വ്യക്തമായി പൂരിപ്പിച്ച അപേക്ഷകൾ വികാരിയച്ചന്റെ സാക്ഷിപ്പുസഹിതം ഒക്ടോബർ 31 നകം ഡിസിഎംഎസ് രൂപത ഓഫീസിൽ ഏൽപിക്കേണ്ടതാണ്.

**4. SDVS (സീറോ മലബാർ ദലിത് വികാസ് സൊസൈറ്റി) സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു.**

പ്രൊഫഷണൽ കോഴ്സുകൾ പഠിച്ചുകൊണ്ടിരിക്കുന്ന (BSc Nursing, GNM, Civil Service, Engineering, Medicine, B.Ed, T.T.C, ITI etc.) വിദ്യാർത്ഥികൾക്കായി നൽകുന്നു. എസ്.ഡി.വി.എസ്. സ്കോളർഷിപ്പിന് അപേക്ഷകൾ ക്ഷണിക്കുന്നു. ഇതിനുള്ള അപേക്ഷ ഫോറം ഡിസിഎംഎസ് പാലാ രൂപത ഓഫീസിൽ ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷ ഫോറം ആവശ്യമായ അനുബന്ധരേഖകളോടുകൂടി ഒക്ടോബർ 31 നകം ഡിസിഎംഎസ് രൂപത ഓഫീസിൽ ഏൽപിക്കേണ്ടതാണ്. വിശദവിവരങ്ങൾക്ക് ഡിസിഎംഎസ് രൂപത ഓഫീസുമായി ബന്ധപ്പെടുക - 9446200345.

**5. ഡി.സി.എം.എസ്. സംസ്ഥാന സമിതി പാലാ ബിഷപ്പിന് ഐകദാർഢ്യം പ്രഖ്യാപിച്ചു.**

ഡി.സി.എം.എസ്. സംസ്ഥാന കമ്മിറ്റി അംഗങ്ങൾ പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ടിനെ സന്ദർശിച്ചു പിതാവിന് ഐകദാർഢ്യം പ്രഖ്യാപിച്ചു. തന്റെ ആത്മീയമക്കളോട് കുർബാനമദ്ധ്യേ ദൈവാലയത്തിൽ നടത്തിയ സന്ദേശം ദുർവ്യാഖ്യാനം ചെയ്തതിൽ സംസ്ഥാന കമ്മിറ്റി ഉത്കണ്ഠ രേഖപ്പെടുത്തി. സംസ്ഥാന ഡയറക്ടർ ഫാ. ജോസ് വട്ക്കേക്കുറ്റ്, സംസ്ഥാന പ്രസിഡന്റ് ശ്രീ ജെയിംസ് ഇലവുങ്കൽ, ജനറൽ സെക്രട്ടറി ശ്രീ എൻ. ദേവദാസ്, ഓർഗനൈസർ ശ്രീ ജസ്റ്റിൻ കുന്നുംപുറം, എക്സിക്യൂട്ടീവ് അംഗങ്ങളായ ശ്രീ പി.ഒ. പീറ്റർ, ശ്രീ സി.സി. കുഞ്ഞുകൊച്ച്, ശ്രീ ജോസ്മോൻ എന്നിവർ പാലാ ബിഷപ്സ് ഹൗസ് സന്ദർശിച്ച് ഐകദാർഢ്യം അറിയിക്കുകയായിരുന്നു.

**6. തിരഞ്ഞെടുപ്പ് മാറ്റിവച്ചു.**

കോവിഡ് 19 ന്റെ അതിവ്യാപനംമൂലം ഡിസിഎംഎസ് സംസ്ഥാന കമ്മിറ്റിയുടെ തീരുമാനപ്രകാരം യൂണിറ്റ്, മേഖല, രൂപത, സംസ്ഥാന കമ്മറ്റി ഭാരവാഹി

കളുടെയും കമ്മറ്റി അംഗങ്ങളുടെയും തിരഞ്ഞെടുപ്പുകൾ നീട്ടിവച്ചിരിക്കുകയാണ്. യൂണിറ്റ് തിരഞ്ഞെടുപ്പ് ഒക്ടോബർ 31 നകവും മേഖല തിരഞ്ഞെടുപ്പ് നവംബർ 30 നകവും രൂപത തിരഞ്ഞെടുപ്പ് ഡിസംബർ 31 നകവും നടത്തുവാൻ രൂപതാകമ്മിറ്റി തീരുമാനിച്ചിരിക്കുകയാണ്. ഡിസംബറിനുശേഷം സംസ്ഥാന തിരഞ്ഞെടുപ്പ് നടത്തുന്നതായിരിക്കും. ആയതിനാൽ, ഡിസിഎംഎസ് രൂപത കമ്മറ്റിയുടെ തീരുമാനപ്രകാരം സെപ്റ്റംബർ 16,17,18 തീയതികളിൽ നടത്തുവാൻ നിശ്ചയിച്ചിരുന്ന മേഖല തിരഞ്ഞെടുപ്പുകൾ മാറ്റിവച്ചിരിക്കുകയാണ്. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതായിരിക്കും.

ഇതുവരെയും പുതുതായി തിരഞ്ഞെടുപ്പ് നടത്താത്ത യൂണിറ്റുകൾ 2021 ഒക്ടോബർ 31 നകം യൂണിറ്റ് തിരഞ്ഞെടുപ്പുകൾ നടത്തി ഭാരവാഹികളുടെ ലിസ്റ്റ്, അംഗത്വഫീസ്, രജിസ്ട്രേഷൻ ഫീസ് എന്നിവ സഹിതം യൂണിറ്റ് ഡയറക്ടർ, പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ സാക്ഷിപ്പോടുകൂടി നവംബർ 1 വൈകുന്നേരം 5 മണിക്ക് മുമ്പായി പാലാ രൂപത ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

**7. ഡിസിഎംഎസ് പാലാ രൂപതാസമിതി രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ടിന് ഐകദാർഢ്യം പ്രഖ്യാപിച്ചു.**

പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് കുറവിലങ്ങാട് ഫൊറോന പള്ളിയിൽ എട്ടുനോമ്പ് ആചരണത്തോടനുബന്ധിച്ച് കുർബാനമദ്ധ്യേ തന്റെ ആത്മീയ മക്കളോട് നടത്തിയ സന്ദേശം ദുർവ്യാഖ്യാനം ചെയ്തതിൽ ഡി.സി. എം.എസ്. രൂപതാസമിതി അതിയായ ഉത്കണ്ഠ രേഖപ്പെടുത്തി. പിതാവിന് രൂപതാസമിതി സമ്പൂർണ പിന്തുണ പ്രഖ്യാപിച്ചു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, പ്രസിഡന്റ് ജസ്റ്റിൻ മാത്യു, ഓർഗനൈസർ പി.ഒ. പീറ്റർ, ശ്രീ ബേബി പാറയ്ക്കൽ, ശ്രീമതി മേരി എം.പി എന്നിവർ പിതാവിനെ സന്ദർശിച്ച് നേരിട്ട് ഐകദാർഢ്യം പ്രഖ്യാപിച്ചു.

**8. യൂണിറ്റ്, മേഖല റിപ്പോർട്ട് കണക്കുബുക്കുകൾ സമർപ്പിക്കുക**

2018 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള മൂന്നുവർഷത്തെ ഡിസിഎംഎസ് യൂണിറ്റ് മേഖലാതലത്തിലുള്ള റിപ്പോർട്ടുകളും കണക്കും അതാതു സമിതികളിൽ അവതരിപ്പിച്ചു പാസ്സാക്കി ബന്ധപ്പെട്ട റിപ്പോർട്ടുബുക്കും കണക്കുബുക്കും രൂപതാ ഓഫീസിൽ ഒക്ടോബർ 31 നകം സമർപ്പിക്കേണ്ടതാണ്. പ്രസ്തുത റിക്കാർഡുകൾ സമർപ്പിക്കാത്ത യൂണിറ്റുകളിൽനിന്നുള്ള അംഗങ്ങൾക്ക് മേൽഘടകങ്ങളിലെ (മേഖല, രൂപത) തിരഞ്ഞെടുപ്പുകളിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല.

യൂണിറ്റ്, മേഖലാ ഭാരവാഹികൾ അതാതു തലങ്ങളിലെ തിരഞ്ഞെടുപ്പ് നടത്തിയതിന്റെ റിപ്പോർട്ട്, റിപ്പോർട്ട് ബുക്കിൽ രേഖപ്പെടുത്തി ഡയറക്ടറച്ചന്റെയും പ്രസിഡന്റിന്റെയും സാക്ഷിപ്പോടുകൂടി രൂപതാ ഓഫീസിൽ ഒക്ടോബർ 31 നകം സമർപ്പിക്കേണ്ടതാണ്.

**9. വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ കബറിടത്തിങ്കലേക്കു തീർത്ഥാടനം**

ഡിസിഎംഎസ്. പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ രാമപുരത്ത് വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെ കബറിടത്തിങ്കലേക്കുള്ള തീർത്ഥാ

ടനം 2021 ഒക്ടോബർ 16-ാം തീയതി രാവിലെ 11 മണിക്ക് ചക്കാമ്പുഴ കുരിശുപള്ളിക്കവലയിൽനിന്ന് ആരംഭിച്ച് ഉച്ചകഴിഞ്ഞ് 12.30 മണിയോടുകൂടി രാമപുരത്ത് എത്തിച്ചേരുന്നതാണ്. തുടർന്ന് കബറിടത്തിങ്കൽ പ്രാർത്ഥനയും രണ്ടു മണിക്ക് ഡയറക്ടർ ജോസ് വടക്കേക്കുറ്റച്ചന്റെ നേതൃത്വത്തിൽ വി. കുർബാനയും ഉണ്ടായിരിക്കുന്നതാണ്.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# കെയർ ഹോംസ്

**1. മെഡിക്കൽ കിറ്റ് നൽകി**

കാരിത്താസ് ഇന്ത്യ - പി. എസ്. ഡബ്ല്യൂ. എസ് .എന്നിവയുടെ സംയുക്ത നേതൃത്വത്തിൽ അഗതിമന്ദിരങ്ങളിലും സൈക്കോ - സോഷ്യൽ റിഹാബിലിറ്റേഷൻ സെന്ററിലും മെഡിക്കൽ കിറ്റ് നൽകി.

**3. മരുന്ന് വിതരണം**

കെയർഹോമുകളിൽ മരുന്ന് വിതരണം നടത്തിക്കൊണ്ടിരിക്കുന്നു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# കെ.എൽ.എം.

**1. കർഷകക്ഷേമപദ്ധതി**

മാസം 5000 രൂപ പെൻഷൻ ലഭിക്കുന്ന കർഷകക്ഷേമപെൻഷൻ പദ്ധതി ആരംഭിച്ചു.

**ആവശ്യമായ രേഖകൾ**

- കർഷകരാണെന്നു തെളിയിക്കുന്ന സാക്ഷ്യപത്രം
- വരുമാനസർട്ടിഫിക്കറ്റ്
- ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്
- ആധാർ കാർഡ് പകർപ്പ്
- വയസ്സ് തെളിയിക്കുന്ന രേഖ (എസ്.എസ്.എൽ.സി ബുക്ക് കോപ്പി, ഐഡന്റിറ്റി കാർഡ്)
- കരം അടച്ച രസീത്
- രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ
- ഫാമിലി ഡീറ്റേൽസ്.
- ഭൂമി സംബന്ധമായ വിവരം

**2. അപകട ഇൻഷ്വറൻസ് പോളിസി ആരംഭിച്ചു.**

വർഷം 300 രൂപ അടച്ച് വ്യക്തിപര അപകട ഇൻഷ്വറൻസ് പോളിസി കെ. എൽ എം ആരംഭിച്ചു.

**3. മറ്റ് ക്ഷേമപെൻഷനുകൾ**

നിർമ്മാണത്തൊഴിലാളി ക്ഷേമനിധി

അസംഘടിത തൊഴിലാളി ക്ഷേമനിധി
കർഷകത്തൊഴിലാളി ക്ഷേമനിധി
മോട്ടോർ തൊഴിലാളി ക്ഷേമനിധി
പ്രവാസി ക്ഷേമനിധി

വിവിധ ക്ഷേമനിധികളിലേക്കുള്ള അംഗങ്ങളെ ചേർക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.വിശദ വിവരങ്ങൾക്ക് ഷാലോം പാസ്റ്ററൽ സെന്ററിലെ കെ.എൽ.എം ഓഫീസിലോ അഥവാ താഴെ കാണുന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക.

Mob : 8304981275(O) , 9400661492(P)

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# അഡാർട്ട്

**1. ഗാന്ധിജയന്തിയോടനുബന്ധിച്ച് പ്രസംഗ-ലേഖനമത്സരങ്ങൾ**

അഡാർട്ടിന്റെ ആഭിമുഖ്യത്തിൽ ഗാന്ധിജയന്തിയോടനുബന്ധിച്ച് യു.പി, എച്ച്.എസ്., എച്ച്.എസ്.എസ്. വിഭാഗങ്ങളിലെ കുട്ടികൾക്കായി പ്രസംഗമത്സരം നടത്തുന്നു.

യു.പി. വിഭാഗം - വിഷയം - കൗമാരക്കാരും ലഹരി ഉപയോഗവും

എച്ച്.എസ്. വിഭാഗം - വിഷയം - ലഹരിരഹിതസമൂഹസൃഷ്ടിയിൽ എന്റെ പങ്ക്.

എച്ച്.എസ്.എസ്. - വിഷയം - ലഹരിരഹിത സമൂഹസൃഷ്ടിയിൽ യുവജനങ്ങളുടെ പങ്ക്.

പ്രസംഗമത്സരത്തിന് ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്കു 1000, 750, 500 രൂപയുടെ ബോബി പോൾ വള്ളോപ്പള്ളി അവാർഡും ഫിലിപ്പ് & മേരി ഫിലിപ്പ് കോലടി അവാർഡും തോമസ് സെബാസ്റ്റ്യൻ തയ്യിൽ അവാർഡും നൽകുന്നതാണ്.

**2. ലേഖനമത്സരം**

എച്ച്.എസ്. വിഭാഗം - വിഷയം ലഹരിരഹിത സമൂഹസൃഷ്ടിയിൽ കുടുംബത്തിന്റെ പങ്ക്.

എച്ച്.എസ്.എസ്. വിഭാഗം - വിഷയം - ലഹരിരഹിത സമൂഹസൃഷ്ടിയിൽ യുവജനങ്ങളുടെ പങ്ക്.

1000,750,500 രൂപയുടെ ക്യാഷ് അവാർഡ് സ്പോൺസർ ചെയ്യുന്നത് ഫാ. മാത്യു പുതിയിടത്ത്, കുര്യാച്ചൻ ഞാവള്ളി എന്നിവർ. പ്രസംഗം മത്സരം സമയം മൂന്നു മിനിട്ട്. വീഡിയോ ഒക്ടോബർ 2 ന് മുൻപ് വാട്സ്ആപ്പിലൂടെ താഴെകൊടുത്തിരിക്കുന്ന നമ്പറിൽ നൽകണം. ലേഖനങ്ങൾ ഒക്ടോബർ 15 നു മുമ്പ് ഡയറക്ടർ അഡാർട്ട്, പാലാ എന്ന വിലാസത്തിൽ അയയ്ക്കണം. ഫോൺ : 9446376720.

**ഗാന്ധിദർശൻ ക്വിസ് മത്സരം**

അഡാർട്ടിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ഗാന്ധിദർശൻ ക്വിസ് മത്സരത്തിന്റെ ഉദ്ഘാടനകർമം ഗാന്ധിജയന്തിദിനമായ ഒക്ടോബർ 2-ാം തീയതി രാവിലെ 10

മണിക്ക് അഡാർട്ട് ഓഡിറ്റോറിയത്തിൽ വച്ച് പാലാ രൂപത സ്കൂൾ കോർപ്പറേറ്റ് സെക്രട്ടറി ഫാ. ബർക്കുമാൻസ് കുന്നുംപുറം നിർവഹിക്കുന്നതാണ്. അഡാർട്ട് ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ അധ്യക്ഷത വഹിക്കും. ഗാന്ധിദർശൻ ക്വിസ് മത്സരത്തിന്റെ കോ-ഓർഡിനേറ്റർ കെ.ജെ. എബ്രാഹം, അസി. ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിൽ എന്നിവർ ഗാന്ധിദർശൻ പ്രഭാഷണം നടത്തും.

**എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ - പുസ്തകവിതരണം**

ഗാന്ധിജയന്തിദിനമായ ഒക്ടോബർ 2ന് 12 മണിക്ക് ഗാന്ധിജിയുടെ ആത്മകഥയായ 'എന്റെ സത്യാന്വേഷണപരീക്ഷണങ്ങൾ' എന്ന പുസ്തകം പ്രൊഫ. കെ. പി. ജോസഫ് (റിട്ട. മഹാരാജാസ് കോളജ്, എറണാകുളം) അഡാർട്ടിൽ വിതരണം ചെയ്യുന്നതാണ്.

**പുസ്തകപ്രകാശനം**

എൻ.എം. സെബാസ്റ്റ്യൻ എഴുതിയ 'പറുദീസ തേടുന്നവർ' എന്ന പുസ്തകത്തിന്റെ മൂന്നാം പതിപ്പിന്റെ പ്രകാശനകർമം ഗാന്ധിജയന്തിദിനമായ ഒക്ടോബർ 2 ന് നടത്തുന്നതാണ്. പാലാ രൂപത സ്കൂൾ കോർപ്പറേറ്റ് സെക്രട്ടറി ഫാ. ബർക്കുമാൻസ് കുന്നുംപുറത്തിന് ആദ്യകോപ്പി നൽകിക്കൊണ്ട് ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ നിർവഹിക്കും. ഫാ. ജെയിംസ് പൊരുന്നോലിൽ, ശ്രീ കെ.ജെ. എബ്രാഹം എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തും.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

**ഫാ. ജെയിംസ് പൊരുന്നോലിൽ** (അസി. ഡയറക്ടർ)

---

# ബൈബിൾ അപ്പോസ്തലേറ്റ്

---

**1. ലോഗോസ് ക്വിസ്**

ലോഗോസ് ക്വിസ് മത്സരത്തിനുള്ള രജിസ്ട്രേഷൻ അടുത്തമാസം ആരംഭിക്കും. പഠനഭാഗം : മർക്കോസ് 1-8, നിയമാവർത്തനം 22-34, പ്രഭാഷകൻ 18-22, 1 കോറിന്തോസ് 1-8.

**2. ലോഗോസ് പഠനസഹായി**

ലോഗോസ് ക്വിസ് മത്സരത്തിന്റെ പഠനസഹായിയുടെ കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

**3. വിശുദ്ധ നാടുകളിലൂടെ**

വിശുദ്ധ നാടുകൾ സന്ദർശിക്കാൻ പോകുന്നവർക്കും സന്ദർശിക്കാൻ സാധിക്കാത്തവർക്കും ഒരുപോലെ ഉപകാരപ്രദമായ മോൺ. ഫാ. ഫിലിപ്പ് ഞരളക്കാട്ടിന്റെ 'വിശുദ്ധ നാടുകളിലൂടെ' യെന്ന യാത്രവിവരണപ്പുസ്തകത്തിന്റെ കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

**4.** ലോഗോസ് ക്വിസ് മത്സരം 2021 ഡിസംബർ 19 നു നടത്തപ്പെടുന്നു.

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ** (ഡയറക്ടർ)

# ഇവാഞ്ചലൈസേഷൻ

**1. മദ്ധ്യസ്ഥപ്രാർത്ഥന**

ഈ മാസം 13,14,15,16,18,22 തീയതികളിൽ ഷാലോമിൽവച്ച് രാവിലെ 10 മണി മുതൽ 1 മണിവരെ മദ്ധ്യസ്ഥപ്രാർത്ഥന നടത്തി. രൂപതയുടെയും ഇവാഞ്ചലൈസേഷന്റെയും വിവിധപ്രവർത്തനങ്ങൾക്കുംവേണ്ടി മാദ്ധ്യസ്ഥ്യം വഹിച്ചു പ്രാർത്ഥിച്ചു. ബ്രദർ മാത്യു താന്നിക്കൽ, ജോർജ് ഓടയ്ക്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

**2. വെള്ളിയാഴ്ച പ്രാർത്ഥന കത്തീഡ്രലിൽ**

ഈ മാസം 3,10,17,24 തീയതികളിൽ പാലാ കത്തീഡ്രലിൽവച്ച് ഉപവാസമദ്ധ്യസ്ഥ പ്രാർത്ഥന നടത്തി. സഭയുടെയും രൂപതയുടെയും പ്രത്യേകിച്ച് ഈ കാലഘട്ടത്തിൽ അഭിവന്ദ്യ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ എല്ലാ നിയോഗങ്ങൾക്കും വേണ്ടിയും ലോകം മുഴുവനുവേണ്ടിയും മാദ്ധ്യസ്ഥ്യം വഹിച്ചു പ്രാർത്ഥിച്ചു. ജപമാല, ആരാധന, ദിവ്യബലി, വചനപ്രഘോഷണം തുടങ്ങിയവയ്ക്ക് ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, കരിസ്മാറ്റിക് അംഗങ്ങൾ, ഇവാഞ്ചലൈസേഷൻ അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1. സോണൽ സേവനസമിതി സമ്മേളനം**

സോണൽ സേവനസമിതി സമ്മേളനങ്ങൾ ഓഗസ്റ്റ് 30 ന് ഓൺലൈനായും സെപ്റ്റംബർ 28 ന് പാലാ ശാലോം പാസ്റ്ററൽ സെന്ററിലെ കരിസ്മാറ്റിക് ഓഫീസിൽ വെച്ചും ഡയറക്ടർ റവ.ഫാ. വിൻസെന്റ് മുങ്ങാമാക്കൽ അച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

കെസിബിസി കരിസ്മാറ്റിക് കമ്മീഷൻ ചുമതല വഹിക്കുന്ന അഭിവന്ദ്യ പിതാക്കന്മാരുടെ സന്ദർശനം, LSS മൂന്നാമത് ബാച്ച് ശുശ്രൂഷകളെകുറിച്ചും അച്ചൻ വിശദീകരിച്ചു. മിനിസ്ട്രികൾക്ക് ചുമതല വഹിക്കുന്ന സേവനസമിതി അംഗങ്ങൾ തങ്ങൾ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന ശുശ്രൂഷകളെകുറിച്ചും പ്രവാചക മധ്യസ്ഥപ്രാർഥന, അഖണ്ഡജപമാല, LSS സിസ്റ്റേഴ്സ് കൂട്ടായ്മ ഓൺലൈനിൽ നല്ല രീതിയിൽ നടത്തുന്ന മറ്റു പ്രാർത്ഥനാശുശ്രൂഷകളെകുറിച്ചും, ഇടവക പ്രാർത്ഥനാക്കൂട്ടായ്മകൾ, സബ്സോൺ സേവനസമിതി മീറ്റിങ്ങുകൾ പുനരാരംഭിച്ചനെക്കുറിച്ചും പങ്കുവെച്ചു. മറ്റ് ചർച്ചകൾക്കും തീരുമാനങ്ങൾക്കുംശേഷം സേവനസമിതി സമ്മേളനം സമാപനാശീർവാദ പ്രാർത്ഥനയോടെ സമാപിച്ചു.

**2. സ്കൂൾ ഓഫ് ലീഡർഷിപ്പ്**

കേരള കരിസ്മാറ്റിക് മുന്നേറ്റത്തിന് അടുത്ത നേതൃനിരയെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ 2020 ഏപ്രിൽ ആരംഭം കുറിച്ച ട്രെയിനിങ് ഓൺലൈനായി നടത്തപ്പെടുന്നു. നമ്മുടെ രൂപതയിൽനിന്ന് 15 പേർ പങ്കെടുത്തുകൊണ്ടിരിക്കുന്നു.

### 3. L.S.S (Life in Sprit Seminar)

കരിസ്മാറ്റിക് നവീകരണത്തിന് അടിസ്ഥാനം പരിശുദ്ധാത്മാവിലുള്ള നവമായ അഭിഷേകാനുഭവമാണെന്ന് മനസ്സിലാക്കിക്കൊണ്ട് ഈ അനുഭവത്തിൽ വളരാൻ സഹായകമായ വിവിധ മോഡ്യൂളുകൾ ഉൾക്കൊള്ളുന്നതാണ് L.S.S.

നമ്മുടെ രൂപത സോണിൽനിന്ന് 362 പേർ ഈ ട്രെയിനിങ് പ്രോഗ്രാം വിജയകരമായി പൂർത്തീകരിച്ചു. മൂന്നാമത് ബാച്ച് ശുശ്രൂഷകൾ ഡയറക്ടർ റവ. ഫാ. വിൻസെന്റ് മൂങ്ങാമാക്കലിന്റെ നേതൃത്വത്തിൽ പൂർത്തിയായി.

കേരളത്തിലെ 24 കരിസ്മാറ്റിക് സോണുകളിൽ മുമ്പന്തിയിൽ എത്തുവാൻ പരിശുദ്ധാത്മാവ് സഹായിക്കുന്നു. ഏഴ് ആഴ്ചത്തെ ധ്യാനം / ധ്യാന പരിശീലനം. ആഴ്ചയിൽ രണ്ടു ദിവസം രണ്ടു മണിക്കൂർ വീതവും. കൂടാതെ എല്ലാദിവസവും തങ്ങൾക്ക് സൗകര്യപ്രദമായ സമയത്ത് അരമണിക്കൂർ ഇത്രയും മതി ഓരോരുത്തർക്കും. സൗകര്യപ്രദമായ സ്ഥലത്തിരുന്ന് zoom ൽ ഓൺലൈ നായി നടത്തുന്ന ഈ ധ്യാനത്തിൽ പങ്കെടുക്കാൻ സാധിക്കുന്നു എന്നതാണ് ഇതിന്റെ സവിശേഷത.

ആത്മാവിലുള്ള ജീവിതത്തിൽ എല്ലാവരും ഒരു ഹൃദയവും ഒരു ആത്മാവുമായി ഒരുക്കുവാനുള്ള ഏഴാഴ്ച ശുശ്രൂഷകൾ. പ്രാർത്ഥിച്ചു ഉണരാൻ – വചനം പഠിച്ചു വളരാൻ – പ്രഘോഷിച്ചുയരാൻ – സ്വജീവിതംകൊണ്ട് യേശുവിനെ സാക്ഷ്യപ്പെടുത്താൻ ഓരോരുത്തരെയും സഹായിക്കുന്നു. വ്യത്യസ്തമായ വിഷയങ്ങളിലൂടെ ആഴമേറിയ ദൈവാനുഭവത്തിലേക്ക് നയിക്കാൻ ഈ പ്രോഗ്രാം എല്ലാവരെയും സഹായിച്ചുകൊണ്ടിരിക്കുന്നു. കുട്ടികൾ, യുവജനങ്ങൾ, ഇടവക പ്രാർത്ഥനാഗ്രൂപ്പ് അംഗങ്ങൾ എന്നിവരുടെ സമഗ്രമായ ആത്മീയവളർച്ച ഇതിലൂടെ സാധ്യമാകുന്നു. മൂന്നാമത് ബാച്ചും വിജയകരമായി പൂർത്തിയാക്കുവാൻ സാധിച്ചതിനു നന്ദിയായി സെപ്റ്റംബർ മൂന്നാം തീയതി റവ.ഫ. വിൻസെന്റ് മൂങ്ങാമാക്കൽ അച്ചന്റെ നേതൃത്വത്തിൽ 24 മണിക്കൂർ സമയം അഖണ്ഡജപമാലയും, കരുണക്കൊന്തയും കർതൃസന്നിധിയിൽ സമർപ്പിക്കപ്പെട്ടു. LSS ട്രെയിനിങ് പൂർത്തിയാക്കിയ സിസ്റ്റേഴ്സ് പ്രാർത്ഥനാസംഗമവും നടത്തപ്പെട്ടു.

### 4. കാരിസ് യൂത്ത് കോൺഫ്രൻസ്

'യുവജന പ്രേക്ഷിതത്വത്തിൽ മുതിർന്നവർ അവിടെ ഒപ്പം അനുയാത്ര ചെയ്യുന്നവരും അനുധാവനം ചെയ്യുന്നവരും ആകണം' എന്ന ഫ്രാൻസിസ് മാർപാപ്പയുടെ ആഹ്വാനം അനുസരിച്ച് കരിസ്മാറ്റിക് നവീകരണരംഗത്ത് ഇടവകതലത്തിൽ പ്രവർത്തിക്കുന്ന യുവജനങ്ങളുടെയും നവീകരണാഭിമുഖ്യമുള്ളവരുടെയും ഒത്തുചേരലാണ് കാരിസ് യൂത്ത് കോൺഫ്രൻസ്. ആയിരംപേർ ഇപ്പോൾ ഓൺലൈനായി ഈ ഗ്രൂപ്പിൽ പങ്കാളികളാണ്. ബൈബിൾ പകർത്തി എഴുതുക, വചനം പങ്കുവെക്കുക, വെള്ളിയാഴ്ചകളിൽ ഉപവസിക്കുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ യുവജനങ്ങൾ കൂട്ടായ്മയിൽ പങ്കാളികളാകുന്നു. KCSC യുടെ യുവജന ഞായറാഴ്ച പ്രാർത്ഥന ശുശ്രൂഷയിൽ 80 പേർ പങ്കെടുക്കുന്നു ഡയറക്ടർ റവ. ഫാ. വിൻസെന്റ് മുങ്ങാമാക്കലും, കാരിസ് യൂത്ത് കോഡിനേറ്റർ ലിൻസിമോൾ സജി കുരിശുംമൂട്ടിലും ഇതിന് നേതൃത്വം നൽകുന്നു.

**5. ക്രിസ്റ്റീൻ മിനിസ്റ്ററി കൂട്ടായ്മ**

കുട്ടികളുടെ ഇടയിൽ പ്രവർത്തിക്കുന്ന ക്രിസ്റ്റീൻ, സേവനസമിതി അംഗങ്ങളുടെ മീറ്റിംഗ് രണ്ടു പ്രാവശ്യം ഓൺലൈനായി നടത്തി.

എല്ലാ ശനിയാഴ്ചകളിലും രാവിലെ 11 മുതൽ 12 വരെ സർവീസ് ടീം കുട്ടികൾക്കായി മധ്യസ്ഥപ്രാർത്ഥന നടത്തുന്നു. രണ്ടാം ശനിയാഴ്ചയും നാലാം ശനിയാഴ്ചയും 3 മണി മുതൽ നാലുമണി വരെ കുട്ടികൾക്കായി ഓൺലൈൻ പ്രാർഥനാശുശ്രൂഷകൾ നടത്തുന്നു നൂറോളം കുട്ടികൾ പങ്കെടുക്കുന്നുണ്ട്. അമ്മമാർക്കും ഏറ്റവും പ്രയോജനം ചെയ്യുന്ന വിധത്തിൽ ശുശ്രൂഷകൾ പ്രവൃത്തിപഥത്തിൽ എത്തിക്കാൻ മറിയം മിഖായേൽ റെശ് സൈന്യം എന്ന വാട്സ്ആപ്പ് ഗ്രൂപ്പ് നടത്തിവരുന്നു. ഡയറക്ടർ റവ. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, അനിമേറ്റർ റവ.ഫാ. ജോർജ് കൊട്ടാരം, മിനിസ്റ്ററി കോർഡിനേറ്റർ ബിയ ജോജറ്റ നേതൃത്വം നൽകി.

**6. കെസിബിസി കരിസ്മാറ്റിക് കമ്മീഷൻ സൗത്ത് സെൻട്രൽ റീജിയൻ സന്ദർശനം.**

കെസിബിസി കരിസ്മാറ്റിക് കമ്മീഷൻ സൗത്ത് സെൻട്രൽ റീജിയൻ സന്ദർശനം സെപ്റ്റംബർ പതിനഞ്ചാം തീയതി രാത്രി എട്ടു മണിമുതൽ ഓൺലൈനായി നടത്തപ്പെട്ടു. അഭിവന്ദ്യ സാമുവൽ മാർ ഐറേനിയസ് പിതാവ് മുഖ്യ സന്ദേശം നൽകി. മാർ ജോസ് പുളിക്കൽ പിതാവ് അനുഗ്രഹപ്രഭാഷണം നടത്തി. പാലാ, കാഞ്ഞിരപ്പള്ളി, ചെങ്ങനാശ്ശേരി, കോട്ടയം എന്നീ സോണുകൾക്ക് നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട വൈദികർ, സിസ്റ്റേഴ്സ്, സോണൽ സേവനസമിതി അംഗങ്ങൾ, വിവിധ മിനിസ്ട്രി, കൗൺസിൽ ഭാരവാഹികൾ, പ്രാർത്ഥന കൂട്ടായ്മ അംഗങ്ങൾ, തുടങ്ങി നിരവധി പേർ സംബന്ധിച്ചു.

**7. പ്രാർത്ഥനാക്കൂട്ടായ്മകൾ**

കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഇടവകകളിൽ ഒരുമിച്ചുകൂടി പ്രാർത്ഥിക്കാൻ സാധിക്കാത്തതിനാലും കൊറോണ വൈറസ് വ്യാപനം രൂക്ഷമാകുന്ന സാഹചര്യവും ഉള്ളതിനാൽ കർത്തൃസന്നിധിയിൽ കരുണയ്ക്കായി കരങ്ങൾ ഉയർത്തിക്കൊണ്ട് എല്ലാ ഞായറാഴ്ചകളിലും ഉച്ചകഴിഞ്ഞു ഒരു മണി മുതൽ 4 വരെ ഓൺലൈനിൽ അനേകരുടെ പങ്കാളിത്തത്തോടെ വിവിധ പ്രാർത്ഥന ശുശ്രുഷകൾ നടത്തപ്പെടുന്നു.

സെപ്റ്റംബർ 5 ന് ബ്രദർ ആന്റോ ജോസഫ്, പാലക്കാട്, 12 ന് സി. ജോമേരി എം.എസ്.എം.ഐ., 19 ന് റവ.ഫാ. ലൂയീസ് വെള്ളാനിക്കൽ, 26 ന് ബ്രദർ നന്ദു ജോൺ എന്നിവരാണ് വചനം പങ്കുവെക്കുകയും ശുശ്രൂഷകൾ നയിക്കുകയും ചെയ്തത്. രൂപത സോണൽ സേവനസമിതി ഇതിനു നേതൃത്വം നൽകുന്നു.

**8. ശിഷ്യത്വപരിശീലന കോഴ്സ്**

കെ.സി.എസ്.സി.യുടെ നേതൃത്വത്തിൽ ആരംഭിച്ച ശിഷ്യത്വപരിശീലന കോഴ്സിൽ നമ്മുടെ രൂപതയിൽനിന്നും അംഗങ്ങൾ പങ്കെടുത്തുകൊണ്ടിരിക്കുന്നു.

**9. തുവാനിസ, മരിയൻ സിംഗിൾസ് മിനിസ്ട്രി ശുശ്രൂഷകൾ**

പാലാ സോൺ തുവാനിസ, മരിയൻ സിംഗിൾസ് മിനിസ്ട്രികളുടെ നേതൃത്വത്തിൽ നിരവധി എത്രയും ദയയുള്ള മാതാവേ എന്ന പ്രാർത്ഥന ചൊല്ലി വിവിധ നിയോഗങ്ങൾക്കായി കാഴ്ചവെക്കുകയുണ്ടായി. ലില്ലിക്കുട്ടി വരാച്ചേരിൽ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**10. കത്തീഡ്രലിൽ വെള്ളിയാഴ്ച ശുശ്രൂഷകൾ**

മദ്ധ്യസ്ഥപ്രാർത്ഥന മിനിസ്ട്രിയുടെ നേതൃത്വത്തിൽ എല്ലാ വെള്ളി യാഴ്ചകളിലും രാവിലെ 9.30 മുതൽ ഒരുമണിവരെ കൊവിഡ് 19 മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട്, വിശുദ്ധ കുർബാന, ജപമാല, സ്തുതി ആരാധന എന്നി ശുശ്രൂ ഷകൾ നടത്തപ്പെടുന്നു. ശ്രീ മാത്യുകുട്ടി താന്നിക്കൽ, ജോസി എബ്രഹാം എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നു

**11. പരിശുദ്ധ ദൈവമാതാവിന്റെ ജനനത്തിരുനാൾ ആഘോഷം.**

പരിശുദ്ധ കന്യാമറിയത്തിന്റെ ജനനത്തിരുനാൾദിനമായ എട്ടുനോമ്പ് നോടനുബന്ധിച്ച് കരിസ്മാറ്റിക് പാലാസോണും ളാലം സെന്റ് മേരിസ് ഇടവകയും ചേർന്ന് സംയുക്തമായി ഓഗസ്റ്റ് 31 മുതൽ സെപ്റ്റംബർ 8 വരെ ദിവ്യകാരുണ്യ ആരാധനയും അഖണ്ഡജപമാലയും രാവിലെ 10 മുതൽ ഒരുമണിവരെ പ്രസിദ്ധ മരിയൻ തീർഥാടന കേന്ദ്രമായ പാലാ ളാലം സെന്റ് മേരിസ് ദേവാലയത്തിൽ വച്ച് നടത്തപ്പെട്ടു. റവ.ഫാ. ജോൺസൻ പുള്ളിറ്റ്, റവ.ഫാ. വിൻസെന്റ് മൂങ്ങാ മാക്കൽ, എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**12. കരിസ്മാറ്റിക് മദ്ധ്യസ്ഥപ്രാർത്ഥന**

ലവ് ജിഹാദും, ലഹരി ജിഹാദുംമൂലം സമൂഹത്തിൽ നടമാടിക്കൊ ണ്ടിരിക്കുന്ന തിന്മയുടെ വേരുകളെ പിഴുതെറിയാനും, അതിനെതിരെ ജാഗ്രത പുലർത്തണമെന്ന് നമ്മെ ഉപദേശിച്ച നമ്മുടെ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന് ആത്മീയ ശക്തിപകരാനും യാഥാർഥ്യബോധം എല്ലാവർക്കും ലഭിക്കാ നായി കരിസ്മാറ്റിക് ഡയറക്ടർ റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ അച്ചന്റെ നേതൃത്വത്തിൽ പാലാ ശാലോം പാസ്റ്ററൽ സെൻട്രൽ വെച്ച് ഏഴുദിവസത്തെ മദ്ധ്യസ്ഥപ്രാർത്ഥന ശുശ്രൂഷകൾ കർതൃസന്നിധിയിൽ സമർപ്പിച്ചു. ശുശ്രൂഷകളിൽ അനേകം ലൈഫ് ഇൻ സ്പിരിറ്റ് സെമിനാർ (LSS) അംഗങ്ങൾ സംബന്ധിച്ചു.

മധ്യസ്ഥപ്രാർത്ഥന മിനിസ്റ്റർ കോഡിനേറ്റർ ശ്രീ മാത്തുക്കുട്ടി താന്നിക്കൽ. LSS കോഡിനേറ്റർ ജോസി എബ്രാഹം എന്നിവർ വിവിധ ശുശ്രൂഷകൾ നയിച്ചു.

**13. ഒക്ടോബർ ജപമാലമാസം ശുശ്രൂഷകൾ**

തുവാനിസ, മരിയൻ സിംഗിൾസ് മിനിറ്റുകളുടെ നേതൃത്വത്തിൽ 7 ലക്ഷം ജപമാലകൾ വിവിധ നിയോഗങ്ങൾക്കായി ചെല്ലുന്നതിന് തീരുമാനിച്ചു.ഒക്ടോബർ 31 ന് റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ കുർബാന അർപ്പിച്ചു ജപമാല പ്രാർത്ഥന സമർപ്പിക്കുന്നു.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# ജീസസ് ഫ്രട്ടേണിറ്റി

**1. മുട്ടം ജയിൽ സന്ദർശനം**

ജീസസ് ഫ്രട്ടേണിറ്റി സംസ്ഥാന ഡയറക്ടർ റവ. ഫാ. ഷാജി സ്റ്റീഫൻ സ്റ്റേറ്റ് സെക്രട്ടറി, സിസ്റ്റർ ജിതാ ജോസഫ്, പാലാ രൂപത ജീസസ് ഫ്രട്ടേണിറ്റി ഡയറക്ടർ ഫാദർ വിൻസൻറ് മൂങ്ങാമാക്കൽ എന്നിവർ ഇടുക്കി ജില്ലാ ജയിൽ മുട്ടം സന്ദർശിച്ച് ഈ കോവിഡ് കാലത്തും ജീസസ് ഫ്രട്ടേണിറ്റിയുടെ സാന്നിധ്യം അറിയിക്കുകയും ക്ഷേമ അന്വേഷണങ്ങൾ നടത്തുകയും ചെയ്തു . ജില്ലാ ജയിൽ സൂപ്രണ്ട് ബഹു. ഷമീർ, വെൽഫെയർ ഓഫീസർ, സിജോ തോമസ് എന്നിവർ ജീസസ് ഫ്രട്ടേണിറ്റി അംഗങ്ങൾക്ക് ഹൃദ്യമായ സ്വാഗതം നൽകി.

**2. പാലാ സബ് ജയിലിൽ അവശ്യവസ്തുക്കളുടെ വിതരണം**

ജീസസ് ഫ്രട്ടേണിറ്റി അംഗങ്ങളും PSWS ഡയറക്ടർ റവ. ഫാദർ തോമസ് കിഴക്കേൽ, ഫാ. ജോസഫ് താഴത്തുവരിക്കയിൽ, ബ്രദർ ജിബിൻ കന്നുതൊട്ടിയിൽ എന്നിവരും പാലാ സബ്ജയിൽ സന്ദർശിച്ച് ജയിലിലെ അന്തേവാസികൾക്ക് ആവശ്യമായ വസ്ത്രങ്ങളും സോപ്പുകളും നൽകി.

**3. പാലാ സബ് ജയിൽ സന്ദർശനം**

ജീസസ് ഫ്രട്ടേണിറ്റി സംസ്ഥാന ഡയറക്ടർ ഫാദർ ഷാജി സ്റ്റീഫൻ ,സ്റ്റേറ്റ് സെക്രട്ടറി സിസ്റ്റർ ജിതാ ജോസഫ്, പാലാ രൂപത ജീസസ് ഫ്രട്ടേണിറ്റി ഡയറക്ടർ ഫാദർ വിൻസെൻറ് മൂങ്ങാമാക്കൽ എന്നിവർ പാലാ സബ് ജയിൽ സന്ദർശിച്ച് ജയിലിലെ അന്തേവാസികൾക്ക് ആവശ്യമായ മാസ്കും സാനിറ്റൈസറും നൽകുകയും ക്ഷേമാന്വേഷണങ്ങൾ നടത്തുകയും ചെയ്തു.

**ഫാ. വിൻസെന്റ് മുങ്ങാമാക്കൽ** (ഡയറക്ടർ)
**ഫാ. ജെയിംസ് പൊരുന്നോലിൽ** (അസി.ഡയറക്ടർ)

# ഫ്രാൻസിസ്കൻ അല്മായ സഭ

**1. ഫ്രാൻസിസ്കൻ അത്മായ സഭ പാലാ രൂപത – അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന് ഐകദാർഢ്യം**

ഫ്രാൻസിസ്കൻ അൽമായ സഭ പാലാ രൂപത സമിതി എക്സിക്യൂട്ടീവ് കമ്മിറ്റി ഭരണങ്ങാനം അസ്സീസി ആശ്രമ ദൈവാലയാങ്കണത്തിൽ വച്ച് 12–09–2021 ഞായറാഴ്ച രാവിലെ 10 മണിക്ക് കൂടുകയുണ്ടായി. രൂപത പ്രസിഡന്റ് ബ്രദർ സോജൻ മാത്യുവിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ എക്സിക്യൂട്ടീവ് അംഗങ്ങൾക്കു പുറമേ സ്പിരിചൽ അസിസ്റ്റന്റുമാരായ റവ.ഫാ. ആന്റണി വെച്ചൂർ OFM Cap., റവ. ഫാ. അരുൺ ഇലവുങ്കൽ OFM Cap., എന്നിവരും സന്നിഹിതരായിരുന്നു.

ഫ്രാൻസിസ്കൻ പ്രാർത്ഥനയോടെ ആരംഭിച്ച മീറ്റിംഗിൽ രൂപത വൈസ് പ്രസിഡന്റ് ബ്രദർ തോമസ് മാത്യു മടിക്കാങ്കൽ സ്വാഗതവും ഫാ. ആന്റണി

വെച്ചൂർ ആമുഖസന്ദേശവും നൽകി. ക്രൈസ്തവസമുദായവും കുടുംബങ്ങളും നേരിടുന്ന ലൗജിഹാദ്, നാർക്കോട്ടിക് ജിഹാദ് പോലുള്ള നാശോന്മുഖ പ്രവർത്തനങ്ങൾക്കെതിരേ സഭാംഗങ്ങൾ ജാഗ്രത പുലർത്തണമെന്ന് ആഹ്വാനം നടത്തിയ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന് പൂർണപിന്തുണയും ഐകദാർഢ്യവും രൂപതസമിതി പ്രഖ്യാപിച്ചു. സഭാമക്കൾ ഇന്ന് നേരിടുന്ന സാമൂഹിക ആശങ്കയാണ് തന്റെ പ്രവാചകശബ്ദത്തിലൂടെ വിശ്വാസികളുമായി അഭിവന്ദ്യ പിതാവ് പങ്കുവച്ചത് എന്ന് ഫാ. അരുൺ ഇലവുങ്കൽ പ്രസ്താവിച്ചു.

**യൂണിറ്റ് സമ്മേളനങ്ങൾ**

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ഡൗണും സാമൂഹിക നിയന്ത്രണങ്ങളുംമൂലം മുടങ്ങിയ യൂണിറ്റ് തല സമ്മേളനങ്ങൾ കോവിഡ് നിയന്ത്രണങ്ങൾ സർക്കാർ വരുത്തിയ ഇളവുകളുടെ അടിസ്ഥാനത്തിൽ ബഹു. വികാരിയച്ചന്മാരുമായി ആലോചിച്ച് വീണ്ടും ആരംഭിക്കുന്നതിനും അതിനുവേണ്ട നിർദ്ദേശങ്ങൾ യൂണിറ്റ് പ്രസിഡന്റുമാർക്ക് നൽകുന്നതിനും കമ്മിറ്റിയിൽ തീരുമാനമെടുത്തു.

**വി. ഫ്രാൻസിസ് അസ്സീസിയുടെ തിരുനാൾ**

സ്വർഗീയ മദ്ധ്യസ്ഥനും ലോകമെങ്ങും ദ്വിതീയ ക്രിസ്തു എന്നും അറിയപ്പെടുന്ന വി. ഫ്രാൻസീസ് അസ്സീസിയുടെ തിരുനാൾ ഒക്ടോബർ 4-ാം തീയതി സഭയിൽ ആഘോഷിക്കുകയാണല്ലോ. വിശുദ്ധന്റെ തിരുനാൾ ഫ്രാൻസിസ്കൻ അല്മായസഭയുടെ നേതൃത്വത്തിൽ ഇടവകകളിൽ ബഹു. വികാരിയച്ചന്മാരുമായി ബന്ധപ്പെട്ട് ആഘോഷിക്കുന്നതിന് കമ്മിറ്റിയിൽ തീരുമാനിച്ചു. റ്റിസി രാജുവിന്റെ കൃതജ്ഞതാപ്രകാശനത്തിനുശേഷം നിര്യാതരായ അല്മായസഭാംഗങ്ങളെ ഓർത്ത് പ്രാർത്ഥന നടത്തി.

“സമാധാനവും സൗഭാഗ്യവും”

**റവ.ഫാ. ആന്റണി വെച്ചൂർ OFM Cap.** (ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**1. മീറ്റിങ്ങ് നടത്തി**

18, 19, 20 തിയതികളിൽ കുറവിലങ്ങാടു വച്ച് ദീപികയുടെ ഫൊറോനാ തല മീറ്റിങ്ങ് നടത്തി

**2. എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി**

17-ാം തിയതി ശാലേം പാസ്റ്ററൽ സെന്ററിൽ വച്ച് ദീപികയുടെ എക്സിക്യുട്ടീവ് മീറ്റിങ്ങ് നടത്തി.

**5. പാലാ വിഷൻ**

പാലാ വിഷനിലേക്ക് വാർത്തകൾ കൊടുക്കുന്നതിനായി മെസ്സേജുകൾ ഫോണിൽ ടൈപ്പ് ചെയ്ത് ഫോട്ടോ ഉൾപ്പെടെ ഈ നമ്പറിലേക്ക് വാട്ടസ്ആപ് വഴി അയയ്ക്കുക -9605661249 , 9400661492.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)




# ആദരാഞ്ജലികൾ



## റവ. ഫാ. ജോസഫ് കാവുംപുറം

പൂവരണി ഇടവകയിൽ കാവുംപുറത്ത് പരേതനായ കെ.ജെ. തോമസിന്റെയും മേരി തോമസിന്റെയും (പൂവരണി മതിലകത്തുകുടുംബാംഗം) മകനായി 1951 ഡിസംബർ 4-ാം തീയതി ജനിച്ചു. അച്ചന് മൂന്നു സഹോദരന്മാരും നാലു സഹോദരിമാരുമുണ്ട്. പൂവരണി ഗവ. യു.പി. സ്കൂൾ, പാലാ സെന്റ് തോമസ് എച്ച്.എസ്. എന്നിവിടങ്ങളിലായി വിദ്യാഭ്യാസം പൂർത്തീകരിച്ച് 1969 ൽ പാലായിൽ മൈനർ സെമിനാരിയിൽ ചേർന്നു വൈദികപഠനം ആരംഭിച്ചു. നീലൂർ ഇടവകയിലേക്ക് താമസം മാറിയതിനെത്തുടർന്ന് 1978 ഡിസംബർ 21 ന് നീലൂർ സെന്റ് സേവ്യേഴ്സ് പള്ളിയിൽവച്ച് പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിൽനിന്നു വൈദികപട്ടം സ്വീകരിച്ചു. വടകര സെന്റ് ജോൺസ് പള്ളിയിൽ സഹവികാരിയായി അജപാലനശുശ്രൂഷ ആരംഭിച്ചു. തുടർന്ന് അടുക്കം, വേഴങ്ങാനം പള്ളികളിൽ വികാരിയായി സേവനം അനുഷ്ഠിച്ചു. ഇടവകദൈവാലയങ്ങളിലെ അജപാലന പ്രവർത്തനങ്ങൾക്കിടയിലും സ്വന്തമായി ഉപരിപഠനം നടത്തി കേരളായൂണിവേഴ്സിറ്റിയിൽനിന്നു രാഷ്ട്രമീമാംസയിൽ (Politics) ബിരുദാനന്തരബിരുദവും സെന്റ് തോമസ് ട്രെയിനിംഗ് കോളജിൽനിന്നു ബി.എഡ്. ബിരുദവും കരസ്ഥമാക്കി. രൂപതയിലെ സ്കൂളുകളിൽ അധ്യാപകനായിരിക്കെ അച്ചന്റെ പ്രത്യേക താത്പര്യപ്രകാരം 1991 മുതൽ ദക്ഷിണാഫ്രിക്കയിലെ സെന്റ് പോൾസ് മിഷനിൽ അഞ്ചു വർഷക്കാലം മിഷനറി പ്രവർത്തനം നിർവഹിച്ചു. തുടർന്ന് പാലാ രൂപതയിലെ സെന്റ് പീറ്റേഴ്സ് എച്ച്.എസ്., കൂട്ടിക്കൽ സെന്റ് ജോർജ് എച്ച്.എസ്., പ്രവിത്താനം സെന്റ് മൈക്കിൾസ് എച്ച്.എസ്. എന്നിവിടങ്ങളിൽ അധ്യാപകനായി സേവനം ചെയ്തു. 2006 ൽ തീക്കോയി സെന്റ് മേരീസ് എച്ച്.എസ്.എസിൽനിന്നു പ്രിൻസിപ്പലായി വിരമിച്ചു. തുടർന്ന് മേലുകാവുമറ്റം പ്രസന്റേഷൻ പബ്ലിക് സ്കൂൾ പ്രിൻസിപ്പലായി മൂന്നു വർഷക്കാലം സേവനം ചെയ്തു. അധ്യാപകജീവിതത്തിനുശേഷം പാലാ രൂപതയിലെ കിഴപറയാർ, നരിയങ്ങാനം, ഏന്തയാർ പള്ളികളിൽ വികാരി

യായി സേവനമനുഷ്ഠിച്ചു. അസുഖത്തെത്തുടർന്ന് 2014 മുതൽ പാലാ മാർ അപ്രേം പ്രീസ്റ്റ് ഹോമിൽ വിശ്രമജീവിതത്തിലായിരുന്നു. ചേർപ്പുങ്കൽ മാർ സ്ലീവാ ഹോസ്പിറ്റലിൽ ചികിത്സയിലായിരിക്കേ 13.09.2021 ൽ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. അന്നേദിവസം വൈകുന്നേരം അഞ്ചു മണിക്ക് മൃതശരീരം സ്വന്തം ഭവനത്തിലെത്തിക്കുകയും 2021 സെപ്റ്റംബർ 14-ാം തീയതി രാവിലെ 8 മണിക്ക് പാലാ രൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ മുഖ്യകാർമികത്വത്തിൽ ഭവനത്തിലെ ശുശ്രൂഷ നടത്തുകയും തുടർന്ന് നീലൂർ പള്ളിയിൽ പാലാ രൂപത മെത്രാൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെയും മാർ ജേക്കബ് മുരിക്കൻ പിതാവിന്റെയും കാർമികത്വത്തിൽ ദിവ്യബലിയർപ്പിക്കുകയും ശുശ്രൂഷകൾക്കുശേഷം മൃതദേഹം സംസ്കരിക്കുകയും ചെയ്തു.



## റവ. ഫാ. ജോൺ കാര്യപുറത്ത്

രാമപുരം ഇടവക കാര്യപുറത്ത് ജോർജ് - കുഞ്ഞേലിയമ്മ ദമ്പതികളുടെ മകനായി 1941 ഫെബ്രുവരി 20-ാം തീയതി ജനിച്ചു. അച്ചന് മൂന്ന് സഹോദരന്മാരും മൂന്ന് സഹോദരിമാരുമുണ്ട്. തിരുവനന്തപുരം, ആലപ്പുഴ, ചങ്ങനാശ്ശേരി എന്നിവിടങ്ങളിലായി സ്കൂൾ വിദ്യാഭ്യാസം പൂർത്തീകരിച്ചു. ദൈവവിളി തിരിച്ചറിഞ്ഞ് 1957 ൽ പാലാ രൂപത മൈനർ സെമിനാരിയിൽ ചേരുകയും 1959 മുതൽ 62 വരെ കാർമൽഗിരി സെമിനാരിയിൽ തത്വശാസ്ത്രപഠനവും 1962 മുതൽ 66 വരെ മംഗലപ്പുഴ സെമിനാരിയിൽ നിന്ന് ദൈവശാസ്ത്രപഠനവും പൂർത്തിയാക്കി. ഭാഗ്യസ്മരണാർഹനായ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിൽനിന്ന് 1966 മാർച്ച് 12-ാം തീയതി പൗരോഹിത്യപട്ടം സ്വീകരിച്ചു. തുടർന്ന് നീലൂർ, കുറവിലങ്ങാട് എന്നിവിടങ്ങളിൽ സഹവികാരിയായി സേവനമനുഷ്ഠിച്ചു. പാലാ സെന്റ് തോമസ് കോളജ്, യൂണിവേഴ്സിറ്റി കോളജ്, തിരുവനന്തപുരം മാർ ഇവാനിയോസ് കോളജ് എന്നിവിടങ്ങളിലായി ഉപരിപഠനം പൂർത്തയാക്കുകയും കേരള യൂണിവേഴ്സിറ്റിയിൽനിന്നു ജർമൻ ഭാഷയിൽ ബിരുദം നേടുകയും ചെയ്തു. 1973 ൽ ചക്കാമ്പുഴ പള്ളിയുടെ വികാരിയായി ശുശ്രൂഷ ചെയ്തു. പാലാ സെന്റ് തോമസ് കോളജിൽ 1974 മുതൽ 1977 വരെ ജർമൻഭാഷ അധ്യാപകനായും 1979 മുതൽ 1996 വരെ സുറിയാനിഭാഷ അധ്യാപകനായും ശുശ്രൂഷ ചെയ്തു. ഇതിനിടയിൽ ക്രിസ്തുരാജ് ഹോസ്റ്റലിലെ വാർഡനായും പൂമറ്റം എസ്റ്റേറ്റ് മാനേജരായും സെന്റ് തോമസ് കോളജിലെ ബർസാറായും രൂപതാ കോടതിയിലെ ഡിഫൻഡർ ഓഫ് ബോണ്ടായും പ്രമോട്ടർ ഓഫ് ജസ്റ്റിസായും അച്ചൻ ശുശ്രൂഷ ചെയ്തു. 1996 ൽ അന്ത്യാളം വികാരിയായി സേവനം അനുഷ്ഠിച്ചു. 1998 ഫെബ്രുവരി മുതൽ 1999 ഫെബ്രുവരി വരെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് മാനേജരായി അച്ചൻ ശുശ്രൂഷ ചെയ്തു. 1999-2021 കാലഘട്ടത്തിൽ ജർമ്മനിയിലെ വിവിധ ദൈവാലയങ്ങളിൽ അച്ചൻ ശുശ്രൂഷ ചെയ്തു. നാട്ടിൽ തിരിച്ചെത്തി എറണാകുളത്ത് സഹോദരന്റെ

ഭവനത്തിൽ വിശ്രമജീവിതത്തിലായിരിക്കെ, 2021 സെപ്റ്റംബർ മാസം 22–ാം തീയതി അച്ചൻ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 2021 സെപ്റ്റംബർ മാസം 25–ാം തീയതി ഉച്ചകഴിഞ്ഞ് രണ്ടുമണിക്ക് പാലാ രൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് ഭവനത്തിൽ ശുശ്രൂഷ നടത്തുകയും തുടർന്ന് രാമപുരം ഫൊറോന ദൈവാലയത്തിൽ വച്ച് പാലാ രൂപതാ മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെയും മാർ ജേക്കബ് മുരിക്കൻ പിതാവിന്റെയും കാർമികത്വത്തിൽ ദിവ്യബലി അർപ്പിക്കുകയും മൃതദേഹം സെമിത്തേരി ചാപ്പലിൽ സംസ്കരിക്കുകയും ചെയ്തു.

# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

## SEPTEMBER 2021

| | | |
|---|---|---|
| 04 | 04.00 pm | ചേർപ്പുങ്കൽ ഫൊറോനയിൽ ഹോം പാലായുടെ നേതൃത്വത്തിൽ പണിതീർത്ത ഭവനം സന്ദർശിച്ച് പ്രാർത്ഥിച്ചു. |
| 05 | 02.00 pm | ഇളംതോട്ടം ഇടവകയിൽ ബഹു. ജോസഫ് പുരയിടത്തിലച്ചന്റെ മാതാവ് ശ്രീമതി മോളി ജോർജിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യ കാർമികത്വം വഹിച്ചു. |
| 06 | 03.30 pm | മൂലമറ്റം ഫൊറോനയിൽ ബഹു. ജോസ് ജോസഫ് കുന്നേലിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 08 | 05.00 pm | കുറവിലങ്ങാട് മർത്ത്മറിയം ആർച്ചുഡീക്കൻ തീർത്ഥാടന ദൈവാലയത്തിൽ പരിശുദ്ധ ദൈവമാതാവിന്റെ ജനനത്തിരുനാളിനോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. |
| 09 | 04.00 pm | വലവൂർ ഇടവകയിൽ ഹോം പാലായുടെ നേതൃത്വത്തിൽ പണിതീർത്ത ഭവനം വെഞ്ചെരിച്ചു. |
| 10 | 03.00 pm | രാമപുരം ഫൊറോനയിൽ ബഹു. ജോൺ കച്ചിറമറ്റത്തിനെ ഭവനത്തിൽ സന്ദർശിച്ചു. |
| 11 | 09.30 am | പാലാ കത്തീഡ്രലിൽ ഡീക്കൻ ജോസഫ് മണർക്കാട്ടിന് പൗരോഹിത്യപട്ടം നൽകി. |
| | 11.30 am | മുത്തോലി ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| 14 | 09.00 am | നീലൂർ ഇടവകയിൽ ബഹു. ജോസഫ് കാവുംപുറത്തച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |

| | | |
|---|---|---|
| | 11.30 am | ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയുടെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് പണിതീർത്ത പുതിയ ബ്ലോക്കിന്റെ വെഞ്ചെരിപ്പുകർമ്മം നിർവഹിക്കുകയും തുടർന്നുള്ള സമ്മേളനത്തിൽ സംബന്ധിച്ചു സന്ദേശം നൽകുകയും ചെയ്തു. |
| 16 | 10.45 am | കിഴതടിയൂർ ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| 17 | 11.00 am | അരമനയിൽ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 02.30 pm | രാമപുരം ഫൊറോനയിൽ ഹോം പാലായുടെ നേതൃത്വത്തിൽ പണിതീർത്ത ഭവനം വെഞ്ചെരിച്ചു. |
| 20 | 10.30 am | വിളക്കുമാടം ഇടവകയിൽ അഭിവന്ദ്യ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പിതാവിന്റെ സഹോദരി ശ്രീമതി അക്കമ്മ കുര്യൻ പിണമറുകിലിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ കാർമികത്വം വഹിച്ചു. |
| 21 | 10.30 am | പാലാ സി.എം.സി പ്രൊവിൻഷ്യൽ ഹൗസിൽ വച്ചുനടന്ന സിനാക്സിസ് സമ്മേളനത്തിൽ സംബന്ധിച്ചു സന്ദേശം നൽകി. |
| | 08.00 pm | കടനാട് ഇടവകയിൽ നവീകരിച്ച സെന്റ് മാത്യൂസ് എൽ. പി. സ്കൂളിന്റെ വെഞ്ചെരിപ്പുകർമ്മം നിർവഹിച്ചു. |
| | 05.00 pm | പെരുംതുരുത്ത് ഇടവകയിൽ പുതുതായി നിർമിച്ച കൊടിമരത്തിന്റെ ആശീർവാദകർമ്മം നിർവഹിച്ചു. |
| 25 | 09.00 am | ചീങ്കല്ലേൽ റോസ്ഭവൻ ആരാധന മഠാംഗമായ ബഹു. സി. ആഞ്ചലസ് പെരുമ്പ്രയിലിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു. |
| | 11.00 am | ചങ്ങനാശേരി അതിരൂപത മണിമല ഇടവകയിൽ ബഹു. എ. സി. സിറിയക് ഏറത്തേടത്തിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു. |

| | | |
|---|---|---|
| | 02.45 pm | രാമപുരം ഫൊറോനയിൽ ബഹു. ജോൺ കാര്യപുറത്തച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 26 | 05.15 pm | പാലാ സെന്റ് തോമസ് കോളജിൽ ആരംഭിച്ച ക്രിക്കറ്റ് അക്കാദമി സന്ദർശിച്ച് സന്ദേശം നൽകി. |
| 29 | 10.00 am | പാലാരിവട്ടം പി.ഒ.സി.യിൽ വച്ചുനടന്ന കെ.സി.ബി.സി. സമ്മേളനത്തിൽ സംബന്ധിച്ചു. |
| 30 | 03.30 pm | ളാലം പഴയപള്ളിയിൽ ഹോം പാലായുടെ നേതൃത്വത്തിൽ പണിതീർത്ത ഭവനം വെഞ്ചെരിച്ചു. |




## SEPTEMBER 2021

| | | |
|---|---|---|
| 01 | 03.00 pm | പാലാ ഹെഡ് പോസ്റ്റ് ഓഫീസിൽ നടന്ന മീറ്റിംഗിൽ സംബന്ധിച്ചു. |
| | 05.00 pm | പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനത്തിരുനാളി നോടനുബന്ധിച്ച് കുറവിലങ്ങാട് മർത്ത്മറിയം ആർച്ച് ഡീക്കൻ തീർത്ഥാടന ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. |
| 04 | 09.00 am | മരങ്ങാട്ടുപിള്ളി ഇടവകയിൽ രണ്ടു കുട്ടികളുടെ ആഘോഷമായ ദിവ്യകാരുണ്യസ്വീകരണത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 11.15 am | മണ്ണാറപ്പാറ പള്ളിയിൽ പ്രാരംഭകൂദാശകൾ പരി കർമം ചെയ്തു. |
| | 02.00 pm | ചങ്ങനാശ്ശേരി അതിരൂപത കോട്ടയം ലൂർദ് ഫൊറോനയിൽ ശ്രീ പി.വി. ജോസഫ് പാലക്കലോ ടിയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 05 | 06.15 am | മുട്ടുചിറ എഫ്.സി.സി. സെന്റ് അൽഫോൻസാ ഭവ നത്തിൽ വിശുദ്ധ കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. |
| | 02.45 pm | ഇളംതോട്ടം ഇടവകയിൽ ബഹു. ജോസഫ് പുരയി ടത്തിലച്ചന്റെ മാതാവ് ശ്രീമതി മോളി ജോർജിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |

| | | |
|---|---|---|
| 7 | 01.15 pm | സർക്കാരിന്റെ നൂതന മദ്യനയത്തിനെതിരേ തിരുവല്ല സി.എസ്.ഐ. റിട്രീറ്റ് സെന്ററിൽ വച്ച് കേരള സംയുക്ത ക്രൈസ്തവ മദ്യവർജ്ജനസമിതിയുടെ നേതൃത്വത്തിൽ നടത്തിയ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 03.00 pm | മാങ്ങാനം ട്രാഡയിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 8 | 12.00 noon | പാലാ വയലിൽ സ്പൈസ് കമ്പനിയുടെ വെബ് സൈറ്റ് ലോഞ്ചിംഗ് പരിപാടിയിൽ സംബന്ധിച്ചു. |
| 9 | 11.00 am | അരുണാപുരം പള്ളിയിൽ വിവാഹം ആശീർവദിച്ചു. |
| 10 | 10.00 am | രാമപുരം ഫൊറോന ദൈവാലയത്തിൽ പാറേമ്മാക്കൽ ഗോവർണദോറിന്റെ 285-ാം ജന്മദിന അനുസ്മരണച്ചടങ്ങിൽ സംബന്ധിച്ചു. |
| | 04.30 pm | അൽഫോൻസാഗിരി ഇടവകയിൽ തിരുനിലത്തിൽ ശ്രീ കുര്യന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 11 | 12.00 noon | ഏഴാച്ചേരി പള്ളിയിൽ വിവാഹവാഗ്ദാനം ആശീർവദിച്ചു. |
| | 03.30 pm | സ്ലീവാപുരം ഇടവകയിൽ ഭവനം വെഞ്ചരിച്ചു. |
| 12 | 06.15 am | കരൂർ ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരിയിൽ റാസക്കുർബാനയർപ്പിച്ച് സന്ദേശം നൽകി. |
| | 11.00 am | മണ്ണയ്ക്കനാട് പള്ളിയിൽ വിവാഹം ആശീർവദിച്ചു. |
| | 02.00 pm | വയലാ ഇടവകയിൽ പൈമ്പള്ളിൽ ശ്രീമതി മേരിക്കുട്ടി തോമസിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 14 | 08.00 am | നീലൂർ ഇടവകയിൽ ബഹു. ജോസഫ് കാവുംപുറം അച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 05.00 pm | ചേർപ്പുങ്കൽ ഫൊറോന ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. |

| | | |
|---|---|---|
| 15 | 09.15 am | ഇലഞ്ഞി ഫൊറോന ദൈവാലയത്തിൽ ഡീക്കൻ ജോർജ് വടയാറ്റുകുഴിക്ക് പൗരോഹിത്യപട്ടം നൽകി. |
| 16 | 11.00 am | അരുണാപുരം പള്ളിയിൽ വിവാഹം ആശീർവദിച്ചു. |
| | 02.30 pm | മണ്ണാറപ്പാറ പള്ളിയിൽ വിവാഹം ആശീർവദിച്ചു. |
| 17 | 06.00 am | അരമന ചാപ്പലിൽ ബഹു. നവവൈദികരോടൊപ്പം വി. കുർബാനയർപ്പിച്ചു. |
| | 11.00 am | ജിയോവാലി പള്ളി ഓഡിറ്റോറിയത്തിൽ വച്ചു നടന്ന ദയ ചാരിറ്റബിൾ ട്രസ്റ്റിന്റെ മീറ്റിംഗിൽ സംബന്ധിച്ചു. |
| 18 | 12.15 pm | തുരുത്തിപ്പള്ളി ഇടവകയിൽ വിവാഹവാഗ്ദാനം ആശീർവദിച്ചു. |
| 20 | 09.00 am | കടനാട് ഫൊറോനയിൽ വല്യാത്ത് പാറടിയിൽ ശ്രീമതി ജോൺസി ജോണിന്റെ ഭൗതികദേഹത്തി നരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 09.15 am | കടനാട് ഫൊറോനയിൽ വല്യാത്ത് പുളിക്കൽ ശ്രീമതി ത്രേസ്യാമ്മ മത്തായിയുടെ ഭൗതികദേഹത്തി നരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 10.00 am | വിളക്കുമാടം ഇടവകയിൽ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പിതാവിന്റെ സഹോദരി ശ്രീമതി അക്കമ്മ കുര്യൻ പിണമറുകിലിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ കാർമികത്വം വഹിച്ചു. |
| | 11.15 am | ചക്കാമ്പുഴ പള്ളിയിൽ വിവാഹം ആശീർവദിച്ചു. |
| | 03.00 pm | മോനിപ്പള്ളി ഇടവകയിൽ തറപ്പിൽ ശ്രീമതി ത്രേസ്യാമ്മ ഉലഹന്നാന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 06.00 pm | കോട്ടയം അരമനയിൽ അഭിവന്ദ്യ മാർ മാത്യു മൂലക്കാട്ട് പിതാവിനെ സന്ദർശിച്ച് നാമഹേതുകത്തിരുനാൾ മംഗളങ്ങൾ നേർന്നു. |

| | | |
|---|---|---|
| 21 | 02.00 pm | പീരുമേട് വസതിയിൽ അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിനെ സന്ദർശിച്ച് നാമഹേതുകത്തിരുനാൾ മംഗളങ്ങൾ നേർന്നു. |
| 22 | 06.30 pm | വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി സംഘടിപ്പിച്ച വെബിനാറിൽ പങ്കെടുത്തു. |
| 25 | 01.30 pm | ചക്കാമ്പുഴ ഇടവകയിൽ കോലത്ത് ശ്രീ ജോർജ് ജോസഫിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 02.00 pm | രാമപുരം ഫൊറോനയിൽ ബഹു. ജോൺ കാര്യപുറത്തച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 26 | 07.00 am | വലവൂർ പള്ളിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും പുതുതായി നിർമിക്കുന്ന വൈദികമന്ദിരത്തിന്റെ ശിലാസ്ഥാപനകർമ്മം നിർവഹിക്കുകയും ചെയ്തു. |
| | 04.30 pm | കിഴതടിയൂർ പള്ളി ഓഡിറ്റോറിയത്തിൽ വിൻസെന്റ് ഡീ പോൾ സംഘടനയുടെ മീറ്റിംഗിൽ സംബന്ധിച്ചു. |
| 28 | 10.30 am | ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയിൽ മാർ സ്ലീവാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് & സയൻസ് അക്കാഡമിക് ഇയർ 2021 ന്റെ ഉദ്ഘാടനം നിർവഹിച്ചു. |
| | 11.15 am | വയലാ ഇടവകയിൽ പാറ്റാനിയിൽ മാമ്മിക്കുട്ടി ഔസേപ്പിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 12.00 noon | ഭരണങ്ങാനം മേരിഗിരി ഹോസ്പിറ്റലിൽ മെഡിക്കൽ മിഷൻ സഭാംഗമായ ബഹു. സി. സെലിൻ കല്ലറയ്ക്കലിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 29 | 10 am | പാലാരിവട്ടം പി.ഒ.സി.യിൽ വച്ചുനടന്ന കെ.സി.ബി.സി സമ്മേളനത്തിൽ സംബന്ധിച്ചു. |

# നവവൈദികർക്ക് പ്രാർത്ഥനാശംസകൾ



2021 ആഗസ്റ്റ് 26–ാം തീയതി
മേരീലാന്റ് സെന്റ് മേരീസ് ദൈവാലയത്തിൽവച്ച്
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട്
പിതാവിൽനിന്ന് പുരോഹിതപട്ടം
സ്വീകരിച്ച നവവൈദികൻ
ജോസഫ് കദളിയിലിന്
അഭിനന്ദനങ്ങളും ആശംസകളും



2021 സെപ്റ്റംബർ 11–ാം തീയതി
പാലാ സെന്റ് തോമസ് കത്തീഡ്രലിൽ വച്ച്
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട്
പിതാവിൽനിന്ന് പുരോഹിതപട്ടം
സ്വീകരിച്ച നവവൈദികൻ
ജോസഫ് മണർകാട്ടിന്
അഭിനന്ദനങ്ങളും ആശംസകളും



2021 സെപ്റ്റംബർ 15–ാം തീയതി
ഇലഞ്ഞി സെന്റ് പീറ്റർ & പോൾ
ഫൊറോന ദൈവാലയത്തിൽ വച്ച്
അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ
പിതാവിൽനിന്ന് പുരോഹിതപട്ടം
സ്വീകരിച്ച നവവൈദികൻ
ജോർജ് വടയാറ്റുകുഴിക്ക്
അഭിനന്ദനങ്ങളും ആശംസകളും

SANTHWANAPRAKASHAM
PALAI DIOCESAN BULLETIN



മാർസ്ലീവാ മെഡിസിറ്റിയുടെ രണ്ടാം ടവറിന്റെ ആശീർവാദകർമ്മം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവ്വഹിക്കുന്നു.



മാർസ്ലീവാ മെഡിസിറ്റിയുടെ അക്കഡെമിക് ഇയർ–2021
അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് ഉദ്ഘാടനം ചെയ്യുന്നു.

Printed at St. Thomas Press, Palai and Published by Fr. Kuriakose Vattamukalel